# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്


ജനുവരി 2026 | വാല്യം 52 ലക്കം 10 | പേജ് 12 | വില ₹10.00

UNITY Monthly | January 2026 | Volume 52 Issue 10 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00




### കോർപ്പറേറ്റുകാല ചൂഷണത്തിന് വീഥിയൊരുക്കാൻ

# തൊഴിലുറപ്പ് പദ്ധതിയെ തകർക്കുന്ന മോദിഭരണം



**2025 ഡിസംബർ 18ന് നരേന്ദ്ര മോദി സർക്കാർ പാർലമെന്റിൽ ഒരു നിയമം പാസ്സാക്കിയെടുത്തു. അതിശയിപ്പിക്കുന്ന വേഗതയിൽ, അവതരിപ്പിച്ച് കേവലം മൂന്നു ദിവസത്തിനുള്ളിൽത്തന്നെ അത് പാസാക്കിയെടുത്തു എന്നത് ചില ചോദ്യങ്ങൾ ഉയർത്തുന്നു. ഒട്ടും വൈകാതെ തന്നെ രാഷ്ട്രപതി ഒപ്പിട്ടുകൊടുത്ത് അത് നിയമമായി നടപ്പിൽ വരികയും ചെയ്തിരിക്കുന്നു. രണ്ട് പതിറ്റാണ്ടായി രാജ്യത്തെ ഗ്രാമീണ തൊഴിൽശക്തിയെ നിലനിർത്തുന്നതിലും, തൊഴിൽ ഒരു അവകാശമായി സ്ഥാപിച്ചെടുക്കുന്നതിലും സഹായിച്ച മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തെ (എംജിഎൻആർഇജിഎ) ഇല്ലാതാക്കിക്കൊണ്ട്, പകരം വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ) ആക്ട് അഥവാ വിബി-ജിറാംജി എന്ന വിചിത്രമായ പേരോടുകൂടിയ നിയമമാണ് അങ്ങനെ നിലവിൽ വന്നിരിക്കുന്നത്.**

**മ**ഹാത്മാ ഗാന്ധിയുടെ പേരു മാറ്റി, ഹിന്ദിയും ഇംഗ്ലീഷും കൂട്ടിക്കുഴച്ച് നിർമ്മിച്ചെടുത്ത പുതിയ പേരിലെ വൈചിത്ര്യം ചൂണ്ടിക്കാട്ടിക്കൊണ്ടായിരുന്നു മുഖ്യപ്രതിപക്ഷമായ കോൺഗ്രസിന്റെ പ്രതിഷേധം. എന്നാൽ കേവലം പേരുമാറ്റത്തിനപ്പുറം ആഴത്തിലുള്ള കാര്യങ്ങൾ കൂടി ഈ പുതിയ നിയമനിർമ്മാണത്തിൽ ഉൾപ്പെട്ടിരിക്കുന്നത് വിവിധ കോണുകളിൽ നിന്നും ചൂണ്ടിക്കാട്ടപ്പെടുന്നു. പക്ഷേ, ഇതും അതുപോലെ തന്നെ ആണവമേഖലയെ സ്വകാര്യമേഖലയിലേക്ക് നയിക്കുന്ന 'ശാന്തി' ബില്ലും സെലക്ട് കമ്മിറ്റിക്കുപോലും വിടാതെ, പാർലമെന്റ് അംഗങ്ങൾക്കോ പൊതുസമൂഹത്തിനോ പഠിച്ച് അഭിപ്രായം പറയാൻ അവസരം നൽകാതെ ശരവേഗത്തിൽ സർക്കാർ പാസ്സാക്കിയെടുക്കുകയായിരുന്നു. പാർലമെന്റിനെ വെറും പ്രഹസനമാക്കിത്തീർക്കുന്ന നരേന്ദ്രമോദി സർക്കാരിന്റെ നാൾക്കുനാൾ രൂക്ഷമാകുന്ന ജനാധിപത്യ വിരുദ്ധതയുടെ പ്രത്യക്ഷ തെളിവുകളായി മാറുകയാണ് ഇത്തരം നിയമനിർമ്മാണങ്ങൾ.

നിരവധി പാളിച്ചകളുണ്ടെങ്കിലും ഇന്ത്യയിലെ ഗ്രാമീണ ജീവിതങ്ങളെ ഏറെ സഹായിച്ച ഒന്നായിരുന്നു ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷികമേഖലയിലെ പ്രതിസന്ധികളിലും പിന്നീട് കോവിഡ് കാലത്തെ പ്രതിസന്ധിയിലും പിടിച്ചുനിൽക്കാൻ രാജ്യത്തെ ഗ്രാമീണ തൊഴിലാളികൾക്ക് ഒരു പിടിവള്ളിയായത് ഈ പദ്ധതിയായിരുന്നു. യഥാർത്ഥത്തിൽ കൊടുക്കേണ്ട മിനിമം കൂലിയിൽനിന്നും താഴ്ത്തി നിശ്ചയിച്ചിട്ടുപോലും തൊഴിലുറപ്പിലൂടെ കിട്ടുന്ന കൂലി നൽകിയ പരിമിതമായ സ്വയംപര്യാപ്തത, ഗ്രാമങ്ങളിലെ വൻകിട കർഷകരുടെയും വട്ടിപ്പലിശക്കാരുടെയും കാലങ്ങളായുള്ള ചൂഷണത്തെ അല്പമെങ്കിലും പ്രതിരോധിക്കാൻ അവരെ സഹായിച്ചിട്ടുണ്ട്. കൃഷിയെമാത്രം ആശ്രയിച്ചിരുന്ന ഗ്രാമീണ തൊഴിൽശക്തിയെയും വീടുകൾക്കുള്ളിൽ തളച്ചിടപ്പെട്ട സ്ത്രീകളെയും തൊഴിൽസേനയുടെ ഭാഗമാക്കുന്നതിൽ ഈ പദ്ധതി കുറച്ചെങ്കിലും സഹായിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. തൊഴിൽ നിയമപരമായ അവകാശമാക്കുന്നതായിരുന്നു തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാനമെന്നത്, അതിനെ മുതലാളിവർഗ്ഗത്തിന്റെ കണ്ണിലെ കരടാക്കിയിരുന്നു എന്നതും വസ്തുതയാണ്. പക്ഷേ, ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആഗോളമുതലാളിത്തം നേരിട്ട, ഇനിയും അവസാനിക്കാത്ത കമ്പോള പ്രതിസന്ധിയുടെ ആരംഭത്തിൽ, മുതലാളിവർഗത്തിന് അവരുടെ നിലനിൽപ്പിന്റെ താത്പര്യാർത്ഥം നടപ്പാക്കേ

(ശേഷം 2–ാം പേജിൽ)

### നടി ആക്രമിക്കപ്പെട്ട കേസ്

# കോടതിവിധി ഉയർത്തുന്നത് നിയമനിർവ്വഹണ പ്രക്രിയയുടെ ഗുരുതര പ്രശ്നങ്ങൾ

**നടി ആക്രമിക്കപ്പെട്ട കേസിൽ 8-ാം പ്രതിയായിരുന്ന നടൻ ദിലീപിനെ, ഗൂഢാലോചന സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷനു കഴിഞ്ഞില്ല എന്ന കാരണത്താൽ വിടുതൽ ചെയ്തത് ഒരു വ്യക്തിയുടെ നിയമവിജയമോ മറ്റൊരു വ്യക്തിയുടെ പരാജയമോ മാത്രമായി വിലയിരുത്താനാകില്ല. ജീവിതത്തിലനുഭവിച്ച വിവരിക്കാനാകാത്ത യാതനകൾക്കു പിന്നാലെ, കോടതികളിൽ നേരിടേണ്ടിവരുന്ന അനുതാപമില്ലാത്ത വിചാരണാപീഡനത്തിനുശേഷവും തനിക്കു നീതികിട്ടിയില്ല എന്ന് അതിജീവിതക്കു പറയേണ്ടിവരുന്നത് എന്തുകൊണ്ടായിരിക്കാം?**



**വി**ചാരണ നടക്കുന്ന അവസരത്തിൽത്തന്നെ ഈ കോടതിയിൽനിന്നു തനിക്കു നീതിലഭിക്കില്ല കോടതി മാറ്റണം എന്ന അതിജീവിതയുടെ അപേക്ഷ മേൽക്കോടതികളെല്ലാം തള്ളിയതും കോടതിയുടെ കസ്റ്റഡിയിലിരുന്ന മെമ്മറി കാർഡിന്റെ ഹാഷ് വാല്യു മാറിയതായി തെളിയിക്കപ്പെട്ടിട്ടും അതിന്മേൽ നടപടിയില്ലാതെ പോയതും ഈയൊരു കേസിന്റെ മാത്രം അപഭ്രംശം കൊണ്ടല്ല. മറിച്ച് നമ്മുടെ നീതിനിർവ്വഹണ പ്രക്രിയയിൽ അന്തർഭവിച്ചിട്ടുള്ള ഗൗരവതരമായ ചില അടിസ്ഥാനപ്രശ്നങ്ങൾ കാരണമാണ്.

തെളിവുകളുടെ അഭാവത്തിൽ പ്രതികൾ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നത് ഇന്ത്യയിൽ ആദ്യമൊന്നുമല്ല. ക്യാമറകൾക്കു മുന്നിൽ നിന്ന് ബാബറി മസ്ജിദ് പൊളിച്ചുകളഞ്ഞവരെയും വിദ്യാർത്ഥികൾക്കു മുന്നിൽവെച്ച് അധ്യാപകനെ കൊലപ്പെടുത്തിയവരെയും വെറുതെവിട്ടതു നാം കണ്ടിട്ടുണ്ട്. തെളിവുകളുടെ ശാസ്ത്രീയമായ ശേഖരണത്തിലൂടെ സംശയതീതമായി കുറ്റം തെളിയിക്കുമ്പോഴേ ഒരാളെ കുറ്റവാളിയായി വിധിക്കാൻ പറ്റൂ എന്നതു ശരിയാണ്. പക്ഷേ സ്ത്രീകൾ ഇരയായി വരുമ്പോൾ തെളിവുകൾ എത്തുകൊണ്ടില്ലാതെയാകുന്നു? അല്ലെങ്കിൽ, തെളിവുകളെ കൂട്ടിയിണക്കുന്നതു തടയുന്ന വിധത്തിൽ സാക്ഷികൾ കൂറുമാറുന്നതെങ്ങനെയാണ്? 28 പ്രോസിക്യൂഷൻ സാക്ഷികൾ ഈ കേസിൽ കൂറുമാറിയത് വെറും സാധാരണമോ?

യഥാർത്ഥത്തിൽ ഈ വിധി, നീതിനിർവ്വഹണത്തിന്റെ പ്രക്രിയയിൽ നിഹിതമായിരിക്കുന്ന ചില വർഗ്ഗാഭിമുഖ്യങ്ങളെ പുറത്തുകൊണ്ടുവരുന്നുണ്ട്. ഒരാൾ കുറ്റക്കാരനോ നിരപരാധിയോ ആയി തെളിയിക്കപ്പെടുന്നുണ്ടോ എന്നതല്ല മറിച്ച്, ഇന്ത്യൻ ക്രിമിനൽ നീതിവ്യവസ്ഥ ഏതു വർഗ്ഗത്തിന്റെ, ഏത് അധികാരകേന്ദ്രത്തിന്റെ, ഏതു സാമൂഹ്യബന്ധങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നു എന്ന അടിസ്ഥാന ചോദ്യമാണ് ഇവിടെ ഉയരുന്നത്.

'നിയമം എല്ലാവരെയും തുല്യരായി കാണുന്നു' എന്നത് ആധുനിക ലിബറൽ സ്റ്റേറ്റിന്റെ ഏറ്റവും ശക്തമായ അവകാശവാദങ്ങളിലൊന്നാണ്. 'നിയമവാഴ്ച' (Rule of Law) എന്ന ആശയം, നിയമം വ്യക്തികളുടെ വ്യക്തിഗതവും ഇഷ്ടാനുസൃതവുമായ അധികാരപ്രയോഗത്തെ തടയുന്നു. പകരം, സാമൂഹ്യമായ പെരുമാറ്റത്തിന് സ്റ്റേറ്റ് എല്ലാവർക്കുമായി ഒരു പൊതുമാ

(ശേഷം 3–ാം പേജിൽ)


പേജ് 6 സാമ്പത്തിക ശാസ്ത്രത്തിലെ നൊബേൽ സമ്മാനം

പേജ് 8 എസ്ഐആർ: രക്തരഹിത രാഷ്ട്രീയ വംശഹത്യ





ആൾ ഇന്ത്യാ ഡമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ (എഐഡിഎസ്ഒ) 72–ാമത് സ്ഥാപന വാർഷികത്തോടനുബന്ധിച്ച് പത്തനംതിട്ടയിൽ നടന്ന വിദ്യാർത്ഥി പ്രകടനം

# തുച്ഛകൂലിക്ക് പണിയെടുപ്പിക്കാനുള്ള മുതലാളിത്ത തന്ത്രത്തിന് വിഘ്നമായി മാറിയതിനാൽ തൊഴിലുറപ്പ് പദ്ധതി കുഴിച്ചുമൂടുന്നു

(1–ാം പേജിൽ നിന്ന്)

ണ്ടിവന്ന ഒത്തുതീർപ്പ് പദ്ധതികളിൽ ഒന്നായി വേണം ദേശീയ തൊഴിലുറപ്പ് പദ്ധതിയെ മനസ്സിലാക്കാൻ. ഇന്ന്, കൂടുതൽ കത്തക സ്വഭാവമാർജ്ജിക്കുകയും മരണമടുത്തിരിക്കുകയും ചെയ്തിരിക്കുന്ന ഇന്ത്യയിലെ മുതലാളിവർഗ്ഗം, തൊഴിൽശക്തിയെ സമ്പൂർണ്ണമായും അടിച്ചമർത്തി ചൂഷണം ചെയ്ത് സ്വന്തം ആയുസ്സ് നീട്ടാനാണ് ശ്രമിക്കുന്നത്. അതിന്റെ പ്രതിഫലനമാണ്, അങ്ങേയറ്റം തൊഴിലാളിവിരുദ്ധമായ പുതിയ തൊഴിൽ കോഡുകളും തൊഴിലുറപ്പ് പദ്ധതിയുടെ ഈ പൊളിച്ചെഴുത്തും. അല്ലാതെ കേവലം ഒരു പേരുമാറ്റമോ പരിഷ്കരണമോ ആയി മാത്രം ഇതിനെ കാണാൻ പാടില്ല.

## മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

ഈ നൂറ്റാണ്ടിന്റെ തുടക്കകാലത്ത് ഇന്ത്യയുടെ ഗ്രാമീണ കാർഷിക മേഖല നേരിട്ടിരുന്ന ഗുരുതര പ്രതിസന്ധികളുടെയും കർഷക ആത്മഹത്യകളുടെയും പശ്ചാത്തലത്തിലാണ്, യുപിഎ സർക്കാരിന്റെ ആരംഭകാലത്ത്, 2005ൽ ദേശീയ തൊഴിലുറപ്പ് നിയമം പാർലമെന്റ് പാസ്സാക്കിയത്. 2009ൽ ഇതിനെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമമെന്ന് പുനർനാമകരണം ചെയ്തു. തൊഴിൽ ലഭിക്കുകയെന്നത് നിയമപരമായ അവകാശമായി സ്ഥാപിക്കുന്ന ഒരു നിയമമായി ഇത് മാറി. അതുപ്രകാരം, ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു വർഷം 100 തൊഴിൽ ദിനങ്ങൾ നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമായി. 2025-26ൽ 241 രൂപ (നാഗാലാന്റിലും അരുണാചൽ പ്രദേശിലും) തൊട്ട് 400 രൂപ വരെയാണ് വിവിധ സംസ്ഥാനങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള കൂലി. തൊഴിൽ നൽകേണ്ടത് ആവശ്യപ്പെടുന്നതനുസരിച്ചാകണം. അതായത്, ഒരു പ്രദേശത്ത്, തൊഴിലെടുക്കാൻ തയ്യാറുള്ള 100 പേർ തൊഴിൽ ആവശ്യപ്പെടുകയാണെങ്കിൽ 100 പേർക്കും തൊഴിൽ നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. അതിനനുസരിച്ചാണ് ഫണ്ട് നൽകേണ്ടതും. ജാതി, മത, ലിംഗഭേദങ്ങൾ പരിഗണിക്കാതെ സാർവത്രികമായാണ് തൊഴിൽ നൽകുന്നത്. ചെലവിന്റെ 90 ശതമാനവും കേന്ദ്രസർക്കാരായിരുന്നു നൽകിയിരുന്നത്.

ഏറ്റവും ഒടുവിലത്തെ ലഭ്യമായ കണക്കുകൾ പ്രകാരം, 12.61 കോടി ആളുകൾ തൊഴിലുറപ്പ് പദ്ധതിയിൽ സജീവമായി ഉൾപ്പെട്ടിരുന്നു. ഇതിൽ പകുതിയിലേറെയും, അതായത്, ഏകദേശം 58% പേർ വനിതകളായിരുന്നു. സർവ്വേകൾ പ്രകാരം, തൊഴിലുറപ്പ് പദ്ധതി വരുന്നതിനുമുമ്പ്, ഒരു തൊഴിലിലും ഏർപ്പെടാതിരിക്കുകയോ, അല്ലെങ്കിൽ കുടുംബത്തിന്റെ കൃഷിയിടത്തിൽ മാത്രം പണിയെടുക്കുകയോ ചെയ്തവരായിരുന്നു തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ സ്ത്രീകളിൽ 45% പേരും. മൊത്തം തൊഴിലാളികളിൽ 35% പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ളവരും. പദ്ധതി വന്നതിനുശേഷം ദളിത്-ആദിവാസി കുടുംബങ്ങളിൽ കാർഷികവൃത്തിയില്ലാത്ത കാലങ്ങളിലെ ഉപഭോഗത്തിൽ 30% വരെ വർദ്ധനവുണ്ടായതായി ചില പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. കോവിഡ്-19 മഹാമാരിയുടെ സമയത്ത് എങ്ങനെയാണ് തൊഴിലുറപ്പ് പദ്ധതി ഇന്ത്യയുടെ ദരിദ്രഗ്രാമങ്ങൾക്ക് തുണയായതെന്നും രേഖപ്പെടുത്തിയിട്ടുള്ളതാണ്. പല കുടുംബങ്ങളേയും തൊഴിലിനായുള്ള കുടിയേറ്റത്തിന്റെ ആവശ്യകതയിൽ നിന്നും സംരക്ഷിച്ചതും ഈ പദ്ധതിയായിരുന്നു.

**തകരുന്ന തൊഴിലുറപ്പ്**

തൊഴിലാളികളുടെ വരുമാനം ഉയരുന്നതിനും, ദാരിദ്ര്യം കുറക്കുന്നതിനും സ്കൂൾ എൻറോൾമെന്റ് വർധിപ്പിക്കുന്നതിനും പദ്ധതി സഹായിച്ചു എന്നാണ് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. നടപ്പാക്കലിലെ പാളിച്ചകളും, അഴിമതിക്കുള്ള സാധ്യതകളും നിലനിന്നിരുന്നു എങ്കിലും, സോഷ്യൽ ഓഡിറ്റിനുള്ള അവസരവും, ഓരോ നടപടിയും രേഖപ്പെടുത്താനും പരിശോധിക്കാനുമുള്ള സംവിധാനവും പദ്ധതി ഉണ്ടാക്കിയെടുത്തിരുന്നു. തൊഴിലെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും സംഘടിത തൊഴിൽമേഖലകൾക്കും സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കും പുറത്ത് നിൽക്കുന്ന നമ്മുടെ രാജ്യത്ത്, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ, തൊഴിലിനെ ഏറ്റവും ഫലപ്രദവും അന്തസ്സാർന്നതുമായ ഒരു സാമൂഹ്യസുരക്ഷയായി അംഗീകരിക്കുകയായിരുന്നു.

എന്നാൽ മോദി സർക്കാർ 2014ൽ അധികാരമേറ്റപ്പോൾ മുതൽ ഈ പദ്ധതിയോട് പ്രതിലോമകരമായ സമീപനമാണ് കൈക്കൊണ്ടത്. തുടർച്ചയായി ഫണ്ട് വെട്ടിക്കുറച്ചതിലൂടെ കൂലി നൽകുന്നതും തുടർച്ചയായി വൈകിത്തുടങ്ങി. ബജറ്റ് നിയന്ത്രണങ്ങൾ വന്നപ്പോൾ ജോലികളും നിയന്ത്രിതമാക്കാൻ ഉദ്യോഗസ്ഥർ നിർബന്ധിതരായി. പുതുതായി കൊണ്ടുവന്ന, ഹാജർ ആപ്പുകളും സങ്കീർണമായ പേയ്മെന്റ് സംവിധാനവും പോലെയുള്ള അതാര്യമായ സാങ്കേതികമാർഗങ്ങൾ തൊഴിലാളികളും ഉദ്യോഗസ്ഥരും തമ്മിലുള്ള അകലം വർദ്ധിപ്പിക്കുകയും തൊഴിൽ അവകാശങ്ങളും സമയത്തുള്ള കൂലിയും നിഷേധിക്കുന്നതിലേക്കും നയിച്ചു. സോഷ്യൽ ഓഡിറ്റ് സംവിധാനങ്ങളെ ദുർബലപ്പെടുത്തി. നവംബറിൽ പുറത്തുവന്ന ഒരു റിപ്പോർട്ട് പ്രകാരം, തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പട്ടികയിൽ നിന്നും തൊട്ടുമുന്നേയുള്ള ഒരു മാസത്തെ കാലയളവിനുള്ളിൽ 27 ലക്ഷം പേരെയാണ് നീക്കം ചെയ്തിരുന്നത്. അതേ കാലയളവിൽ 10.5 ലക്ഷം തൊഴിലാളികളെ മാത്രമാണ് പുതുതായി കൂട്ടിച്ചേർത്തത്. പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ഇ-കെവൈസി (ഉപഭോക്താവിനെ തിരിച്ചറിയുന്ന ഡിജിറ്റൽ വിവരങ്ങൾ) നടത്തുന്നതിനായി ചെലുത്തിയ സമ്മർദ്ദവും ഇതിനോട് കൂട്ടിവായിക്കണം. അനർഹരെ ഒഴിവാക്കാനെന്ന പേരിൽ യഥാർത്ഥത്തിൽ അർഹരായ ഒട്ടനവധി പേരെ ഇത്തരം നടപടികളിലൂടെ പട്ടികയിൽ നിന്നും പുറത്താക്കി എന്നത് വസ്തുതയാണ്. ഇന്ത്യയുടെ ഗ്രാമീണ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാതെ, ഇ-കെവൈസി പോലെയുള്ള നടപടികൾ അടിച്ചേൽപ്പിക്കുന്നത് ദരിദ്രരായ തൊഴിലാളികളെ സഹായിക്കാനല്ല എന്നത് വ്യക്തമാണ്. തൊഴിലുറപ്പ് പദ്ധതിയോട് മോദി സർക്കാർ തുടക്കംതൊട്ടേ വെച്ചുപുലർത്തിയ താൽപ്പര്യമില്ലായ്മയ്ക്ക് ഒരു ദൃഷ്ടാന്തം മാത്രമാണിത്. പദ്ധതിക്കായുള്ള ബജറ്റ് വിഹിതം നിരന്തരം വെട്ടിക്കുറച്ചിരുന്നത് മറ്റൊരു ഉദാഹരണം.

വർഗപരമായി, ആഗോളതലത്തിൽ നേരിട്ടുകൊണ്ടിരുന്ന കമ്പോള പ്രതിസന്ധിയുടെ കാലത്ത്, അടിസ്ഥാനജനവിഭാഗങ്ങൾക്ക് ഏറ്റവും ചുരുങ്ങിയ ക്രയശേഷി നിലനിർത്താനും, പ്രതിസന്ധിഘട്ടത്തിൽ അസംഘടിത തൊഴിലാളി ശക്തി, വർഗപരമായി ഐക്യപ്പെട്ട് ഭീഷണിയായി മാറുന്നതിനെതിരെയുള്ള പ്രതിരോധമെന്ന നിലയിലും അന്ന് മുതലാളിവർഗം അനുവദിച്ച ഒത്തുതീർപ്പായി തൊഴിലുറപ്പ് നിയമത്തെ കാണാം. സംഘടിത വ്യവസായമേഖലയ്ക്കോ നിർമ്മാണമേഖലയ്ക്കോ നേരിട്ട് വെല്ലുവിളി ഉയർത്തുന്നുമില്ല. ഒപ്പം, പല സംസ്ഥാനങ്ങളിലും നിലവിൽ അവിടെ പൊതുവിലുള്ള കുറഞ്ഞ കൂലിയേക്കാൾ കുറഞ്ഞതായിരുന്നു തൊഴിലുറപ്പിലൂടെ നിശ്ചയിക്കപ്പെട്ട കൂലി. എന്നാൽ ഇതിലൂടെ തൊഴിൽ രഹിതരായ ഗ്രാമീണ തൊഴിൽശക്തിയുടെ വിലപേശൽ ശക്തി വർദ്ധിച്ചു എന്നത്, തീർച്ചയായും വൻഭൂവുടമകൾക്കും, സമ്പന്ന കർഷകർക്കും, കോർപ്പറേറ്റ് കാർഷിക സ്ഥാപനങ്ങൾക്കും ഭീഷണിയായിരുന്നു. കോർപ്പറേറ്റുകാലത്തെ അതിനിന്ദ്യമായ ചൂഷണത്തിന് പ്രതികൂലമായ ഘടകങ്ങൾ സൃഷ്ടിക്കുന്ന ഒന്നായി ദേശീയ തൊഴിലുറപ്പ് പദ്ധതി മാറിയിരുന്നു. അതും ഈ പദ്ധതി പൊളിച്ചെഴുതാൻ പ്രധാനപ്പെട്ട ഒരു കാരണമായി മാറി.

## എന്തുകൊണ്ട് വിബി-ജി റാംജി

2005ൽനിന്നും 2025ൽ എത്തുമ്പോൾ ഇന്ത്യയിലെ മുതലാളിത്തം കൂടുതൽ കുത്തകസ്വഭാവവും സാമ്രാജ്യത്വസ്വഭാവവും ആർജ്ജിച്ചിരുന്നു. തൊഴിൽ രഹിത സേന ക്ഷയിക്കുന്നതും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതും ഇന്നത്തെ മുതലാളിത്തത്തിന് ഒരു ബാധ്യതയാണ്. തൊഴിലുറപ്പ് നിയമം മുന്നോട്ടു വെക്കുന്ന തൊഴിൽ എന്ന അവകാശവും, തൊഴിലാളിക്ക് അതിലൂടെ ലഭ്യമായ വർധിച്ച വിലപേശൽ ശക്തിയും ഇന്നത്തെ മുതലാളിത്ത താത്പര്യത്തിന് തികച്ചും വിരുദ്ധമായി മാറിയിരിക്കുന്നു. കൂടുതൽ കേന്ദ്രീകൃത നിയന്ത്രണവും, സാമ്പത്തിക വ്യക്തതയും കാംക്ഷിക്കുന്ന ഇന്നത്തെ മുതലാളിത്ത ഭരണകൂടത്തിന്റെ താത്പര്യങ്ങളുമായി, പ്രാദേശികതലങ്ങളിൽ ആവശ്യാധിഷ്ഠിതമായി തൊഴിലവസരങ്ങൾ നിശ്ചയിക്കപ്പെടുന്ന തൊഴിലുറപ്പ് പദ്ധതി ഒത്തുപോകുന്നില്ല. ഈ സാഹചര്യത്തിലാണ് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സ്ഥാനത്ത്, വിബി-ജി റാംജി പദ്ധതി കൊണ്ടുവരുന്നത്. ആവശ്യകതയ്ക്കനുസരിച്ച്, അവകാശമായി തൊഴിൽ നൽകുക എന്ന ഉത്തരവാദിത്തമായിരുന്ന തൊഴിലുറപ്പ് നിയമമെങ്കിൽ, ഒരു നിശ്ചിത നീക്കിയിരിപ്പിനുള്ളിൽ വീതംവെച്ചു നൽകേണ്ട ഒരു ക്ഷേമപദ്ധതിയായി അതിനെ പരിവർത്തനപ്പെടുത്തുകയാണ് ഈ പുതിയ നിയമം.

നിയമത്തിന്റെ 5(1) വകുപ്പ് പ്രകാരം, എവിടെ, എങ്ങനെ, എന്ത് തൊഴിലുകൾ ചെയ്യണമെന്നത് നിശ്ചയിക്കാനുള്ള അധികാരം ഇനി കേന്ദ്രസർക്കാരിനായിരിക്കും. അതായത്, പഞ്ചായത്തുകളിൽ നിന്നും ഈ അവകാശം എടുത്തുമാറ്റി, തീരുമാനങ്ങൾ കേന്ദ്രീകരിക്കുന്നു. പുതിയ നിയമത്തിന്റെ വകുപ്പ് 4(5) പ്രകാരം, ഓരോ സംസ്ഥാനത്തിനും നൽകേണ്ട വിഹിതവും 'നിർദ്ദിഷ്ട മാനദണ്ഡങ്ങളനുസരിച്ച്' കേന്ദ്രം തീരുമാനിക്കും. അതായത്, മറ്റ് പല പദ്ധതികളിലും നാം കാണുന്നതുപോലെ കേന്ദ്രസർക്കാരിന്റെ സങ്കുചിത താത്പര്യത്തിനനുസരിച്ച് നൽകുന്ന ഔദാര്യമായി ഈ പദ്ധതിക്കുള്ള വിഹിതവും മാറും. മാത്രവുമല്ല, തൊഴിലുറപ്പ് പദ്ധതിയിൽ നേരത്തേ ചെലവിന്റെ 90% കേന്ദ്രം വഹിച്ച സ്ഥാനത്ത്, പുതിയ നിയമത്തിന്റെ വകുപ്പ് 22 പറയുന്നതനുസരിച്ച്, ചില സംസ്ഥാനങ്ങൾക്കൊഴികെ, കേന്ദ്രം 60 ശതമാനവും സംസ്ഥാനം 40 ശതമാനവും ചെലവ് വഹിക്കണമെന്നാണ്. കൂടാതെ മുൻനിശ്ചയിച്ചതിനുമീതെ ചെലവുണ്ടായാൽ അതും സംസ്ഥാനത്തിന്റെ തന്നെ ഉത്തരവാദിത്തമായിരിക്കും. നിലവിൽ തന്നെ സാമ്പത്തിക പ്രതിസന്ധിയിലാണ്ടു മുങ്ങുന്ന വിവിധ സംസ്ഥാനങ്ങൾക്ക് ഈ അധികഭാരം ഏൽപ്പിക്കുന്ന ആഘാതം പറയേണ്ടതില്ലല്ലോ! ഫലത്തിൽ പദ്ധതി ക്രമേണ ദുർബ്ബലമാവുകയും അസ്തമിക്കുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും.

വർഷം 125 തൊഴിൽദിനങ്ങൾ പുതിയ നിയമത്തിൽ വാഗ്ദാനം ചെയ്യുന്നുണ്ട്. പക്ഷേ, നിലവിലുള്ള നിയമം അനുസരിച്ചുള്ള 100 തൊഴിൽ ദിനങ്ങൾ തന്നെ പൂർണ്ണമായി നൽകാൻ സാധിക്കുന്നില്ല എന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യം മുന്നിൽ നിൽക്കുമ്പോഴാണ് ഈ പരിഹാസ്യമായ വാഗ്ദാനം. മറ്റൊരു പ്രധാനകാര്യം, പുതിയ നിയമത്തിന്റെ വകുപ്പ് 6(2) പ്രകാരം, കാർഷിക സീസണിലെ 60 ദിവസങ്ങളിൽ തൊഴിൽ നൽകാൻ പാടില്ല എന്നതാണ്. അതായത്, ഭൂരഹിത കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഗ്രാമീണസ്ത്രീകൾക്കും വർഷത്തിന്റെ ഏതു സമയത്തും തൊഴിൽ ലഭിക്കാനുണ്ടായിരുന്ന അവസരത്തെ ഇല്ലാതാക്കുന്നു. അവരുടെ വിലപേശൽ ശേഷിയെ തകർക്കാൻ മാത്രമല്ല, തൊഴിലുറപ്പ് നിയമം ഒരു പരിധിവരെ ഇല്ലാതാക്കാൻ സഹായിച്ച, ഭൂവുടമസ്ഥപരവും ജാതിപരവും ലിംഗപരവുമായ അസമത്വങ്ങളെ ഈ പുതിയ വകുപ്പ് പുനരുജ്ജീവിപ്പിക്കുകയാണ്. ധനികകർഷകരുടെയും വൻഭൂവുടമകളുടേയും കാർഷികമേഖലയിൽ കാലെടുത്തുവെച്ചിരിക്കുന്ന അദാനി അടക്കമുള്ള കോർപ്പറേറ്റുകളുടേയും താത്പര്യമാണിതെന്ന് ആർക്കാണ് മനസ്സിലാകാത്തത്? എന്നും അവരുടെ ഔദാര്യങ്ങൾ കാത്ത് കാൽക്കീഴിൽ കിടക്കേണ്ടവർ മാത്രമായി ഗ്രാമീണതൊഴിൽശക്തിയെ വീണ്ടും മാറ്റിത്തീർക്കാനല്ലേ ഈ ശ്രമം?

സമ്പന്ന കർഷക-കാർഷിക കോർപ്പറേറ്റ് താത്പര്യങ്ങൾ മാത്രമല്ല ഈ പുതിയ നിയമത്തിൽ പ്രതിഫലിക്കുന്നത്. ആഗോളതലത്തിൽ മാനുഫാക്ച്ചറിങ് ഹബ്ബായി ഇന്ത്യയെ മാറ്റാനുള്ള തീവ്രശ്രമത്തിലാണ് സർക്കാർ. ചൈനയോട് മത്സരിച്ച് അങ്ങനെ വ്യാവസായിക ഉത്പാദനം വർദ്ധിപ്പിക്കണമെങ്കിൽ, മുതലാളിത്ത കുത്തകകൾക്ക് കൂടുതൽ കൊള്ളലാഭമുണ്ടാക്കാനുള്ള അവസരം സൃഷ്ടിക്കണം. അതിനുള്ള മാർഗം തൊഴിലാളികളെ കൂടുതലായി ചൂഷണം ചെയ്യാനുള്ള അവസരമുണ്ടാക്കുക എന്നതാണ്. തൊഴിലാളികളുടെ സംഘടിതശേഷിയെ തളർത്തി, വിലപേശൽശക്തി വെട്ടിക്കുറയ്ക്കുക എന്നത് ഇതിന്റെ ഭാഗമാണ്. തൊഴിലുറപ്പു പദ്ധതിയുടെ കൂലിയേക്കാൾ താഴ്ന്ന ഒരു തുക നിശ്ചയിച്ച്, പ്രാ

(ശേഷം 3–ാം പേജിൽ)

# സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ പുരുഷാധിപത്യ മനോഘടന സ്ത്രീക്കുമേൽ നടത്തുന്ന അധികാരപ്രയോഗത്തിന്റെ ക്രൂരമായ മുഖം

## നടി ആക്രമിക്കപ്പെട്ട കേസ്

(1–ാം പേജിൽ നിന്ന്)

നദണ്ഡം കൊണ്ടുവരുന്നു.

എല്ലാ പൗരന്മാരെയും ഒരേ മാനദണ്ഡത്തിൽ പരിഗണിക്കുന്നു എന്ന ധാരണയിലാണ് ഇത് നിലനിൽക്കുന്നത്. എന്നാൽ, നിയമം എന്നത് ഒരു ശൂന്യമായ പ്രതലത്തിൽ പ്രവർത്തിക്കുന്ന നിഷ്പക്ഷ ഉപകരണമല്ല. അത് നിലനിൽക്കുന്ന സാമൂഹിക–സാമ്പത്തിക–സാംസ്കാരിക ഘടനകളാൽ ആഴത്തിൽ സ്വാധീനിക്കപ്പെടുന്ന ഒരു അധികാരോപകരണം കൂടിയാണ്. അത് പ്രവർത്തിക്കുന്നത് നിലവിലുള്ള വർഗ്ഗബന്ധങ്ങളുടെയും അധികാരഘടനകളുടെയും ഉള്ളിലൂടെയാണ്.

പ്രായോഗികമായി നോക്കിയാൽ, നിയമം എല്ലാവർക്കും ഒരു പോലെ ബാധകമാണെന്ന് പറയുമ്പോഴും, നിയമത്തിലേക്കുള്ള പ്രവേശനത്തിനുപോലും തുല്യഅവസരമില്ല. പ്രഗത്ഭരായ അഭിഭാഷകരെ നിയമിക്കാൻ കഴിയുന്ന സാമ്പത്തികശേഷി, വർഷങ്ങളോളം നീളുന്ന വിചാരണ നേരിടാനുള്ള വിഭവങ്ങൾ, തെളിവുകൾ ശേഖരിക്കാനും സംരക്ഷിക്കാനുമുള്ള ശക്തി ഇവയെല്ലാം നിയമത്തിന്റെ പ്രയോഗത്തെ നിർണ്ണായകമായി സ്വാധീനിക്കുന്നു. അതിനാൽത്തന്നെ നിയമം ഉപയോഗിക്കുന്ന പ്രതലം തുല്യനിലയിലുള്ളതല്ല.

ഇപ്പറഞ്ഞ നിരീക്ഷണങ്ങൾക്ക് ഏറ്റവും കൃത്യമായ ഉദാഹരണമാണ് നടി ആക്രമിക്കപ്പെട്ട കേസ്. ഒരു സാധാരണ പൗരന് അസാധ്യമായ പല സൗകര്യങ്ങളും ഇവിടെ പ്രതിക്ക് ഉണ്ടായിരുന്നു, പ്രമുഖ ക്രിമിനൽ അഭിഭാഷകരുടെ സേവനം, നീണ്ടുനിൽക്കുന്ന വിചാരണകളെ നേരിടാൻ ആവശ്യമായ സാമ്പത്തിക–മാനസിക ശേഷി, തെളിവുകളെ ദുർബ്ബലമാക്കാനുള്ള സ്വാധീനം, ഒന്നു രണ്ടുമല്ല, 28 സാക്ഷികളെയും നിശ്ശബ്ദമാക്കാനോ കൂറുമാറ്റാനോ ഉള്ള സാമൂഹ്യമണ്ഡലത്തിലെ പദവി, എല്ലാത്തിലുമുപരി മാധ്യമ-സാംസ്കാരിക-സാമൂഹ്യ ഇടങ്ങളിലുള്ള സ്വാധീനം. ഇവയെല്ലാം നിയമപരമായ അവകാശങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുമ്പോഴും യഥാർത്ഥത്തിൽ അവ വർഗ്ഗാധിഷ്ഠിതമായ അവകാശങ്ങൾ (class privileges) ആണ്. ഒരേ നിയമം, വ്യത്യസ്തമായ ശക്തികളാൽ കൈകാര്യം ചെയ്യപ്പെടുമ്പോൾ, ഫലം ഒരുപോലെയാവില്ല.

ഇവിടെയാണ് 'നിയമവാഴ്ച' ക്രമേണ 'ബലത്തിന്റെ വാഴ്ച'(Rule by Power) ആയി മാറുന്നത്. നിയമം നിലനിൽക്കുന്നുവെന്ന തോന്നൽ-മിഥ്യ-സൃഷ്ടിക്കുന്നുണ്ടെങ്കിലും, നിയമത്തിന്റെ ഫലം നിർണ്ണയിക്കുന്നത് തെളിവുകളുടെ സാങ്കേതിക ഗുണമേന്മ മാത്രമല്ല, മറിച്ച് ആ തെളിവുകളെ നിർമ്മിക്കാനും, തകർക്കാനും, നീട്ടിക്കൊണ്ടുപോകാനും കഴിയുന്ന അധികാര ശേഷിയുമാണ്. അതുകൊണ്ടുതന്നെ 'വിട്ടതൽ' (acquittal) എന്നത് നിർബന്ധമായും 'നിയമം ശരിയായി പ്രവർത്തിച്ചു' എന്നതിന്റെ തെളിവല്ല, മറിച്ച് നിയമം ആരുടെ പക്ഷത്താണ് കൂടുതൽ സൗകര്യപ്രദമായി പ്രവർത്തിച്ചത്, ആർക്കാണ് നിയമത്തിന്റെ എല്ലാ സംരക്ഷണങ്ങളും പൂർണ്ണമായി ലഭിച്ചത്, ആർക്കാണ് അത് വെറും ഭാരമായത് എന്നതിന്റെയാണ്.

ഈ ചോദ്യങ്ങൾ ഉന്നയിക്കുന്നത് ജുഡീഷ്യറിയെ അവഹേളിക്കാനോ ജഡ്ജിയെ വ്യക്തിപരമായി ആക്രമിക്കാനോ അല്ല. മറിച്ച്, നിയമം പ്രവർത്തിക്കുന്ന സാമൂഹ്യഘടന എന്താണെന്ന് വെളിവാക്കാനാണ്. ഒരു സംവിധാനം, ശക്തരായവർക്ക് ആശ്വാസവും, ദുർബലർക്കു കൂടുതൽ ഭാരവും നൽകുന്നുവെങ്കിൽ, അവിടെ നിയമം നിഷ്പക്ഷമല്ല എന്ന് നമ്മൾ കാണണം. അത് അധികാരത്തിന്റെ ഭാഷയിലാണ് സംസാരിക്കുന്നത്. അതുകൊണ്ടാണ് ഈ വിട്ടതൽ ഒരു വ്യക്തിയുടെ രക്ഷപ്പെടലിന്റെ കഥ മാത്രമല്ല എന്നു പറയേണ്ടി വരുന്നത്; നിയമം അധികാരവുമായി ചേർന്ന് പ്രവർത്തിക്കുന്ന രീതി, എങ്ങനെ നീതി എന്ന ആശയത്തെ തന്നെ ഇല്ലാതാക്കുന്നു എന്നതിന്റെ രാഷ്ട്രീയ രേഖയാണിത് കാണിച്ചു തരുന്നത്. ഇവിടെയാണ് Rule of Law എന്ന ആദർശം തകർന്നു വീഴുകയും Rule by Power എന്ന അപകടകരമായ പുതിയ സമ്പ്രദായം ഉടലെടുക്കുകയും ചെയ്യുന്നത്.



അതിജീവിതക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കോട്ടയത്ത് നടന്ന കൂട്ടായ്മയിൽ ആകാശദീപം തെളിച്ചപ്പോൾ

### ലൈംഗികാതിക്രമ കേസുകളിൽ നിയമത്തിന്റെ നിശ്ശബ്ദത അടയാളപ്പെടുത്തുന്നത് എന്താണ്?

സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമം ഒരു വ്യക്തിക്കെതിരായ ആക്രമണം മാത്രമല്ല, അത് സ്ത്രീയുടെ ശരീരത്തെ സമൂഹം എങ്ങനെ കാണുന്നു, നിയന്ത്രിക്കുന്നു, വിധിക്കുന്നു എന്നതിന്റെ ഒരു തീർപ്പുകൂടിയാണ്. ലൈംഗികാക്രമണം എന്നത് ഒരു വ്യക്തിഗത കുറ്റകൃത്യമെന്നതിലപ്പുറം, പുരുഷാധിപത്യ മാനസികഘടന സ്ത്രീയുടെ ശരീരത്തിനുമേൽ നടത്തുന്ന അധികാരപ്രയോഗത്തിന്റെ ഏറ്റവും ക്രൂരമായ രൂപവുമാണ്.

ഇന്ത്യൻസമൂഹത്തിൽ സ്ത്രീയുടെ ശരീരം ഒരിക്കലും അവളുടെ സ്വന്തം ആയിരുന്നിട്ടില്ല. ആധുനിക ജനാധിപത്യത്തിന്റെ ധാരണകളല്ല, ഫ്യൂഡൽ സാംസ്കാരിക മൂല്യങ്ങളാണ് ഇന്നും സാമൂഹ്യബന്ധങ്ങളെ നിയന്ത്രിക്കുന്നത്. കുടുംബത്തിന്റെ മാനത്തിന്റെയും സമൂഹത്തിന്റെ നയപരമായ 'നീതിബോധത്തിന്റെയും' രാഷ്ട്രത്തിന്റെ സദാചാര മാതൃകയായും മാത്രം സ്ത്രീ നിലനിൽക്കുന്നു. അതിനാൽതന്നെ, സ്ത്രീക്കുനേരെയുള്ള ലൈംഗികാതിക്രമം സംഭവിക്കുമ്പോൾ വിചാരണ ചെയ്യപ്പെടുന്നത് കുറ്റവാളിയല്ല, മറിച്ച് സ്ത്രീ തന്നെയായി മാറുന്നു.

അതുകൊണ്ടാണ് ഈ കേസിൽ 'വിശ്വാസ്യത' (credibility) എന്ന പുരുഷമാനദണ്ഡത്തിലൂടെ അതിജീവിതയുടെ മൊഴികളെ അളക്കുന്നത് ആവർത്തിച്ചുകണ്ടത്. എത്ര തവണ അവൾ സംഭവത്തെ ഓർത്തെടുത്തു? മൊഴിയിൽ എന്തെങ്കിലും ചെറിയ വ്യത്യാസമുണ്ടോ? അവൾ എങ്ങനെ പ്രതികരിച്ചു? എന്തുകൊണ്ട് അങ്ങനെ പ്രതികരിച്ചു? ഇവയെല്ലാം കീറിമുറിച്ചു പരിശോധിക്കപ്പെട്ടു. ശാരീരികമായും മാനസികമായും ആക്രമിക്കപ്പെട്ട സ്ത്രീക്ക് ഏൽക്കേണ്ടി വന്ന ആഘാതത്തിന്റെ (Trauma) ഭാഷയോ ആഴമോ നിയമപുസ്തകത്തിന് പരിചയമില്ല. സമചിത്തതയുടെ അടിസ്ഥാനം അത്രമേൽ ഉലഞ്ഞ ഒരാൾക്ക് ആ ട്രോമ വള്ളിപുള്ളി വ്യത്യാസമില്ലാതെ ഓരോ സന്ദർഭത്തിലും ആവർത്തിക്കാനാവുന്നതല്ല. ആവർത്തനങ്ങളിൽ ഒരേപോലെ പുനരാവിഷ്കരിക്കപ്പെടുകയുമില്ല.

എന്നാൽ നിയമം കാർക്കശ്യത്തോടെ ആവശ്യപ്പെടുന്നത് ഓർമ്മയുടെ, വീണ്ടെടുക്കലിന്റെ സ്ഥിരത, പ്രതികരണത്തിന്റെ 'യുക്തിഭദ്രത', മൊഴിയിലെ സമ്പൂർണ്ണ സാദൃശ്യം എന്നിവയൊക്കെയാണ്. ഇവയെല്ലാം പുരുഷകേന്ദ്രിതമായ യുക്തിയുടെ ഉല്പന്നങ്ങളാണ്.ഇവിടെ ഇരയുടെ ട്രോമ തന്നെ

(ശേഷം 4–ാം പേജിൽ)

## തകരുന്ന തൊഴിലുറപ്പ്

(2–ാം പേജിൽ നിന്ന്)

ദേശിക ഉൽപ്പാദനയൂണിറ്റുകളുടെ ബൃഹത്തായ ഒരു ശൃംഖല സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന കോർപ്പറേറ്റുശക്തികൾക്കു നിലവിലുണ്ടായിരുന്ന പദ്ധതി ഒരു വെല്ലുവിളിയായിരുന്നു. ഈ ലക്ഷ്യം മുൻനിർത്തിലേബർ കോഡുകളുടെ മറുവശമാണ് വിബി–ജി റാം ജി എന്ന് നിസ്സംശയം പറയാം.

കൂടാതെ മഹാമാരിക്കുശേഷം രാജ്യത്ത് പൊതുകടം വൻതോതിൽ വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. നാൾക്കുനാൾ രൂക്ഷമാകുന്ന ആഗോളസാമ്പത്തിക സ്ഥിതിയിലും അനിശ്ചിതത്വങ്ങളുണ്ട്. ഇവിടെ, സാമ്പത്തികപ്രതിസന്ധിയുടെ ഭാരം പേറേണ്ടിവരുന്ന സാധാരണക്കാരുടെ താത്പര്യം സംരക്ഷിക്കാനല്ല, മറിച്ച് പ്രതിസന്ധി സൃഷ്ടിക്കുകയും രൂക്ഷമാക്കുകയും ചെയ്യുന്ന കുത്തക മുതലാളിത്ത ത്തിന്റെ താത്പര്യങ്ങളുടെ സംരക്ഷകരായാണ്, വാചാടോപമെന്തായാലും ഈ രാജ്യത്തെ മുതലാളിത്ത ഭരണകൂടങ്ങളുടെ നിലനിൽപ്പും കേന്ദ്ര-സംസ്ഥാന ഭേദമന്യേ നാളിതുവരെ കൈകൊണ്ട നയപരിപാടികളും തൊഴിലുറപ്പ് പോലെയുള്ള പദ്ധതികൾക്കായി പണം നീക്കിവെക്കാനല്ല, അതുകൂടി മുതലാളിത്ത ഭീമന്മാരുടെ പണപ്പെട്ടിയിലേക്ക് ഒഴുക്കാനാണ് മോദി സർക്കാർ ശ്രമിക്കുന്നത്. ഇന്ത്യയിലെ കുത്തക മുതലാളിത്തത്തിന്റെ ഏറ്റവും വിശ്വസ്ത സേവകരായ നരേന്ദ്രമോദി സർക്കാരും ബിജെപിയും ഇത്തരം നിയമനിർമ്മാണം, എല്ലാ ജനാധിപത്യമര്യാദകളേയും കാറ്റിൽപ്പറത്തി നടത്തുന്നത് ആ താത്പര്യം അനുസരിച്ചാണ്. 'വികസിത് ഭാരത്' എന്ന മുദ്രാവാക്യം മോദി സർക്കാർ ഉയർത്തുമ്പോൾ ആരുടെ വികസനം എന്ന് ഈ രാജ്യത്തെ തൊഴിലാളികളും സാധാരണക്കാരും ചോദിക്കേണ്ടിവരികയാണ്.

ഇതോടൊപ്പം തന്നെ ഫെഡറൽ ഘടനയെ ദുർബ്ബലമാക്കി, സ്റ്റേറ്റിന്റെ മുഴുവൻ അധികാരവും ഘട്ടംഘട്ടമായി കേന്ദ്രീകരിക്കുന്ന പ്രവണത, ഈ നിയമത്തിലും കൂടുതൽ ദൃശ്യമാവുകയാണ്. പഞ്ചായത്ത് തലത്തിൽ നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങൾപോലും കേന്ദ്രത്തിന്റെ നിയന്ത്രണത്തിനും തീരുമാനത്തിനും വിധേയമാക്കുന്നത് മോദി സർക്കാരിന്റെ രാഷ്ട്രീയസമീപനം കൂടിയാണ് തെളിയിക്കുന്നത്. തൊഴിലാളികൾക്ക് എല്ലാ സുരക്ഷിതത്വവും നിഷേധിച്ച്, ജീവിതം നിലനിർത്താനൊരു തൊഴിലിനായി പല നാടുകളിലേക്ക് കുടിയേറാൻ നിർബന്ധിതരാക്കി, തുച്ഛമായ കൂലിക്ക് പണിയെടുക്കേണ്ടിവരുന്ന, പ്രതിഷേധിക്കാൻ മറന്ന കൂലിയടിമകളാക്കി അവരെ മാറ്റാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ കൂടി ഭാഗമാണ് ഈ വിബി–ജി റാം ജി.

### മുതലാളിവർഗത്തിന്റെ ഏജന്റ് മാത്രമായി ഭരണ നേതൃത്വം മാറുന്നു

അമിതമായി സാങ്കേതികവിദ്യയിൽ ഊന്നുന്നവയായി സർക്കാരിന്റെ ഓരോ പരിപാടിയും മാറുന്ന കാഴ്ച ഇവിടെയും കാണാം. സുതാര്യത, കാര്യക്ഷമത എന്നൊക്കെയുള്ള ലക്ഷ്യങ്ങൾ പറയുമെങ്കിലും വാസ്തവത്തിൽ ഉള്ള സുതാര്യതയും ഭരണത്തിന്റെ മാനുഷികമുഖത്തെ തന്നെയും ഇല്ലാതാക്കുകയാണ് എന്നതല്ലേ വാസ്തവം? സാങ്കേതികവിദ്യയുപയോഗിക്കുന്നത്, ആനുകൂല്യങ്ങൾ നിഷേധിക്കാനും, മുട്ടാപ്പോക്കുകൾ ഉന്നയിച്ച് അർഹരെയടക്കം പുറത്തുനിർത്താനുമാണ് എന്നതല്ലേ സമീപകാല യാഥാർത്ഥ്യം? ഇത്തരം ഡിജിറ്റൽ സങ്കേതങ്ങൾ തൊഴിലാളിയെ കൂടുതലായി അവനവനിലേക്ക് ചുരുക്കി സംഘടിതശേഷിയെ ക്രമമായി ഇല്ലാതാക്കുകയും ചെയ്യുന്നു എന്ന വസ്തുതയുമുണ്ട്. മറുവശത്ത് ഇതേ സങ്കേതങ്ങളിലൂടെമുതലാളിവർഗതാത്പര്യങ്ങൾ അടിച്ചേൽപ്പിക്കപ്പെടുന്നു. സാമൂഹികക്ഷേമവും സാമൂഹികനീതിയും മുതലാളിത്ത താത്പര്യങ്ങൾക്കായി ബലികഴിക്കുന്നു. തൊഴിലാളികളെ കൂടുതലായി ചൂഷണം ചെയ്തുകൊണ്ട്, മുതലാളിത്ത താത്പര്യത്തിനു മാത്രം മുൻഗണന നൽകിയ ഒരു രാജ്യവും സംവിധാനവും അസ്ഥിരമാകാതെയിരിക്കില്ല എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

രാജ്യത്തിന്റെ ആകമാന താത്പര്യത്തേക്കാളേറെ പ്രധാനം തങ്ങളുടെ യജമാനന്മാരായ മുതലാളിത്ത കുത്തകകളുടെ താത്പര്യങ്ങൾ മാത്രമാണെന്ന് പച്ചയായി പ്രഖ്യാപിച്ച്, പാർലമെന്റിനെ നോക്കുകുത്തിയാക്കി സ്വേച്ഛാധിപത്യത്തിലേക്ക് വഴുതി മുന്നേറുന്ന മോദി സർക്കാർ ഈ രാജ്യത്തെ സാധാരണജനത്തിന്റെ നിലനിൽപ്പിനെക്കൂടിയാണ് ദുരിതത്തിലേക്ക് തള്ളിവിടുന്നത്. കുത്തക മുതലാളിവർഗ്ഗത്തിന്റെ മാത്രം വിശ്വസ്ത സേവകരാണ് തങ്ങളെന്ന് ഭരണനേതൃത്വം മറയില്ലാതെ വെളിവാക്കുമ്പോൾ, അവരിൽ നിന്നും യാതൊന്നും ഇനി പ്രതീക്ഷിക്കാനില്ലെന്ന് രാജ്യത്തെ സാധാരണ ജനങ്ങളും തൊഴിലാളികളും ജാതിമത-കക്ഷിരാഷ്ട്രീയ ഭേദങ്ങൾക്കപ്പുറം ഇന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ■

# ശാരീരികമായും മാനസികമായും ആക്രമിക്കപ്പെട്ട സ്ത്രീക്ക് ഏൽക്കേണ്ടിവരുന്ന ആഘാതത്തിന്റെ ആഴം നിയമവ്യവസ്ഥക്ക് അന്യമാണ്

(3-ാം പേജിൽ നിന്ന്)

തെളിവിന്റെ ദുർബലത (evidentiary weakness) ആയി മാറുന്നു. അവളുടെ മനസ്സിന്റെ തകർച്ച, ഓർമ്മയുടെ ഇടവേളകൾ, വൈകാരിക പ്രതികരണങ്ങൾ—ഇവയെല്ലാം അവൾ നേരിട്ട അതിക്രമത്തിന്റെ തെളിവാകേണ്ടതിനു പകരം അവളുടെ വിശ്വാസ്യതയെ സംശയിക്കാനുള്ള ആയുധങ്ങളാകുന്നു.

നിയമം സ്ത്രീയെ വിശ്വസിക്കുന്നു എന്നു ബോധ്യപ്പെടുത്താത്തത് ആകസ്മിക പക്ഷപാതിത്വം (accidental bias) എന്ന നിലയ്ക്കല്ല. മറിച്ച് അത് ഘടനാപരമായി പുരുഷാധിപത്യത്തിൽ (structural patriarchy) നിലനിൽക്കുന്നു എന്നതുകൊണ്ടാണ്. 'യുക്തിപരതയുള്ള വ്യക്തി' (reasonable person) എന്നമാനദണ്ഡംപോലുംപുരുഷാനുഭവത്തിൽ നിന്നാണ് നിർമ്മിച്ചത്. കോടതിമുറിയിലെ പെരുമാറ്റച്ചട്ടങ്ങൾ സ്ത്രീകളുടെ 'ട്രോമയെ' ഉൾക്കൊള്ളുന്നവയല്ല. അതിനാൽ, സ്ത്രീ കോടതിയിൽ സംസാരിക്കുമ്പോൾ അവൾക്ക് തന്റെ അനുഭവം പറഞ്ഞാൽ മാത്രം പോരാ. അത് പുരുഷബോധ്യമായ ഭാഷയിലേക്ക് വിവർത്തനം ചെയ്യേണ്ടിയും വരും. അത് സാധിച്ചില്ലെങ്കിൽ, അവളുടെ മൊഴി 'വിശ്വാസ്യതയില്ലാത്തത്' ആയി മാറുന്നു.




നടി ആക്രമിക്കപ്പെട്ട കേസിലെ സെഷൻസ് കോടതി വിധിക്കെതിരെ കോട്ടയത്ത് തിരുനക്കരയിൽ നടന്ന പ്രതിഷേധ കൂട്ടായ്മ

നിയമം പലപ്പോഴും നേരിട്ട് സ്ത്രീവിരുദ്ധമാകുന്നില്ല എന്ന് നമുക്ക് തോന്നാം. എന്നാൽ, അത് പലപ്പോഴും നിശ്ശബ്ദമാകുന്നു. ലൈംഗികാക്രമണത്തിന്റെ മാനസിക–ശാരീരിക സങ്കീർണ്ണതകളെ നിയമവ്യവസ്ഥയിൽ ഉൾപ്പെടുത്താൻ അതിന് സാധിക്കുന്നില്ല. ഈ നിശ്ശബ്ദത തന്നെ പിതൃസത്താപരമായ മൂല്യബോധത്തിന്റെ ഏറ്റവും ശക്തമായ ഭാഷയാണ്. കാരണം, നിയമം ഒന്നും പറയാതിരുന്നാലും, അതിന്റെ ചട്ടങ്ങളും മാനദണ്ഡങ്ങളും സ്ത്രീയുടെ ശബ്ദം പതുക്കെ മായ്ക്കുന്നു. പക്ഷേ, വീണ്ടും നമ്മൾ ഓർക്കേണ്ടത്, നിയമം സ്ത്രീയെ വിശ്വസിക്കാത്തത് അതിന്റെ പിഴവായി കാണാൻ ആവില്ല. അത് നിയമത്തിന്റെ ഘടനാപരമായ സ്വഭാവമാണ്. അതുകൊണ്ടുതന്നെ, നീതി നേടാനുള്ള പോരാട്ടം ഒരു കേസ് ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്ന കാര്യത്തിൽ അവസാനിക്കുന്നില്ല.

## കൂറുമാറിയ സാക്ഷികൾ: സിസ്റ്റം സമൂഹത്തിന് പകരുന്ന നൈതിക–സാംസ്കാരിക ദൗർബല്യത്തിന്റെ പ്രതിഫലനം

ഈ കേസിൽ കൂറുമാറിയ 28 സാക്ഷികൾ (Hostile Witnesses) ഉണ്ടായി എന്ന വസ്തുതയെ വെറും 'നിയമപരമായ വീഴ്ച'യായി മാത്രം കാണാൻ കഴിയില്ല. അത് നിയമവും ഭരണകൂടതാല്പര്യങ്ങളും സമൂഹത്തിലേക്ക് പകർന്നുകൊടുക്കുന്ന നൈതിക–ധാർമ്മിക–സാംസ്കാരിക ബോധത്തിന്റെ ഒരു പ്രതിഫലനം കൂടിയാണ്.

നിയമവ്യവസ്ഥ 'ന്യായവിചാരത്തിന്റെ ഘടന' (adjudication mechanism) മാത്രമല്ല; അത് വ്യക്തികളെ രക്ഷിക്കുന്നതിലും, ശിക്ഷിക്കുന്നതിലും കൂടുതലായി, സമൂഹത്തിന് ചില പാഠങ്ങൾ പകർന്നു നൽകുന്നുമുണ്ട്. ഏതുതരം പെരുമാറ്റം ആദരിക്കപ്പെടണം, ഏത് പ്രവൃത്തിയാണ് അപകടകരം, ഏത് നിലപാടാണ് 'സുരക്ഷിതം' എന്താണ് 'ബുദ്ധിമുട്ട് ഒഴിവാക്കാനുള്ള സുരക്ഷിതമായ വഴി' എന്നിവയെക്കുറിച്ചുള്ള നിശ്ശബ്ദപാഠങ്ങളാണ് നിയമം സമൂഹത്തിന് നൽകുന്നത്.

**നടി ആക്രമിക്കപ്പെട്ട കേസ്**

ഉദാഹരണത്തിന്, സത്യം പറയാനുള്ള പ്രേരണ അത് വ്യക്തികൾക്ക് നൽകുന്നില്ല. അത്തരമൊരു വ്യവസ്ഥിതിയും അതിന്റെ നിയമവും ഒരിക്കലും വ്യക്തിയെയും സമൂഹത്തെയും ഉയർത്തുന്നില്ല എന്നതാണ് യഥാർത്ഥ്യം. 'കോടതിയിൽ സത്യം പറഞ്ഞാൽ സംരക്ഷണം ഉണ്ടാകില്ല','ശക്തരെ എതിർത്താൽ അപകടം വർധിക്കും', 'നിശ്ശബ്ദത സുരക്ഷിതമാണ്'', 'വഴങ്ങുന്നത് ബുദ്ധിമുട്ടില്ലാത്ത മാർഗ്ഗമാണ് ', 'കേസ് കാര്യമാക്കരുത് എന്നതാണ് വിവേകം' എന്നിങ്ങനെയുള്ള ധാരണകളാണ് കൂറുമാറുന്ന സാക്ഷികളെ നയിക്കുന്നത്. അതുമല്ലെങ്കിൽ പ്രതിയുടെ ശക്തമായ രാഷ്ട്രീയ, സാമൂഹ്യബന്ധങ്ങളും സാമ്പത്തികശേഷിയുമാകാം. ഇത് വ്യക്തമായ പാഠമാണ് സമൂഹത്തിന് നൽകുന്നത്. അതായത്, സത്യം ഒരു മൂല്യമല്ല, അതിൽ ഉറച്ചുനില്ക്കുന്നത് ഒരു റിസ്ക് മാത്രമാണ്. നൈതികതയുടെ സ്വകാര്യവൽക്കരണമാണ് ഇതിലൂടെ മറ്റൊരർത്ഥത്തിൽ സംഭവിക്കുന്നത്. 'നൈതികത' (ethics) എന്നത് വ്യക്തിയുടെ സാമൂഹ്യഉത്തരവാദിത്തത്തിൽനിന്ന് മാറി സ്വകാര്യമായ അതിജീവനതന്ത്രം (survival strategy) മാത്രമായി ചുരുങ്ങുന്നു. സത്യം പറയുന്നതാകട്ടെ ഒരു പൊതുമൂല്യമായി കണക്കാക്കപ്പെടുന്നേയില്ല; അത് വ്യക്തിയുടെ ധൈര്യപരീക്ഷയായി മാറ്റപ്പെടുന്നു.

'ഒരാൾ സത്യം പറഞ്ഞു' എന്നത് സമൂഹത്തിന്റെയോ സിസ്റ്റത്തിന്റെയോ വിജയമായി കണക്കാക്കുന്നില്ല. മറിച്ച്, ആ വ്യക്തി 'ധൈര്യം പ്രകടിപ്പിച്ചു' എന്ന റൊമാന്റിക് വ്യക്തിവാദമായി ചുരുങ്ങുന്നു. ഇത് അപകടകരമാണ്. കാരണം, അങ്ങനെ സംഭവിക്കുമ്പോൾസാമൂഹ്യഘടനതന്നെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നു. സമൂഹത്തിൽ ധാർമ്മികതയും നിയമവും തമ്മിലുള്ള വേർപിരിയൽ എന്നേ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. മുൻകാലങ്ങളിൽ നിയമം ധാർമ്മികതയുടെ ഒരു പൊതുവേദിയായി കണക്കാക്കിയിരുന്നു. ഇന്ന് ആ ബന്ധം തകർച്ചയുടെ പാരമ്യത്തിലാണ്.

'സത്യം പറയുക' എന്നുപറയുന്നതിനോടൊപ്പം, വ്യക്തി നേരിടുന്ന സാമൂഹികസമ്മർദ്ദങ്ങളെ അതിജീവിക്കാൻ അവരെ പ്രാപ്തരാക്കുകയോ സംരക്ഷണം നൽകുകയോ ചെയ്യുന്നില്ല നമ്മുടെ സാമൂഹ്യവ്യവസ്ഥിതി. ഈ വൈരുദ്ധ്യമാണ് സമൂഹത്തിന്റെ ധാർമ്മികബോധത്തെ തകർക്കുന്നതിന് പ്രധാന കാരണമാകുന്നത്. അതുകൊണ്ട്, സ്റ്റേറ്റ് അതിന്റെ പൗരന്മാരോട് ധാർമ്മികത ആവശ്യപ്പെടുന്നുണ്ടെങ്കിൽ, അതിന് പൗരനെ പ്രാപ്തനാക്കാൻ ആവശ്യമായ സാമൂഹികബാധ്യതയും സ്റ്റേറ്റ് തന്നെ നിർവഹിക്കണം. അത് സംഭവിക്കാത്തപ്പോഴാണ് ധാർമ്മിക–നൈതിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകാത്ത ഒരു തലമുറ ഉയർന്നു വരുന്നത്. അതു കൊണ്ടു തന്നെ 'കൂറുമാറിയ സാക്ഷി' (hostile witness) എന്നത് നൈതികമായി ദുർബലനായ ഒരു 'വ്യക്തി'(individual) അല്ല. മറിച്ച് ഒരു ലാഭാധിഷ്ഠിത സമൂഹത്തിന്റെ ഒരു സംസ്കാരിക ഉല്പന്നമാണ്. അതുകൊണ്ടുതന്നെ, Hostile witnesses എന്നത് നിയമത്തിന്റെ സാങ്കേതിക തകരാർ (technical failure) കൊണ്ടു മാത്രമല്ല ഉണ്ടാകുന്നത്; അത് സമൂഹത്തിന്റെ നൈതികബോധത്തെ, സ്റ്റേറ്റിന്റെ താല്പര്യങ്ങൾ തകർത്തതിന്റെ ഒരു പ്രതിഫലനമാണ്. ഒരു സമൂഹത്തിൽ സത്യം പറയുന്നത് അപവാദമാകുമ്പോൾ, നിശ്ശബ്ദത ധാർമ്മികതയാകുമ്പോൾ— അവിടെ നിയമം സാങ്കേതികമായി നിലനിൽക്കുന്നു എന്നു പറയാം, പക്ഷേ നീതി നടപ്പാകുകയില്ല. വ്യക്തിപരമായ പക്ഷപാതിത്വത്തിന് അപ്പുറത്ത് നിയമവ്യവസ്ഥയുടെ ഘടനാപരമായ പരിമിതിയാണ് കുറ്റവാളികൾ രക്ഷപ്പെടാൻ കാരണമെന്നത് വലിയ രാഷ്ട്രീയമായി പ്രധാന്യമുള്ള വിഷയമാണ്.

ഈ വിട്ടുതലിനെ ജഡ്ജിയുടെ വ്യക്തിതാല്പര്യങ്ങളോ വ്യക്തിഗതപക്ഷപാതമോ ഒരു പങ്ക് വഹിച്ചിട്ടുണ്ടാകാം. എന്നാൽ ഇത്തരമൊരു വിധിയുടെ കാരണത്തെ അതിലേക്കുമാത്രമായി ചുരുക്കുന്നത് ശരിയായ സമീപനമല്ല. നീതി നടപ്പാകാതെ പോകുന്നത്വ്യക്തികളുടെദുഷ്ടബുദ്ധികൊണ്ടല്ല, നീതിന്യായവ്യവസ്ഥയുടെ ഘടനാപരമായ പരിമിതികൾകൊണ്ടാണ് എന്ന തിരിച്ചറിവിലേക്ക് നമ്മൾ എത്തണം. ഒരു ജഡ്ജി തെറ്റായി വിധിച്ചു അതുകൊണ്ട് കൊടും കുറ്റവാളി രക്ഷപ്പെട്ടു എന്നവാദം വളരെ ലളിതവൽക്കരിച്ച പ്രസ്താവനയാണ്.




നടി ആക്രമിക്കപ്പെട്ട കേസിലെ കോടതി വിധിക്കെതിരെ എഐഎംഎസ്എസ് ആലപ്പുഴ കെഎസ്ആർടിസി സ്റ്റാൻഡിൽ നടത്തിയ പ്രതിഷേധ കൂട്ടായ്മയിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എം.എ .ബിന്ദു പ്രസംഗിക്കുന്നു.

## യഥാർത്ഥ പ്രശ്നം എന്താണ്?

നമ്മുടെ നീതിന്യായവ്യവസ്ഥ, ശക്തരായ പ്രതികൾ ഉൾപ്പെട്ട കേസുകളിൽ നീതി നടപ്പാക്കാൻ ഘടനാപരമായി ശേഷിയുള്ളതാണോ അല്ലെങ്കിൽ, അതിന് തയ്യാറാകാത്തതാണോ എന്ന് പരിശോധിക്കപ്പെടണം. ഒരു ട്രയൽ ജഡ്ജി പ്രവർത്തിക്കുന്നത് ചില കർശനമായ പരിധികൾക്കുള്ളിലാണ്. പ്രോസിക്യൂഷൻ കോടതിയിൽ കൊണ്ടുവന്ന തെളിവുകൾ, അന്വേഷണ ഉദ്യോഗസ്ഥർ ശേഖരിച്ച മെറ്റീരിയൽ തെളിവുകൾ, സാക്ഷികളുടെ മൊഴികൾ, തെളിവുകളുടെ ക്രമപരവും ക്രമാനുഗതവുമായ ശൃംഖല, നിയമപരമായ തെളിവ് മാനദണ്ഡങ്ങൾ എന്നിവയാണ് ജഡ്ജിക്ക് മുന്നിൽ എത്തുന്നത്. ഇവയിൽ ഒരു ഘടകവും ജഡ്ജിയുടെ നിയന്ത്രണത്തിലല്ല. ജഡ്ജി അന്വേഷണം നടത്തുന്നില്ല. തെളിവുകൾ ശേഖരിക്കുന്നില്ല. സാക്ഷികളെ സംരക്ഷിക്കുന്നില്ല. ഡിജിറ്റൽ തെളിവുകൾ tamper-proof ആയി സൂക്ഷിക്കാനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുന്നില്ല. അതുകൊണ്ടുതന്നെ, പരാജയപ്പെട്ട ഒരു സംവിധാനത്തിന്റെ ഫലമായുണ്ടാകുന്ന വിധിയെ മുൻനിർത്തി ജഡ്ജിയെ ആക്രമിക്കുന്നത്, പൊതുവിൽ സ്വീകാര്യമാകില്ല. എന്നാൽ കുറ്റമറ്റ നിലയിൽ പ്രോസിക്യൂഷൻ ഉത്തരവാദിത്തങ്ങൾ നിറവേറ്റിയാലും നിയമത്തിന്റെ അന്തസത്തയെ നിരാകരിക്കത്തക്കവിധമുള്ള വിധികൾ ജഡ്ജിമാരുടെ അപചയത്തിൽ നിന്നുമുണ്ടാകില്ല എന്നു പറയാനാവില്ല. മുതലാളിത്ത വ്യവസ്ഥിതിയുടെ അപചയത്തിന്റെ സ്വാധീനം എവിടെയും ദൃശ്യമായിരിക്കുമ്പോൾ പ്രത്യേകിച്ചും.

ഇവിടെ 'നിയമം പ്രവർത്തിച്ചു' എന്നത് മിഥ്യയാണ്. ഈ വിട്ടുതൽ 'നിയമവാഴ്ച്ച പ്രവർത്തിച്ചു' എന്നതിന് തെളിവല്ല. ഇത് നിയമവാഴ്ച്ച എവിടെയാണ് തകരുന്നത് എന്നതിന്റെ തെളിവാണ്.

കൂറുമാറിയ 28 സാക്ഷികൾ (hostile witnesses ), ക്രിമിനൽ ഗൂഢലോചന തെളിയിക്കാൻ ആവശ്യമായ തെളിവുകളുടെ അഭാവം, ഡിജിറ്റൽ തെളിവുകളുടെ സുരക്ഷയിൽ ഉണ്ടായ ഗുരുതരവീഴ്ച, ശക്തനായ പ്രതിക്കെതിരെ ശരിയായ രീതിയിൽ അന്വേഷണം നടത്താനുള്ള ശേഷിക്കുറവ്, ലഭ്യമായ തെളിവുകൾ കാര്യക്ഷമമായി കോടതിയെ ധരിപ്പിക്കാനുള്ള പ്രോസിക്യൂഷന്റെ വൈഭവക്കുറവ് - ഇവയെല്ലാം ചേർന്നുണ്ടാകുന്ന ഒരു അവസ്ഥയിലാണ് ജഡ്ജി പ്രവർത്തിച്ചത്. ഇവിടെ നീതി പരാജയപ്പെടുന്നത് വിധി എഴുതുന്ന മേശയിൽ എത്തിയപ്പോൾ മാത്രമല്ല, അതിന് മുമ്പുള്ള മുഴുവൻ ഘട്ടങ്ങളിലും ആണ്. അതിനാലാണ് ഈ വിട്ടുതൽ (acquittal) അപകടകരമാകുന്നത്. അവസാന കണ്ണിയെ മാത്രം കുറ്റപ്പെടുത്തി ഈ ചങ്ങലയുടെ ഇതര കണ്ണികളെ കുറ്റവിമുക്തമാക്കാനാവില്ല. അങ്ങിനെ ചെയ്യുമ്പോൾ നിയമനിർവ്വഹണത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളെ തമസ്കരിക്കുകയായിരിക്കും സംഭവിക്കുക.

## ക്രിമിനൽ ഗൂഢാലോചനയിലെ നിയമം

ഇന്ത്യൻ ക്രിമിനൽ നിയമത്തിലെ ഗൂഢാലോചന (criminal conspiracy) എന്ന ആശയം പുസ്തകത്തിൽ നോക്കിയാൽ 'നിഷ്പക്ഷം'(neutral) ആയി തോന്നാം. എന്നാൽ നിയമം എങ്ങനെ പ്രയോഗിക്കപ്പെടുന്നു എന്നത് പരിശോധിച്ചാൽ, ഗൂഢാലോചനയ്ക്ക് മാത്രമല്ല ഏതൊരു നിയമ ആശയത്തിനും വ്യക്തമായ വർഗ്ഗസ്വഭാവം (class character) ഉണ്ടെന്നത് മറയ്ക്കാനാവില്ല.

സാധാരണക്കാർ, രാഷ്ട്രീയ പ്രവർത്ത

(ശേഷം 5-ാം പേജിൽ)

# ഇരയായ സ്ത്രീ കോടതിയിൽ അനുഭവം പറഞ്ഞാൽ മതിയാകില്ല, അത് പുരുഷബോധ്യമായ ഭാഷയിലേക്ക് വിവർത്തനം ചെയ്യേണ്ടിവരുന്നു

(4–ാം പേജിൽ നിന്ന്)

കർ, സാമ്പത്തിക ശേഷിയില്ലാത്തവർ എന്നിവർ ഉൾപ്പെടുന്ന യുഎപിഎ, രാജ്യദ്രോഹ, ക്രിമിനൽ ഗൂഢാലോചന കേസുകളുടെ സമീപകാല ചരിത്രം മാത്രം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. ഇവയിൽ ഒരു ക്രിമിനൽ കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെടാൻ വെറുതെ കൂട്ടുചേർന്നാലോ (mere association), സർക്കാറിന് ഇഷ്ടമല്ലാത്ത ഒരു പുസ്തകം കൈയിൽവെച്ചാലോ (literature possession ), ഫോൺ കോളുകളോ മതിയാകും. അവിടെ പ്രത്യയശാസ്ത്രപരമായ അടുപ്പം (ideological proximity ), പെരുമാറ്റ രീതി (pattern of conduct) എന്നിവ പറഞ്ഞു കൊണ്ട് ശിക്ഷാവിധിയെ ന്യായീകരിക്കുന്നത് കാണാം. 'സാഹചര്യാനുമാനത്തിലൂടെയുള്ള കുറ്റം ചുമത്തൽ'(inferential guilt) ആണ് പ്രതിയെ ശിക്ഷിക്കാനുള്ള മാനദണ്ഡം. 'ഇവൻ ഇവരോടൊപ്പം നിൽക്കുന്നു; ഇവരുടെ പുസ്തകങ്ങൾവായിക്കുന്നു, അതിനാൽ ഗൂഢാലോ




നടി ആക്രമിക്കപ്പെട്ട കേസിലെ കോടതി വിധിക്കെതിരെ കണ്ണൂരിൽ കാൾടെക്സിൽ നടന്ന പ്രതിഷേധ കൂട്ടായ്മ.

ചനയിൽ പങ്കാളിയാണ്' എന്ന തർക്കശാസ്ത്രം ഉന്നയിക്കപ്പെടും.

എന്നാൽ വിധിപ്രസ്താവം നടത്തേണ്ടത് സമൂഹത്തിലെ ശക്തർക്കെതിരെയാണെങ്കിൽ ഉദാഹരണത്തിന് കോർപ്പറേറ്റ് കുറ്റകൃത്യങ്ങൾ, രാഷ്ട്രീയ കുറ്റകൃത്യങ്ങൾ, ഉന്നതരുടെ ലൈംഗിക അതിക്രമങ്ങൾ എന്നിവയിലാകുമ്പോൾ ഇവിടെ ഉടനടി നിയമം 'ശുദ്ധം'(pure) ആകുന്നത് കാണാം. ആ സമയം കുറ്റം തെളിയാൻ നേരിട്ടുള്ള തെളിവ് (direct evidence) വേണം; പൊട്ടാത്ത ചങ്ങല (unbroken chain) വേണം; പൂർണ്ണമായ സ്ഥിരീകരണം (absolute corroboration) വേണം; സംശയത്തിനതീതം (beyond doubt) ആയിരിക്കണം. ഇവിടെ 'തെളിവിന്റെ പൂർണത' (perfection of proof ) ആണ് മാനദണ്ഡമായി വരിക.

ഇങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ടെന്നാൽ, ഇതൊരു നിയമവൈരുദ്ധ്യമല്ല എന്നതുകൊണ്ടാണ്. മറിച്ച് ഇത് വർഗ്ഗനീതിയാണ് (class justice). ഇന്ത്യൻ ക്രിമിനൽ നീതിനിർവ്വഹണചരിത്രം ഒരു വ്യക്തമായ വൈരുദ്ധ്യം കാണിക്കുന്നു: നിയമം വലിച്ചു നീട്ടാവുന്നത് (elastic) ആകുന്നിടം അത് എല്ലായ്പ്പോഴും സാധാരണക്കാരന്റെ ജീവിതത്തിലേക്കാണ് നീളുന്നത്. സാധാരണക്കാർക്കെതിരെയുള്ളക്രിമിനൽ ഗൂഢാലോചനാകേസുകളിൽ 'പ്രത്യയശാസ്ത്ര ചേർച്ച്' (ideological agreement) എന്നത് "സമാനമനസ്കരുടെ ഒത്തുചേരൽ'(meeting of minds)ആകും, 'വെറും സാന്നിധ്യം' (mere presence) എന്നത് 'പരസ്യമായ കൃത്യം' (overt act) ആയി മാറുന്നു; ഒരു വ്യക്തിയുടെ 'രാഷ്ട്രീയ വിശ്വാസം'(political belief) എന്നത് 'കുറ്റകൃത്യത്തിനുള്ള ഉദ്ദേശ്യം' (intent) ആയി മാറുന്നു. അങ്ങനെ ഗൂഢാലോചനയിൽ പങ്കെടുക്കാതെതന്നെ അതിൽ ഉൾപ്പെട്ടെന്ന കേസിൽപെടുത്തി അകത്താക്കിയ എത്രയോ പേരുടെ കഥകൾ നമുക്ക് കാണാം.

അതേസമയം, ശക്തരായ പ്രതികൾ വരുന്നപക്ഷം meeting of minds തെളിയിക്കപ്പെടാൻ നേരിട്ടുള്ള തെളിവ് (direct proof) ആവശ്യമായി വരുന്നു. overt actന് നേരിട്ടുള്ള പങ്കാളിത്തം (physical participation) വേണ്ടിവരുന്നു. intentന് ശക്തമായ തെളിവ് വേണ്ടി വരുന്നു.

ഇത് നിയമത്തിന്റെ സാങ്കേതികതയായി കാണാൻ സാധ്യമല്ല; മറിച്ച് ലാഭാധിഷ്ഠിത സാമൂഹ്യക്രമത്തിലെ വർഗ്ഗാധിഷ്ഠിത നിയമപ്രയോഗമാണ്. എന്തുകൊണ്ട് അങ്ങിനെ സംഭവിക്കുന്നു? വർഗ്ഗാധിഷ്ഠിതമായ ഉൾക്കാഴ്ചയുണ്ടെങ്കിൽ ഉത്തരം ലളിതമാണ്. അതായത്, ദരിദ്രരും, ആദിവാസികളും, തൊഴിലാളികളും ഭരണകൂടശക്തിയെ പല കാര്യങ്ങളിൽ നിരന്തരം ചോദ്യംചെയ്യുന്നു. അഥവാ ചോദ്യം ചെയ്യേണ്ടിവരുന്നു. അവരുടെ താത്പര്യങ്ങൾ ഭരണകൂടതാല്പര്യവുമായി യോജിക്കാത്തതുകൊണ്ടുതന്നെ നിയമം അവർക്കെതിരെ 'ശക്തമായ ആയുധം' (weapon) ആകുന്നു.

എന്നാൽ, സമൂഹത്തിലെ ഉയർന്ന സാമ്പത്തികവിഭാഗങ്ങൾ ഭരണകൂടതാല്പര്യത്തിന്റെ ഭാഗമാണ്. അതുകൊണ്ട് നിയമം അവർക്കെതിരെ കേവല നടപടിക്രമം (procedural maze) മാത്രമായി ഒതുങ്ങുന്നു.

ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, അന്വേഷണത്തിലെ അസമത്വം (Investigative asymmetry) ആണ്. സാധാരണ മനുഷ്യർക്കെതിരെ അന്വേഷണ ഏജൻസികൾ ഭയപ്പെടുത്തിയും പലതരം സമ്മർദ്ദതന്ത്രം ഉപയോഗിച്ചുമാണ് തെളിവുകൾ ഉണ്ടാക്കുന്നത്. നിർബന്ധിത അന്വേഷണം, നിർ

## നടി ആക്രമിക്കപ്പെട്ട കേസ്

ബന്ധിത കുറ്റസമ്മതം, കെട്ടിച്ചമച്ച തെളിവുകൾ (coercive investigation , forced confessions, planted evidence) എന്നിവയാണ് സാധാരണ കണ്ടുവരാറ്. എന്നാൽ അത് പ്രബലർക്കെതിരെ ആകുമ്പോൾ മടിച്ചു നിൽക്കുന്ന അന്വേഷണത്തിലേക്കും സ്ഥാപനപരമായ ഭയം, രാഷ്ട്രീയസമ്മർദ്ദം (hesitant investigation, institutional fear, political pressure) എന്നിവയിലേക്കും ചുവടുമാറുന്നത് കാണാനാകും. അതിനാൽ തെളിവുകളുടെ അഭാവം (lack of evidence) അതിൽ ഒരു സ്വാഭാവികഫലമാകുന്നു.

### കുറ്റവാളിയല്ലെന്ന അനുമാനവും കുറ്റവാളിയാണെന്ന അനുമാനവും (Presumption of innocence vs. Presumption of guilt)

Presumption of Innocence എന്നത്, കുറ്റം സംശയാതീതമായി തെളിയിക്കപ്പെടുന്നതുവരെ ഒരാൾ നിരപരാധിയാണെന്ന നിയമധാരണയാണ്. കുറ്റം തെളിയിക്കാനുള്ള ബാധ്യത പ്രോസിക്യൂഷനാണ്. അവിടെ സംശയത്തിന്റെ പ്രയോജനം പ്രതിക്കാണ്. പ്രതി തന്റെ നിരപരാധിത്വം തെളിയിക്കേണ്ടതില്ല. ഇത് നീതിവ്യവസ്ഥയുടെ അടിസ്ഥാന സിദ്ധാന്തമാണ്.

എന്നാൽ യാഥാർത്ഥ്യമെന്താണ്? ഈ അവകാശം എല്ലാവർക്കും ഒരുപോലെ നമ്മുടെ സമൂഹത്തിൽ ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. 'ജാമ്യമാണ് തത്വം, ജയിൽ അസാധാരണവും'(Bail is the rule and Jail is an exception) എന്ന നിയമ ആപ്തവാക്യവും പ്രവർത്തിക്കുന്നത് ഈ വൈരുദ്ധ്യത്തിലാണ്. അവിടെ പ്രബലന് ജാമ്യം rule ആകുമ്പോൾ സാധാരണക്കാരന് ജയിൽ rule ആയി മാറുന്നത് നമ്മൾ നിരന്തരം സാക്ഷ്യം വഹിക്കുന്ന ഒന്നാണ്. ലൈംഗികാക്രമണക്കേസുകളിൽ അതിജീവിതയുടെ വാക്കിന് 'presumption of truth' എന്ന അർത്ഥം ഇല്ല. അതിനാൽ തന്നെ പ്രശ്നം സിദ്ധാന്തത്തിൽ അല്ല, അത് പ്രയോഗിക്കപ്പെടുന്ന സാമൂഹിക–വർഗ്ഗപരമായ അസമത്വത്തിലാണ്.

Presumption of Guilt എന്നത് കുറ്റം തെളിയിക്കപ്പെടുന്നതിന് മുൻപേ തന്നെ ഒരാൾ കുറ്റക്കാരനാണെന്ന ധാരണയോടെയുള്ള നിയമ–സാമൂഹിക സമീപനം ആണ്. ഇത് നിയമത്തിന്റെ ഔദ്യോഗികസിദ്ധാന്തമല്ല. പക്ഷേ പ്രായോഗിക യാഥാർത്ഥ്യമായി പല കേസുകളിലും പ്രവർത്തിക്കുന്നു.

ഇത് നിയമപരമായ യാദൃച്ഛികതയല്ല. മറിച്ച് നിയമത്തിലെ വർഗ്ഗാധിഷ്ഠിത അധികാരത്തിന്റെ പ്രകടിതരൂപമാണ്. ശക്തർക്കെതിരെ 'നിരപരാധിത്വ അനുമാനം' (innocence) കർശനമായി സംരക്ഷിക്കും, ദുർബലർക്കെതിരെ 'കുറ്റം' (guilt) മുൻകൂട്ടി വിധിക്കും. ഈ അർത്ഥത്തിൽ, വർഗ്ഗാധിഷ്ഠിത സമൂഹത്തിൽ ഏതൊരു നിയമവും ഒരു രാഷ്ട്രീയ ഉപകരണം (political tool)ആയി മാറുന്നതും നമ്മൾ കാണുന്നു.

അതിനാൽ മനുഷ്യപക്ഷത്തുനിന്നു പരിശോധിക്കുമ്പോൾ നിയമം (ഗൂഢാലോചന നിയമം ഉൾപ്പെടെ) വർഗ്ഗപരമായി നിഷ്പക്ഷം (class-neutral) അല്ല എന്നു പറയേണ്ടിവരും. ഇതുമൂലം ഉണ്ടാകുന്ന വീഴ്ച ഒരു നിയമപ്രക്രിയയുടെ ഫലം (legal outcome) മാത്രമല്ല; ഇത് സമൂഹത്തോടുപറയുന്ന ഒരു സന്ദേശമിതാണ്: 'നിങ്ങൾ ശക്തരല്ലെങ്കിൽ, നിങ്ങളുടെ തെളിവുകൾ ദുർബലം( fragile) ആണ്, നിങ്ങൾ ഉന്നതനെ ചോദ്യം ചെയ്താൽ, സത്യം തന്നെ വില പേശാവുന്ന ഒന്നായി (truth itself negotiable)മാറും. അത്തരം സാഹചര്യത്തിൽ സാങ്കേതികവിദ്യയും സ്റ്റേറ്റിന്റെ സംവിധാനങ്ങളും (technology & State machinery) നിങ്ങളെ രക്ഷിക്കാൻ ഉണ്ടാകില്ല; അഥവാ ഭരണകൂട അധികാരം (state power) നിങ്ങളെ നിയന്ത്രിക്കാൻ ആണ്"– അത് താഴെ നിൽക്കുന്നവർക്കെതിരെ കടുപ്പമുള്ളതും; മുകളിൽ നിൽക്കുന്നവർക്കെതിരെ മൃദുവുമായ ഒരു വർഗ്ഗനിയമ ഉപകരണം ആണ്. അതുകൊണ്ട് ചോദ്യം നിയമത്തെക്കുറിച്ചല്ല, നിയമം ആരുടെ പക്ഷത്താണ് പ്രവർത്തിക്കുന്നത് എന്നതിനെക്കുറിച്ചാണ് ഉന്നയിക്കപ്പെടേണ്ടത്. നിയമം എഴുതപ്പെട്ടിരിക്കുന്നത് സമത്വത്തിന്റെ ഭാഷയിൽ ആയിരിക്കാം.പക്ഷേ അത് പ്രയോഗിക്കപ്പെടുന്നത് അസമത്വത്തിന്റെ രാഷ്ട്രീയത്തിലൂടെയാണ്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വിചാരണ ചെയ്യപ്പെടേണ്ടത് അതിജീവിതമാരോടുള്ള അനുകമ്പാപൂർണ്ണമായ പരിസരത്തിലാകണം എന്നു ഉറപ്പക്കേണ്ടതുണ്ട്. നിയമവ്യവസ്ഥ നീതിക്കൊപ്പം നിൽക്കുന്നുവെന്നും നിയമം പീഡിതർക്കും അടിച്ചമർത്തപ്പെട്ടവർക്കുംവേണ്ടി നിലകൊള്ളുന്നു എന്നും ഉറപ്പാക്കപ്പെടേണ്ടതുണ്ട്. ഉയർന്ന ജനാധിപത്യധാരണയുടെ അടിസ്ഥാനത്തിൽ ജനങ്ങൾ നടത്തുന്ന സക്രിയമായ ഇടപെടലിലൂടെയേ ഇത് സാധ്യമാകൂ. ■



അഖിലേന്ത്യ സേവ് എജ്യൂക്കേഷൻ കമ്മിറ്റി കുണ്ടറയിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ രക്ഷാ സദസ്സ് പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ.എം.കബീർ ഉദ്ഘാടനം ചെയ്യുന്നു.

## എൻഇപിക്കും പിഎം ശ്രീക്കുമെതിരെ ജനകീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ച് വിദ്യാഭ്യാസ രക്ഷാസദസ്

ദേശീയ വിദ്യാഭ്യാസ നയത്തിനും,പിഎംശ്രീപദ്ധതിക്കുംഎതിരെ അഖിലേന്ത്യ സേവ് എജ്യൂക്കേഷൻ കമ്മിറ്റി വിദ്യാഭ്യാസ രക്ഷാ സദസ്സ് നടത്തി. കുണ്ടറ എം.സി.പ്രഭാകരൻ പിള്ള സ്മാരക മന്ദിരത്തിൽ നടന്ന പരിപാടി പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ.എം. കബീർ ഉദ്ഘാടനം ചെയ്തു. എൻഇപി പൂർണമായും കേരളത്തിൽ നടപ്പിലാക്കും എന്ന ഉറപ്പാണ് പിഎം ശ്രീയിൽ ഒപ്പ് വെച്ചതുവഴി കേരള സർക്കാർ നൽകിയിരിക്കുന്നതെന്ന് ഡോ.എം.കബീർ അഭിപ്രായപ്പെട്ടു. ഇതിലൂടെ സംഘപരിവാറിന്റെ നയങ്ങൾ വിദ്യാഭ്യാസത്തിൽ തിരുകി കയറ്റുക എളുപ്പമാകും.

AISEC സംസ്ഥാന വൈസ് പ്രസിഡന്റ് എം.ഷാജർ ഖാൻ വിഷയാവതരണം നടത്തി. എ.ജെയിംസ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ.ഗീവർഗീസ് തരകൻ, എൻ. ടെന്നിസൺ, കെ.ശശാങ്കൻ, രാജു ഡി. പണിക്കർ, കെ.ഒ.മാത്യു പണിക്കർ, മാനവ് ജ്യോതി, ബി.രാമചന്ദ്രൻ, റോയി മുളവന തുടങ്ങിയവർ പ്രസംഗിച്ചു. ■



# സാമ്പത്തിക ശാസ്ത്രത്തിലെ നൊബേൽ സമ്മാനം

# പെരുകുന്ന മുതലാളിത്തപ്രതിസന്ധി നൊബേൽ ജേതാക്കളുടെ സിദ്ധാന്തങ്ങളുടെ പരാജയത്തെ പ്രതിഫലിപ്പിക്കുന്നു

**എല്ലാ വർഷവും സ്വീഡിഷ് നൊബേൽ അക്കാദമി, സാമ്പത്തിക ശാസ്ത്രത്തിലെ സുപ്രധാന സംഭാവനയ്ക്ക് സമ്മാനം പ്രഖ്യാപിക്കാറുണ്ട്. ഇന്ത്യയിൽനിന്ന് അമർത്യസെന്നും അഭിജിത്ത് വിനായക് ബാനർജിയും ഈ പുരസ്കാരം നേടിയവരാണ്. ഈ വർഷത്തെ നൊബേൽ സമ്മാനം ലഭിക്കുന്നത് ജോയൽ മൊകെയ്ർ, ഫിലിപ് ആഗ്യോൺ, പീറ്റർ ഹോവിറ്റ് എന്നിവർക്കാണ്. സാമ്പത്തിക ശാസ്ത്രത്തിൽ പ്രൊഫസർമാരാണ് മൂന്നുപേരും. സൃഷ്ടിപരമായ നശീകരണത്തിലൂടെയും(creative distruction) നൂതന കണ്ടുപിടിത്തങ്ങളിലൂടെയുമുള്ള സാമ്പത്തിക വളർച്ചയിലൂടെയും സുസ്ഥിരവികസനം സാധ്യമാകുന്നതിനെക്കുറിച്ചുള്ള സിദ്ധാന്തങ്ങളുടെ പേരിലാണ് അവർക്ക് ഈ പുരസ്കാരം ലഭിച്ചിരിക്കുന്നത്.**

പതിനെട്ടാംനൂറ്റാണ്ടുവരെശാസ്ത്ര-സാങ്കേതിക മേഖലയിൽ മാറ്റങ്ങൾ ഉണ്ടായെങ്കിലും ജനങ്ങളുടെ ജീവിതനിലവാരത്തിൽ സമാനമായ മാറ്റം വന്നിരുന്നില്ല എന്ന് പല സാമ്പത്തിക വിദഗ്ധരും സമ്മതിക്കുന്നുണ്ട്. എന്നിരിക്കിലും കഴിഞ്ഞ രണ്ട് നൂറ്റാണ്ടായി നാം സുസ്ഥിരവികസനത്തിന് സാക്ഷ്യം വഹിക്കുന്നു എന്നുസമർത്ഥിക്കാനും സാമ്പത്തിക വിദഗ്ധർ വ്യഗ്രതകാട്ടുന്നുണ്ട്. ഒട്ടനവധി മനുഷ്യരെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാനും മനുഷ്യവംശത്തിന് ആകെ സമൃദ്ധി കൈ വരുത്താനും ഈ കാലയളവിൽ സാധിച്ചത്രേ! വാദത്തിനുവേണ്ടി ഇത് സമ്മതിച്ചാൽത്തന്നെയും ദാരിദ്ര്യം യഥാർത്ഥത്തിൽ കുറഞ്ഞോ? ഇതിനൊരു വിശദീകരണം നൽകാനാണ് ഈ വർഷത്തെ അവാർഡ് ജേതാക്കൾ ശ്രമിക്കുന്നത്. അവരുടെ അഭിപ്രായത്തിൽ സാങ്കേതിക മുന്നേറ്റം ബ്രിട്ടനിൽനിന്ന് ആരംഭിച്ച് ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിച്ചതോടെ ശാസ്ത്ര-സാങ്കേതികവിദ്യയിലുണ്ടായ നവീന മുന്നേറ്റങ്ങൾ നിരന്തരമായ പുരോഗതിക്കും കണ്ടുപിടുത്തങ്ങൾക്കും വഴിയൊരുക്കി. സുസ്ഥിരവും തുടർച്ചയായതുമായ പുരോഗതിക്ക് ഇത് കാരണമായി. അതിനടിത്തറയായി വർത്തിക്കുന്നത് സാങ്കേതിക മേഖലയിൽ തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന പുതിയ ആശയങ്ങളും ഉപകരണങ്ങളുമാണ്. പുതിയ സാങ്കേതികവിദ്യ പഴയതിനെ മാറ്റിവയ്ക്കുമ്പോൾ സാമ്പത്തിക മേഖല സദാ വളർന്നുകൊണ്ടിരിക്കുന്നു. ഇതിനെയാണ് അവർ സൃഷ്ടിപരമായ നശീകരണം (creative distruction)എന്നു വിളിക്കുന്നത്. സാങ്കേതിക മുന്നേറ്റത്തിന്റെ അടിത്തറയിൽവരുന്ന ഭൗതികവും സാമ്പത്തികവുമായ മൂലധനം സാമ്പത്തികമേഖലയിൽ വളർച്ചയ്ക്ക് കാരണമാകുന്ന എന്നിവർ പറയുന്നു. ഇത്തരമൊരു സിദ്ധാന്തത്തിന്മേൽ കെട്ടിപ്പടുത്ത ഗണിതശാസ്ത്ര മാതൃക ഉപയോഗിച്ചുകൊണ്ട് വ്യാവസായിക വിപ്ലവത്തിനുശേഷമുണ്ടായ സുസ്ഥിരവികസനത്തെ വിശദീകരിക്കാനാണ് ഈ വർഷത്തെ അവാർഡ് നേതാക്കൾ ശ്രമിക്കുന്നത്. എന്നാൽ ഈ വികസനം മുഴുവൻ ജനങ്ങളുടെയും വികസനമാണോ അതോ കേവലം ഒരുപിടി വരുന്ന അതിസമ്പന്നരുടേതാണോ എന്നത് അവർ വ്യക്തമാക്കുന്നില്ല.

1940കളിൽ തന്നെ ജോസഫ് ഷുംപ്സ്റ്റർ എന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ, മുതലാളിത്തത്തെ, ഇത്തരം സദാ പരിണമിച്ചു കൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥയായി അവതരിപ്പിച്ചിരുന്നു. പുതിയ സാങ്കേതികവിദ്യകൾ കൊണ്ടുവരുന്ന സംരംഭകർ, അതുവഴി സാമ്പത്തിക പുരോഗതി കൊണ്ടുവരുന്നു എന്നും ഇത്തരം പുതിയ സാങ്കേതികവിദ്യകൾ സൃഷ്ടിപരമായ നശീകരണം വഴി പഴയ സാങ്കേതികവിദ്യകളെ, വ്യവസായങ്ങളെ എല്ലാം മാറ്റിമറിക്കുന്നു എന്നും അന്നുതന്നെ അദ്ദേഹം പറഞ്ഞിരുന്നു. എന്നാൽ ഇതിന് ആധാരമായി വിപണി പൂർണമായും സ്വതന്ത്രമാണെന്നും തുറന്ന മത്സരത്തിനുള്ള സാധ്യതകളുണ്ടെന്നും സ്വകാര്യ നിക്ഷേപകരുടെ പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുക മാത്രമാണ് ഭരണകൂടത്തിന്റെ കർത്തവ്യമെന്നും അദ്ദേഹം അനുമാനിച്ചു. കുത്തക മുതലാളിത്തത്തിന്റെ ഇക്കാലത്ത് ഇവയെല്ലാം തെറ്റാണെന്ന് പറയേണ്ടതില്ലല്ലോ. ഇക്കാലത്ത് വൻ കുത്തകകൾ വിപണി പിടിച്ചെടുത്തു കഴിഞ്ഞു. അവർ ചെറിയ നിക്ഷേപകരെ വിപണിയിൽനിന്ന് പുറന്തള്ളിക്കഴിഞ്ഞു. അവരുടെ വളർച്ചക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കലാണ് ഭരണകൂടത്തിന്റെ കർത്തവ്യം.

ഇപ്രാവശ്യത്തെ നൊബേൽ ജേതാക്കൾ ഷുംപ്സ്റ്ററുടെ സിദ്ധാന്തത്തെ പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ പുതിയ സാങ്കേതികവിദ്യകൾക്ക് ചരിത്രപരമായി സുസ്ഥിരവികസനം കൊണ്ടുവരാൻ സാധിക്കാത്തതെന്തുകൊണ്ട് എന്ന ചോദ്യത്തിന് അവർക്കുത്തരമില്ല. നൊബേൽ ജേതാക്കൾ പുരോഗതിയെ രണ്ടു ഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ട്-വൻകുതിച്ചുചാട്ടങ്ങളും ചെറിയ മെച്ചപ്പെടലുകളും (macro inventions, micro inventions). വൻകുതിച്ചുചാട്ടങ്ങളെന്നാൽ സാങ്കേതികവിദ്യയിലുണ്ടാകുന്ന വമ്പൻ മുന്നേറ്റമാണ്. മനുഷ്യരുടെ അറിവിനെയും ജീവിതത്തെയും മാറ്റിമറിക്കാൻ ശേഷിയുള്ള അത്തരത്തിലുള്ള പുതിയ സാങ്കേതികവിദ്യകളാണ് ഇവ. ചിലപ്പോൾ ചെറിയ സാങ്കേതിക മുന്നേറ്റങ്ങൾപോലും നിലനിൽക്കുന്ന വ്യത്യസ്തങ്ങളായ ആശയങ്ങളെ ഒരു പുതിയ വെളിച്ചത്തിൽ കാണിച്ചുതരികയും അത് വലിയ മാറ്റങ്ങളിലേക്ക് നയിക്കുകയും ചെയ്തേക്കാം. അത്തരം മുന്നേറ്റങ്ങളും മാക്രോ ഇൻവെൻഷന്റെ ഭാഗമാണ്. ചെറിയ മെച്ചപ്പെടുത്തലുകൾ വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് സംഭവിക്കുന്ന ചെറിയ മാറ്റങ്ങളാണ്. നിത്യജീവിതവുമായി അഭേദ്യമായബന്ധമുള്ളവയാണ് ഇത്തരം മൈക്രോ ഇൻവെൻഷനുകൾ. സാങ്കേതികവിദ്യയും സാമ്പത്തിക നയങ്ങളുമായി ബന്ധപ്പെടുന്നത് ഇത്തരം മൈക്രോ ഇൻവെൻഷനാണ്.

അറിവിനെയും ഇവർ രണ്ടുതരമായി തിരിച്ചിട്ടുണ്ട്. പ്രസ്താവ്യരൂപത്തിലുള്ള അറിവും (propositional knowledge) നിർദ്ദേശരൂപത്തിലുള്ള അറിവും (prescriptive kanowledge). മാക്രോ ഇൻവെൻഷൻസ് ആണ് പ്രസ്താവ്യരൂപത്തിലുള്ള അറിവ് നിർമ്മിക്കുന്നത്. മൈക്രോ ഇൻവെൻഷൻ ആകട്ടെ നിത്യജീവിതത്തിന് ആവശ്യമായ നിർദ്ദേശരൂപത്തിലുള്ള അറിവ് നിർമ്മിക്കുന്നു. ഈ രണ്ടുതരം അറിവുകളും ഉദ്ഗ്രഥിക്കാതെ നിരന്തരമായ വികസനവും പുതിയ കണ്ടുപിടുത്തങ്ങളും സാധ്യമല്ല. അതുകൊണ്ടാണ് സാങ്കേതികവിദ്യയിൽ സമൂലമായ മാറ്റങ്ങൾ വന്നാലും അത് സുസ്ഥിരമായ പുതിയ മുന്നേറ്റങ്ങളിലേക്ക് നയിക്കാത്തത്. പലപ്പോഴും പുതിയ സാങ്കേതികവിദ്യകൾ വരുന്നത് വ്യവസായ വിപ്ലവകാലത്തെ ഓർമ്മിപ്പിക്കുന്ന തരത്തിലാണ്. എന്നാൽ അവയൊന്നുംതന്നെ സമാഹരിക്കപ്പെട്ട് നിരന്തരവും സുസ്ഥിരവുമായ സാമ്പത്തിക-സാങ്കേതിക വികാസത്തിന് വഴിയൊരുക്കുന്നില്ല. ആത്യന്തികമായി അത്തരം വികസനത്തിന് വഴിയൊരുക്കുന്നത് ഉപയോഗമുള്ള അറിവാണത്രേ (1971 ലെ നൊബേൽ ജേതാവ് കുസ്നറ്റ്ആണ് ഈ പദം ആദ്യമായി ഉപയോഗിക്കുന്നത്). ഈ വിശദീകരണം തികച്ചും അക്കാദമികമാണെന്ന് കാണാം. എങ്കിലും ഇതിനകത്തെ വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാണിക്കാനാണ് ഇവിടെ എടുത്തുചേർക്കുന്നത്.

ആദ്യമായി ശ്രദ്ധിക്കേണ്ടത്, മുതലാളിത്തത്തിൽ ഒരു ജഡാവസ്ഥയുണ്ടായിരിക്കുന്നു എന്നിവർ സമ്മതിക്കുന്നുണ്ട് എന്നതാണ്. സാമ്പത്തിക മാന്ദ്യം, വർദ്ധിക്കുന്ന ദാരിദ്ര്യം, തൊഴിൽ നഷ്ടം അങ്ങനെയുള്ള പ്രശ്നങ്ങളെ കുറിച്ചാണ് അവർ പറയുന്നത്. നിരന്തരമായ നവീകരണത്തിന് കാലാകാലങ്ങളിൽ സൃഷ്ടിപരമായ നശീകരണം ആവശ്യമാണെന്നാണ് ഇവരുടെ വാദം. സാങ്കേതികവിദ്യയോടുള്ള വിമുഖത ചരിത്രത്തിലുടനീളം കാണാം. അതു വരുന്നത് നിക്ഷിപ്തതാൽപര്യക്കാരിൽ നിന്നാണത്രെ. കുത്തകകൾ പല സൂത്രപ്പണികളിലൂടെ കൈയടക്കിവെച്ചിരിക്കുന്ന കമ്പോളത്തെ പുതിയ കണ്ടുപിടിത്തങ്ങൾ പുനഃക്രമീകരിക്കുന്നുണ്ട്. പ്രത്യേകിച്ചും ജ്ഞാനോദയത്തിന്റെ കാലത്ത് പുതിയ സ്ഥാപനങ്ങൾ ഉണ്ടായിവരികയും അത് തൽപരകക്ഷികൾക്കിടയിൽ മത്സരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഇത്തരം മത്സരങ്ങളിൽ വിജയിക്കുന്നവർ തോറ്റവർക്ക് നഷ്ടപരിഹാരം കൊടുക്കുകയും ചെയ്യുമായിരുന്നു. അത്തരം കാര്യങ്ങൾ തീരുമാനിക്കാൻ വേണ്ടിയാണ് എല്ലാവരും ഒരുമിച്ചിരിക്കുന്ന പാർലമെന്റുകൾ സ്ഥാപിച്ചത്.

## ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്നു

ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞർ പറയുന്നത് ദാരിദ്ര്യം കുറഞ്ഞുവരുന്നു എന്നാണ്. ഇതിലും വലിയ ഒരു നുണയില്ല. ഇത്തരം കാപട്യങ്ങളെ ന്യായീകരിക്കാൻവേണ്ടി അവർ പലപ്പോഴും ദരിദ്രരുടെ വരുമാനവും ചെലവും കണക്കാക്കുന്നതിന്റെ മാനദണ്ഡങ്ങൾ മാറ്റാറുണ്ട്. മുപ്പതുവർഷംമുമ്പ് ഒരാൾക്ക് കഷ്ടിച്ച് ജീവിക്കാൻ 32 രൂപ മതിയായിരുന്നെങ്കിൽ അതിൽ കൂടുതൽ വരുമാനം ഉള്ളവരെ ദരിദ്രരായി പരിഗണിച്ചിരുന്നില്ല. എന്നാൽ പണപ്പെരുപ്പം കാരണം രൂപയുടെ മൂല്യം വളരെയധികം ഇടിഞ്ഞാലും ഇതേ തുക തന്നെയാണ് ദാരിദ്ര്യരേഖ നിശ്ചയിക്കുന്നത് എന്നുവന്നാലോ? മുതലാളിത്തത്തിൽ ഉല്പാദനോപാധികളുടെ നിയന്ത്രണം ഏതാനും വ്യക്തികളുടെ കൈയിലാണ്. എന്നാൽ ഉല്പാദനമാകട്ടെ ഒട്ടനവധി തൊഴിലാളികളുടെ പങ്കാളിത്തത്തോടെ സാമൂഹ്യമായാണ് നടക്കുന്നത്. സമൂഹത്തിന്റെ മൊത്തം ആവശ്യകത നിറവേറ്റാനാണ് അത് ഉപയോഗിക്കേണ്ടത്.

ഒന്നാമതായി, നൊബേൽ സമ്മാനം ലഭിക്കുന്ന സാമ്പത്തിക ശാസ്ത്ര സിദ്ധാന്തങ്ങൾ ഒന്നുംതന്നെ പ്രായോഗികതലത്തിൽ പരിശോധിച്ച് ശരിയാണെന്ന് തെളിയിക്കപ്പെട്ടവയല്ല. രണ്ടാമതായി ഈ സിദ്ധാന്തങ്ങളെല്ലാം സാമ്പത്തികശാസ്ത്രത്തിലെ മാർക്സിസ്റ്റ് സമീപനത്തെ തള്ളിക്കളയുന്നതും മുതലാളിത്തത്തെ ന്യായീകരിക്കുന്നവയുമാണ്, ഉപോദ്ബലകമായ തെളിവുകളൊന്നും അവർക്കില്ലെങ്കിലും. അടിത്തറയും, (സാമ്പത്തിക വ്യവസ്ഥയും ഉൽപാദന ബന്ധങ്ങളും) ഉപരിഘടനയും (സാമ്പത്തികേതരമായ സ്ഥാപനങ്ങളും ആശയങ്ങളും-നിയമം, രാഷ്ട്രീയം, മതം, സംസ്കാരം എന്നിവ) തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഈ വർഷത്തെ നൊബേൽ ജേതാക്കളും മൗനം പാലിക്കുകയാണ്. മനുഷ്യചരിത്രത്തിൽ എല്ലാക്കാലത്തും മുതലാളിത്തം ആയിരുന്നില്ല സാമ്പത്തികാടിത്തറ. ആദ്യനാളുകളിലെ പ്രാകൃത കമ്മ്യൂണിസത്തിനുശേഷം ഉൽപാദന ഉപകരണങ്ങളും ഉത്പാദനബന്ധങ്ങളും സാമൂഹ്യവിപ്ലവങ്ങളിലൂടെ മാറുന്നതിനനുസരിച്ച് അടിമവ്യവസ്ഥ, ഫ്യൂഡൽ സമ്പ്രദായം, മുതലാളിത്തം എന്നിങ്ങനെ വ്യത്യസ്ത ഘട്ടങ്ങളായാണ് മനുഷ്യവംശം പുരോഗമിച്ചത്. മനുഷ്യമസ്തിഷ്കവും പുറംലോകവുമായുള്ള വൈരുദ്ധ്യാത്മക ഇടപെടലുകളിലൂടെ ആശയങ്ങളും ചിന്തകളും രൂപംകൊള്ളുന്നു. അവ സാപേക്ഷികമായി സ്വതന്ത്രമാണെങ്കിലും അവയ്ക്ക് സാമ്പത്തിക അടിത്തറയെ സ്വാധീനിക്കാനും തിരിച്ച് സാമ്പത്തിക അടിത്തറയ്ക്ക് ചിന്തകളെ സ്വാധീനിക്കാനും കഴിയും. സമൂഹത്തിന്റെ പുരോഗതി, സാമ്പത്തികവ്യവസ്ഥ കാരണം തടസ്സപ്പെടുന്നെങ്കിൽ ഈ സാമ്പത്തിക വ്യവസ്ഥ മാറി ഗുണപരമായി വ്യത്യസ്തമായ പുതിയ വ്യവസ്ഥ വരണമെന്ന സാമൂഹിക ആവശ്യവും സമൂഹത്തിന്റെ ചിന്തയുടെ ഭാഗമായിത്തീരുന്നു. ഈ പ്രക്രിയയിൽ എല്ലാ ഉൽപാദനശക്തികളും-മനുഷ്യാധ്വാനവും, ഉപകരണങ്ങളും, കെട്ടിടങ്ങളും അന്നുവരെയുള്ള അറിവും എല്ലാം - ഉൽപാദന സമ്പ്രദായത്തെ മാറ്റുന്നതിനുള്ള പ്രക്രിയയിൽ പങ്കാളികളാകുന്നു.

ഫ്യൂഡൽ സമ്പ്രദായം വികേന്ദ്രീകൃതമായ, കൃഷി അടിസ്ഥാനമായുള്ള സമ്പദ്‌വ്യവസ്ഥയായിരുന്നു. അവിടെ ഭൂമി തന്നെയായിരുന്നു സമ്പത്തിന്റെയും അധികാരത്തിന്റെയും പ്രാഥമികമായ ഉറവിടം. രാജാവ്, പൗരപ്രമുഖർക്ക് അവരുടെ വിധേയത്വത്തിനും പിന്തുണയ്ക്കും പകരമായി ഭൂമി വിതരണം ചെയ്തു. ഭൂമിയുടെ ഉടമസ്ഥതയായി

(ശേഷം 7–ാം പേജിൽ)

# മുതലാളിത്തത്തെ ന്യായീകരിക്കുക എന്നത് നൊബേൽ പുരസ്കാരം ലഭിക്കാനുള്ള ഒരേയൊരു അളവുകോലായി ചുരുങ്ങി

(6-ാം പേജിൽ നിന്ന്)

രുന്നു ജന്മിത്തവ്യവസ്ഥയുടെ കാതൽ. കർഷകർ ഭൂമിയുമായി ബന്ധിക്കപ്പെട്ടിരുന്നു. ഭൂവുടമയുടെ അനുമതിയില്ലാതെ അവർക്ക് സ്ഥലം വിട്ടുപോകാനോ മറ്റു തൊഴിലുകൾ സ്വീകരിക്കാനോ സാധിക്കുമായിരുന്നില്ല. അങ്ങനെ ഭൂമിയുമായി ബന്ധിക്കപ്പെട്ട ഒരു തൊഴിൽസേന ഫ്യൂഡലിസത്തിലുണ്ടായിരുന്നു. ഫ്യൂഡലിസം കാലഹരണപ്പെട്ടപ്പോൾ തൽസ്ഥാനത്ത് മുതലാളിത്തം വന്നു. ആധുനിക സമൂഹത്തിന്റെ സാമ്പത്തിക അടിത്തറ മുതലാളിത്തത്തിന്റേതാണ്. മുതലാളിത്തത്തിന്റെ വികാസത്തിന്റെ ഭാഗമായാണ് ന്യൂട്ടോണിയൻ ചലന നിയമങ്ങളെക്കുറിച്ച് നാം മനസ്സിലാക്കുന്നത്. മുതലാളിത്തം പുരോഗമിക്കുന്നതിനനുസരിച്ച് പഴയ പല സാങ്കേതികവിദ്യകളും കാലഹരണപ്പെടുകയോ പുതിയ ആവശ്യങ്ങൾക്കനുസരിച്ച് മാറിത്തീരുകയോ ചെയ്തു. ഈ പ്രക്രിയ തന്നെയല്ലേ നൊബേൽ ജേതാക്കൾ സൃഷ്ടിപരമായ നശീകരണം എന്ന ഓമനപ്പേരിട്ട് വിളിക്കുന്നത്?

ഫ്യൂഡലിസത്തിൽ ഉത്പാദനം സ്വകാര്യമായ ഒരു പ്രവർത്തനമായിരുന്നു, അതും സ്വകാര്യആവശ്യങ്ങൾക്കുവേണ്ടി. മുതലാളിത്തത്തിൽ സാമൂഹ്യ ആവശ്യങ്ങൾക്കവേണ്ടി കൂട്ടായി ചെയ്യുന്ന പ്രവർത്തനമായി ഉത്പാദന പ്രക്രിയ മാറി. എന്നാൽ ഉല്പാദനത്തിന്റെ ലക്ഷ്യമാകട്ടെ മുതലാളിക്ക് പരമാവധി ലാഭം ഉണ്ടാക്കുകയാണുതാനും. മുതലാളിത്തത്തിന്റെ ആദ്യനാളുകളിൽ സമ്പദ്‌വ്യവസ്ഥ സ്വതന്ത്രമത്സരം പ്രോത്സാഹിപ്പിച്ചിരുന്നു. അന്ന് വിപണിയിൽ മത്സരിക്കാൻവേണ്ടി ലാഭംകുറയ്ക്കാൻ മുതലാളിമാർ നിർബന്ധിതരായി. അക്കാലത്ത് സമൂഹത്തിൽ പുരോഗതി ഉണ്ടായി. വ്യവസായങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും പണിയെടുത്ത് തൊഴിലാളികൾക്ക് അവശ്യവസ്തുക്കൾ വാങ്ങിക്കാനും ജന്മിത്ത കാലഘട്ടത്തെ അപേക്ഷിച്ച് മെച്ചപ്പെട്ട രീതിയിൽ ജീവിക്കാനും സാധിച്ചു. ലോകമെമ്പാടും രാജ്യങ്ങളുടെ ആഭ്യന്തര ഉൽപാദനത്തിൽ (ജിഡിപി) വലിയ പുരോഗതിയുണ്ടായി. ജനങ്ങളുടെ ജീവിത നിലവാരം അതിനനുസരിച്ച് മെച്ചപ്പെട്ടു. എന്നാൽ പിന്നീട് മുതലാളിത്ത ഉത്പാദനരീതി പ്രതിസന്ധി സൃഷ്ടിച്ചു.

മുതലാളിത്ത പ്രതിസന്ധി മുതലാളിത്തത്തിനകത്തു തന്നെയുള്ള പരിഷ്കരണങ്ങളിലൂടെ പരിഹരിക്കാനാണ് നൊബേൽ ജേതാക്കൾ ഉൾപ്പെടെയുള്ള ബൂർഷ്വ സാമ്പത്തികവിദഗ്ധർ എല്ലാം തന്നെ ശ്രമിക്കുന്നത്. പ്രതിസന്ധിയുടെ മൂലകാരണം മുതലാളിത്തം തന്നെയാണ് എന്നത് ചികഞ്ഞെടുക്കാൻ അവർക്ക് താല്പര്യമില്ല. ഈ സാമ്പത്തിക വിദഗ്ധർ കരുതുന്നത് മുതലാളിത്തത്തിന് പകരം വയ്ക്കാൻ മറ്റൊന്നുമില്ല എന്നാണ്. ഈ പണ്ഡിതന്മാർ ഉണ്ടാക്കിയെടുത്ത മോഡലുകൾ ഏതെങ്കിലും തരത്തിൽ പരീക്ഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണ് അതിന്റെ റിസൾട്ട് എന്ന് നമുക്കറിയില്ല. എന്നാൽ നമുക്കറിയാവുന്ന ഒരു കാര്യം അമർത്യസെന്നിന്റെ 'കഴിവുകളുടെ വികാസവും' സ്റ്റിഗ്‌ലിറ്റ്സിന്റെ 'ആഗോളവൽക്കരണത്തിന്റെ സാമ്പത്തികശാസ്ത്രവും' അഭിജിത് ബാനർജിയുടെ 'ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള പരീക്ഷണങ്ങളും' എല്ലാം ഉണ്ടായിട്ടും കാര്യങ്ങൾ ഒട്ടും മെച്ചപ്പെട്ടിട്ടില്ല എന്നുമാത്രമല്ല കൂടുതൽ വഷളായിരിക്കയാണ് എന്നതാണ്.

സാമ്പത്തിക പുരോഗതിയുടെ അളവുകോലായി ബൂർഷ്വ സാമ്പത്തിക വിദഗ്ധർ എടുത്തുകാട്ടുന്ന ജിഡിപിയോ (മൊത്തം ആഭ്യന്തര ഉൽപാദനം) അല്ലെങ്കിൽ ആളോഹരി വരുമാനമോ (സാമ്പത്തിക വിതരണത്തിലെ അസമത്വം കണക്കിലെടുക്കാതെയുള്ള ശരാശരി വരുമാനം) യഥാർത്ഥ സാഹചര്യത്തെ അളക്കുന്നതല്ല. മുതലാളിത്തം സൃഷ്ടിക്കുന്ന ഭീമാകാരമായ സാമ്പത്തിക അസമത്വം, ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം, സമ്പത്ത് വലിയതോതിൽ ഏതാനും ആളുകളുടെ കൈയിൽ കുമിഞ്ഞു കൂടുകയും ബഹുഭൂരിപക്ഷം ജനങ്ങളും പരമ ദരിദ്രരായി ഇടരുകയും ചെയ്യുന്നത്-ഇതൊന്നും ജിഡിപിയിലോ ആളോഹരി വരുമാനത്തിലോ പ്രതിഫലിക്കുന്നില്ല. ലോകമെമ്പാടും നോക്കിയാൽ വരുമാനത്തിന്റെ പകുതിയും പോകുന്നത് പത്തു ശതമാനം ആളുകളിലേക്കാണ്. അതിൽത്തന്നെ ആകെ വരുമാനത്തിന്റെ എട്ടു ശതമാനം മാത്രമേ താഴെക്കിടയിലുള്ള 50% ജനങ്ങൾക്കാകെ ലഭിക്കുന്നുള്ളൂ. സമ്പത്തിന്റെ വിതരണം ഇതിലും അസന്തുലിതമാണ്. 88% സമ്പത്തും കേവലം 10 ശതമാനം ആളുകളുടെ കൈയിലാണ് ഇരിക്കുന്നത്. ഇതിൽത്തന്നെ ഭൂരിഭാഗവും അതിസമ്പന്നരായ ഒരു ശതമാനത്തിന്റെ കൈവശമാണുതാനും. ഇനി, താഴേക്കിടയിലുള്ള 50% പങ്കുവയ്ക്കുന്നത് ആകെ സമ്പത്തിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ്. ഇതിൽ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം, അതിസമ്പന്നർ തങ്ങളുടെ സമ്പത്ത് വളരെയധികം വർദ്ധിപ്പിച്ചത് സാമ്പത്തിക പ്രതിസന്ധിയുടെയും പകർച്ചവ്യാധിയുടെയും കാലങ്ങളിലാണെന്നതാണ്. അതായത് സാധാരണ ജനങ്ങൾ ജീവിച്ചുപോകാൻ കഷ്ടപ്പെടുന്ന നാളുകളിലാണ് അവർ തങ്ങളുടെ സ്വത്ത് കുമിഞ്ഞു കൂട്ടിയത്. ഈ ഭീകരമായ സാമ്പത്തിക അസമത്വവും സാധാരണ ജനങ്ങളുടെ വരുമാനത്തിലുണ്ടായിരിക്കുന്ന വലിയ ഇടിവും ജനങ്ങളുടെ ക്രയശേഷി വല്ലാതെ ശോഷിപ്പിച്ചിരിക്കുന്നു. അത് കമ്പോളത്തെ നന്നായി ചുരുക്കുകയും ചെയ്യുന്നു. ഇത് മുതലാളിത്തത്തെ ആകെ അപരിഹാര്യമായ ഒരു പ്രതിസന്ധിയിലാണ് കൊണ്ടെത്തിച്ചിരിക്കുന്നത്. ഇതാണ് മുതലാളിത്ത പ്രതിസന്ധിയുടെ മൂലകാരണം. സാമ്പത്തികമേഖലയിൽ പുറമേക്കുകാണുന്ന എല്ലാ പ്രശ്നങ്ങളും ഉടലെടുക്കുന്നത് ഈ കമ്പോളപ്രതിസന്ധിയിൽ നിന്നാണ്.

## എന്തുകൊണ്ടാണ് സമ്പദ്‌വ്യവസ്ഥ ജഡാവസ്ഥയിൽ നിൽക്കുന്നത്

മുതലാളിത്ത സമ്പദ്‌വ്യവസ്ഥ ചലനമറ്റ്, ജഡാവസ്ഥയിലെത്തി നിൽക്കുകയാണിന്ന്. ഇത് വിശദീകരിക്കാനാണ് ഈ വർഷത്തെ നൊബേൽ ജേതാക്കൾ തങ്ങളുടെ 'സൃഷ്ടിപരമായ നശീകരണ' സിദ്ധാന്തവുമായി വന്നിരിക്കുന്നത്. മുതലാളിത്തത്തിന്റെ ചൂഷണയന്ത്രം പ്രവർത്തിപ്പിക്കുന്ന സംരംഭകർ ആണത്രേ ഇത് ചെയ്യാൻ പോകുന്നത്. എന്നാൽ ഈ സിദ്ധാന്തത്തിന് സാമൂഹ്യവികാസത്തിന്റെ നിയമങ്ങളുമായി ബന്ധമില്ല. സാമൂഹ്യ ആവശ്യങ്ങൾക്കനുസരിച്ച് ഉത്പാദന സമ്പ്രദായം മാറ്റുന്നതിനെക്കുറിച്ച് അത് മിണ്ടുന്നില്ല. സാമ്പത്തിക രംഗത്തെ വർദ്ധിച്ചുവരുന്ന പ്രതിസന്ധിയെക്കുറിച്ച് അവർ ഗൗരവമായി ചിന്തിച്ചിരുന്നെങ്കിൽ മുതലാളിത്തം തന്നെയാണ് പ്രതിസന്ധി സൃഷ്ടിക്കുന്നത് എന്നത് കാണാതെ പോകില്ലായിരുന്നു. മുതലാളിത്തം സാമൂഹ്യപുരോഗതിക്ക് വിലങ്ങുതടിയായി നിൽക്കുന്നു. ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അത് നീതിപൂർവ്വമായി വിതരണം ചെയ്യുന്നതിനും തടസ്സം നിൽക്കുന്നത് മുതലാളിത്ത സാമ്പത്തികക്രമം തന്നെയാണ്. ഒരുപിടിവരുന്ന സമ്പന്നർ വീണ്ടും പണമുണ്ടാക്കുന്നു. ദരിദ്രർ കൂടുതൽ ദരിദ്രരായിക്കൊണ്ടിരിക്കുന്നു. നൊബേൽ ജേതാക്കൾതന്നെ സൂചിപ്പിക്കുന്നതുപോലെ സാമ്പത്തിക പുരോഗതിയുടെ യഥാർത്ഥ അളവുകോൽ ജനങ്ങളുടെ ജീവിതനിലവാരമാണ്.




മുതലാളിത്ത പ്രതിസന്ധി വിശകലനം ചെയ്ത് കാരണങ്ങൾ ചൂണ്ടിക്കാട്ടിയത് കാൾ മാർക്സ് ആണ്. എല്ലാവരെയും കുഴക്കിയിരുന്ന ചോദ്യമാണ് മുതലാളിമാരുടെ ലാഭം എവിടെനിന്ന് വരുന്നു എന്നത്. മനുഷ്യചരിത്രത്തിൽ ഉടനീളം നിലനിന്ന ഉൽപാദന പ്രക്രിയകൾ മാർക്സ് വിശകലനം ചെയ്തു. മനുഷ്യർ അവരുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകാനാവശ്യമായ പ്രവർത്തനം നടത്തുന്ന രീതിയെ 'ഉത്പാദന രീതി' (mode of production)എന്ന് വിളിക്കുന്നു. അതിനുപയോഗിക്കുന്ന ഉപകരണങ്ങളും അതുപയോഗിച്ച് ഉത്പാദനം നടത്തുന്ന ആളുകളും ചേർന്നതാണ് ഉത്പാദന ശക്തികൾ. ഉത്പാദന രീതിയുടെ ഒരു പ്രധാനപ്പെട്ട വശം ഉത്പാദന പ്രക്രിയയിൽ ഉൾപ്പെട്ട ആളുകൾ തമ്മിലുള്ള ബന്ധമാണ്. ഇതിനെ ഉത്പാദനബന്ധം എന്ന വിളിക്കുന്നു.

ഉൽപ്പന്നങ്ങൾക്ക് രണ്ടുതരത്തിലുള്ള മൂല്യങ്ങളാണ് എന്ന് മാർക്സ് കാണിച്ചു. ഒന്ന്, അതിന്റെ ഉപയോഗമൂല്യം(use value). മറ്റൊന്ന് വിപണനമൂല്യം (exchange value). ഓരോ ഉൽപ്പന്നത്തിന്റെമേലും ചിലവഴിച്ച അധ്വാനസമയമാണ് വിപണന മൂല്യത്തെ നിർണയിക്കുന്നത്. വിപണന മൂല്യമാണ് വിശകലനത്തിന്റെ അടിസ്ഥാനമെങ്കിലും വിപണിയിൽ ഒരു വസ്തുവും അതിന്റെ യഥാർത്ഥ വിപണനമൂല്യത്തിൽ അല്ല വിറ്റുപോകുന്നത്. അത് വിപണിയിലെ ആവശ്യത്തിന്റെയും ലഭ്യതയുടെയും (ഡിമാൻഡ് ആൻഡ് സപ്ലൈ) അടിസ്ഥാനത്തിൽ മാറിക്കൊണ്ടിരിക്കും. വിപണന മൂല്യം എന്നത് ഉത്പന്നത്തിന്റെ വിലയല്ല. മറിച്ച്, ഉത്പന്നത്തിന് പകരമായി മറ്റേതൊക്കെ ഉത്പന്നങ്ങൾ വാങ്ങാൻ പറ്റും എന്നതാണ് അത് സൂചിപ്പിക്കുന്നത്.

ഓരോ ഉല്പന്നത്തിലും അന്തർലീനമായിട്ടുള്ളത് മനുഷ്യാധ്വാനമാണ്-മൂർത്തമായതും അമൂർത്തമായതും. മൂർത്തമായ അധ്വാനം എന്നാൽ ഒരു ഉത്പന്നത്തിന് ഉപയോഗിച്ച പ്രത്യേക രൂപത്തിലുള്ള മനുഷ്യാധ്വാനമാണ്. അതാണ് ഉല്പന്നത്തിന്റെ വിപണനമൂല്യം നിർണയിക്കുന്നത്. എല്ലാ ഉത്പന്നങ്ങൾക്കും പൊതുവായുള്ളത് അവയെല്ലാം മനുഷ്യാധ്വാനത്തിലൂടെ രൂപംകൊള്ളുന്നതാണ് എന്നതാണ്. ഒരു ഉല്പന്നത്തിനുമേൽ കൂടുതൽ മനുഷ്യാധ്വാനം വേണ്ടിവന്നാൽ അതിന്റെ വിപണനമൂല്യം കൂടുന്നു. അതുകൊണ്ടാണ് അവശ്യഭക്ഷണപദാർത്ഥങ്ങളേക്കാൾ വിപണനമൂല്യം ഒരു കാറിന് വരുന്നത്. ഒരു കപ്പലിന് തോണിയെക്കാൾ മൂല്യമേറുന്നതും അതുകൊണ്ടുതന്നെ. ഒരു കപ്പൽ ഉണ്ടാക്കാൻ വേണ്ടിവരുന്ന മനുഷ്യാധ്വാനം കൂടുതൽ വൈദഗ്ധ്യമുള്ളതാകണം. അത്തരം വിദഗ്ധ തൊഴിലാളികളുടെ ജീവിതനിലവാരവും ഉയർന്നതായിരിക്കും. അവർക്ക് നൈപുണി ആർജ്ജിക്കാനും അത് നിലനിർത്താനും വീണ്ടും മനുഷ്യാധ്വാനം ചെലവഴിക്കേണ്ടതുണ്ട്. അതുംകൂടെ ആ ഉല്പന്നത്തിന് ആവശ്യമായ മനുഷ്യാധ്വാനത്തിൽപെട്ടതാണ്. അതുകൊണ്ടുതന്നെ വിദഗ്ധ തൊഴിലാളികളെ ആവശ്യമുള്ള ഉല്പന്നങ്ങൾക്ക് വിപണനമൂല്യം കൂടും. മാർക്സ് ഇതും പറഞ്ഞു, "വിപണന മൂല്യം ഇല്ലാതായാൽപോലും സമ്പത്തിന്റെ സത്തയെന്ന നിലയിലും അത് ഉണ്ടാക്കിയെടുക്കാനുള്ള ചെലവ് എന്ന നിലയിലും അധ്വാനസമയം പരിഗണിക്കേണ്ടിവരും." *(Theories of surplus value, CW, vol.3)*

"അധ്വാനം ലഘൂകരിക്കാൻ ഉപയോഗിക്കുന്ന യന്ത്രങ്ങളും നിർമ്മിക്കുന്നത് അധ്വാനം വഴിയാണ്. അതുകൊണ്ടുതന്നെ യന്ത്രങ്ങളിലുള്ളതും മറച്ചുവയ്ക്കപ്പെട്ടിട്ടുള്ള മനുഷ്യാധ്വാനമാണ്" എന്ന് മാർക്സ് പറഞ്ഞു.

തങ്ങളുടെ അധ്വാനത്തിൽനിന്ന് അത് നിലനിർത്താനാവശ്യമായ മിനിമം ചെലവ് കഴിച്ച് തൊഴിലാളികൾ ഉല്പാദിപ്പിക്കുന്നതാണ് മിച്ചമൂല്യം എന്ന് മാർക്സ് കാണിച്ചു. ഇത് സൃഷ്ടിക്കുന്നത് തൊഴിലാളികൾ അധികമായി നടത്തുന്ന അധ്വാനമാണ്. ഇതാണ് മുതലാളിയുടെ ലാഭം. ഈ മിച്ചമൂല്യം മുതലാളി കൈയടക്കുന്നു. അതായത് മിച്ചമൂല്യമെന്നത് തൊഴിലാളിയുടെ കൂലി കിട്ടാത്ത അധ്വാനമാണ്. ഈ മിച്ചമൂല്യം നിക്ഷേപിച്ച് എന്തെങ്കിലും പുതിയ കണ്ടുപിടിത്തം വരുന്നുണ്ടെങ്കിൽ അതിന്റെ യഥാർത്ഥ അവകാശി തൊഴിലാളികളാണ്, മൂലധന നിക്ഷേപകരല്ല.

## ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞരുടെ തെറ്റായ വിശകലനം

ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞർ പറയുന്നത് ഉത്പാദനം നടക്കണമെങ്കിൽ മൂലധനവും അധ്വാനവും വേണമെന്നാണ്. എന്നാൽ മാർക്സ് പറയുന്നത് മൂലധനം എന്നത് പണത്തിന്റെ സഞ്ചയമാണ്-ഉത്പന്നങ്ങളുടെ വിനിമയത്തിലൂടെ പണത്തിന്റെ ബന്ധം വരുന്നതുവരെ മൂലധനത്തിന് രൂപംകൊള്ളാൻ കഴിയുമായിരുന്നില്ല. തൊഴിലാളിയെ ചൂഷണംചെയ്ത് മിച്ചമൂല്യം സൃഷ്ടിക്കുന്ന പണമാണ് മൂലധനം. ഒരു രക്തരക്ഷസിനെപ്പോലെ, ജീവിക്കുന്ന അധ്വാനത്തിന്റെ ചോരയൂറ്റിക്കൊണ്ടുമാത്രമാണ് അതിന്റെ നിലനിൽപ്പ്. കൂടുതൽ ചോരയൂറ്റാൻ കഴിയുമ്പോൾ അത് കൂടുതൽ നിലനിൽക്കുന്നു എന്ന് മാർക്സ് പറഞ്ഞു.

"കുത്തകമൂലധനം ഉല്പാദന പ്രക്രിയ തടസ്സപ്പെടുത്തുന്നതാണ്. ഉല്പാദന പ്രക്രിയക്കിടയിലൂടെയാണ്, അതോടൊപ്പംതന്നെയാണ് കുത്തക മൂലധനം രൂപം കൊള്ളുന്നതും പുഷ്ടിപ്പെടുന്നതും. എന്നാൽ കുത്തകസ്വഭാവമാർജ്ജിക്കുന്നതോടെ ഉത്പാദന ശക്തികളെയാകെ കേന്ദ്രീകരിച്ചും അധ്വാനത്തെ സാമൂഹ്യവൽക്കരിച്ചും ഒരുഘട്ടമെത്തുമ്പോൾ അത് മുതലാളിത്ത പുറംതോടിന് വിരുദ്ധമായി വരുന്നു. പുറന്തോട് ഉള്ളിൽനിന്നുതന്നെ പൊളിയാൻ തുടങ്ങുന്നു. മുതലാളിത്ത സ്വകാര്യസ്വത്തിന്റെ മരണമണി മുഴക്കുന്നു.

(ശേഷം 8-ാം പേജിൽ)

# SIR തീവ്ര വോട്ടർപട്ടിക പരിഷ്കരണം: രക്തരഹിത രാഷ്ട്രീയ വംശഹത്യ

**കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയും സെന്റർ ഫോർ പ്രൊട്ടക്ഷൻ ഓഫ് ഡമോക്രാറ്റിക് റൈറ്റ്സ് ആന്റ് സെക്യൂലറിസ(സിപിഡിആർഎസ്)വും കോഴിക്കോട് സംഘടിപ്പിച്ച പൗരാവകാശ സംരക്ഷണ പ്രതിജ്ഞാ സമ്മേളനത്തിൽ ഡോ.പറകാല പ്രഭാകർ നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്തരൂപം**

നമ്മുടെ റിപ്പബ്ലിക്ക് വളരെ വളരെ പ്രയാസകരമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. രാജ്യത്ത് നടക്കുന്ന കാര്യങ്ങളിൽ ഇത്രയധികം അസ്വസ്ഥനാകുന്നത് എന്താണെന്ന് ഇവിടെവന്ന് ഹൃദയം തുറന്ന്, നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിച്ചു. എന്നെ ഒരു പരിഭ്രാന്തി പരത്തുന്നവനായി (alarmist) ദയവായി തെറ്റിദ്ധരിക്കരുത്. ഇത്തരത്തിലുള്ള ഒത്തുചേരലുകൾ അസാധ്യമല്ലെങ്കിൽ പോലും, വളരെ അപൂർവമായിക്കൊണ്ടിരിക്കുകയാണെന്ന് ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻ ആഗ്രഹിക്കുന്നു. എവിടെയും എന്തും സംഭവിക്കാം, പക്ഷേ ഇന്ത്യയിൽ സംഭവിക്കില്ല എന്ന് നമ്മൾ ചിന്തിച്ചേക്കാം. ഇന്ത്യയിൽ എന്തും സംഭവിക്കാം, പക്ഷേ കേരളത്തിൽ സംഭവിക്കില്ല എന്നും നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ അതു ശരിയല്ല. എല്ലാം ശരിയാണെന്ന് വിശ്വസിക്കാൻ, ചോദിക്കാതെതന്നെ തയ്യാറുള്ള ഒരുപാടുപേരെ ഞാൻ കണ്ടിട്ടുണ്ട്. ഇന്ന് നടക്കുന്നത് ഏറ്റവും അനുയോജ്യമായ കാര്യമാണെന്നും അത് സംഭവിക്കേണ്ടതാണെന്നും പലരും കരുതുന്നു.

എസ്ആർആർ (Special Roll Revision) എന്താണ് തെറ്റെന്ന് ചോദിച്ച നിരവധി പേരുണ്ട്. നമ്മൾ വോട്ടർ പട്ടിക ശുദ്ധീകരിക്കേണ്ടതില്ലേ? തീർച്ചയായും വേണം. മരിച്ചവർ വോട്ടർ പട്ടികയിൽ ഉണ്ടാകണമെന്ന്, കുടിയേറിയവർ വോട്ടർ പട്ടികയിൽ ഉണ്ടാകണമെന്ന്, വോട്ടർ പട്ടികയിൽ പേരുകൾ ആവർത്തിക്കപ്പെടണമെന്ന്, സ്ഥലത്തില്ലാത്തവർ പട്ടികയിൽ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നുണ്ടോ? ഇല്ല. ഇത് കേവലം ശുദ്ധീകരണം മാത്രമാണെന്നാണ് പ്രചരിപ്പിക്കപ്പെടുന്നത്. അപ്പോൾ പിന്നെ അതിൽ എന്താണ് തെറ്റ്?

എസ്ഐആർ ബീഹാറിലാണ് തുടങ്ങിയതെന്ന് നമുക്കറിയാം. അവിടെ എന്താണ് സംഭവിച്ചതെന്ന് സൂക്ഷ്മമായി പഠിച്ചാൽ ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന വോട്ടർ പട്ടിക ശുദ്ധീകരണം എത്തരത്തിലുള്ളതാണെന്ന് നിങ്ങൾക്ക് മനസ്സിലാകും. നമുക്ക് തുടക്കം മുതൽ ആരംഭിക്കാം. സ്പെഷ്യൽ സമ്മറി റിവിഷൻ (SSR) എന്നൊരു കാര്യമുണ്ട്. അത് പതിവായി ചെയ്യുന്ന ഒന്നാണ്. ഓരോ തിരഞ്ഞെടുപ്പിനു ശേഷമോ ഓരോ വർഷമോ വോട്ടർ പട്ടിക പരിശോധിച്ച് ചില മാറ്റങ്ങളും ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും നടത്തുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷം, 2024 ഒക്ടോബർ മുതൽ 2025 ജനുവരി അവസാനംവരെ ബീഹാറിലും SSR നടത്തി. ദയവായി ഇതിന്റെ കാലക്രമം ശ്രദ്ധിക്കുക.

ഈ ഘട്ടത്തിൽ എനിക്ക് പറയാനുള്ളത്, ഇന്ന് ഇവിടെ പറയുന്ന ഓരോ വാക്കിനും മറുപടി പറയാൻ ഞാൻ തയ്യാറാണ് എന്നാണ്. 'മൻ കി ബാത്തിൽ' വിശ്വസിക്കുന്ന ഒരാളല്ല ഞാൻ. ഞാൻ സംവാദത്തിൽ വിശ്വസിക്കുന്നു. എന്റെ വസ്തുതകളോ നിഗമനങ്ങളോ തെറ്റാണെങ്കിൽ, ഞാൻ തെറ്റായ പാതയിലാണെന്ന് നിങ്ങൾക്ക് എന്നെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ, അത് സമ്മതിക്കുന്ന ആദ്യത്തെ വ്യക്തി ഞാനായിരിക്കും. ഉത്തരവാദിത്തത്തോടെയാണ് ഞാൻ ഇന്ന് സംസാരിക്കുന്നത്. അടിസ്ഥാനരഹിതമായ ആരോപണങ്ങളോ ഡാറ്റയും അനുഭവവും സാക്ഷ്യപ്പെടുത്താത്ത നിഗമനങ്ങളോ ഞാൻ പറയില്ല.

അതായത് ബീഹാറിൽ SSR നടത്തി, ഭേദഗതികൾ വരുത്തിയിരുന്നു. പിന്നാലെയാണ് തീവ്രമായ പരിഷ്കരണം (intensive revision) നടത്താൻ പോകുന്നു എന്ന് തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രഖ്യാപനം വരുന്നത്. സമ്മറി റിവിഷനുശേഷം എന്തിനാണ് ഇന്റൻസീവ് റിവിഷൻ? ഉടനെ ഉയരുന്ന ചോദ്യമാണത്. കമ്മീഷൻ പറഞ്ഞു, സമ്മറി റിവിഷനുശേഷം ഒരു സംഘടനയെ പഠിക്കാൻ ഏൽപ്പിച്ചിരുന്നുവെന്നും, അവരുടെ റിപ്പോർട്ട് പ്രകാരം തീവ്രമായ പരിഷ്കരണം ആവശ്യമാണെന്നും. ഒരു വിദഗ്ധ സമിതി അങ്ങനെ പറയുന്നുണ്ടെങ്കിൽ അതിൽ എനിക്ക് എതിർപ്പില്ല. എന്നാൽ ഈ പഠനം നടത്തിയത് ആരാണെന്ന് ചിലർ കമ്മീഷനോട് ചോദിച്ചു. റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ? ശുപാർശകൾ എന്താണെന്ന് പറയാമോ? സുഹൃത്തുക്കളേ, ആ പഠനം ആരു നടത്തി, എന്തായിരുന്നു ആ റിപ്പോർട്ട്, ശുപാർശകൾ എന്തായിരുന്നു എന്ന് വെളിപ്പെടുത്താൻ ഇന്നുവരെ തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറായിട്ടില്ല. കമ്മീഷൻ ഇത് വെളിപ്പെടുത്താത്ത സാഹചര്യത്തിൽ, അങ്ങനെയൊരു പഠനമോ റിപ്പോർട്ടോ ശുപാർശയോ ഉണ്ടായിരുന്നില്ല എന്ന് ഞാൻ സംശയിച്ചാൽ അത് തെറ്റാണോ?

അപ്പോൾ കമ്മീഷൻ പറഞ്ഞു, 'ഇത് പുതിയ കാര്യമല്ല, 2003ലും ഇത് നടത്തിയിട്ടുണ്ട്, അത് വീണ്ടുംചെയ്യുന്നു എന്നുമാത്രം, എന്താണ് നിങ്ങളുടെ പ്രശ്നം? 2003ൽ നിങ്ങളിൽ എത്രപേർ വോട്ടർമാരായിരുന്നു എന്ന് എനിക്കറിയില്ല. നിങ്ങളിൽ വലിയൊരു വിഭാഗം അന്ന് വോട്ടർമാരായിരുന്നു, ഞാനും ആയിരുന്നു. എത്രപേർക്ക് അന്ന് കെട്ടുകണക്കിന് സർട്ടിഫിക്കറ്റുകളുമായി പോയി സ്വയം തെളിയിക്കേണ്ടിവന്നിട്ടുണ്ട്? ഓർക്കുന്നുണ്ടോ? ഇവിടെ ഇരിക്കുന്നവർ മാത്രമല്ല, രാജ്യത്തൊട്ടാകെയുള്ള ആളുകളോടാണ് ഈ ചോദ്യം. '2003ൽ ഞാൻ ഈ രേഖകളുമായി പോയി ഞാൻ ഈ രാജ്യത്തെ അർഹനായ വോട്ടറാണെന്ന് തെളിയിച്ചു' എന്ന് പറയാൻ ആർക്കെങ്കിലും കഴിയുമോ? ആർക്കെങ്കിലും ഓർമ്മയുണ്ടോ? അതിന്റെ അർത്ഥം ഒന്നുകിൽ അങ്ങനെ ഒന്ന് സംഭവിച്ചിട്ടില്ല, അല്ലെങ്കിൽ ഇന്ന് നടക്കുന്നത് പോലെയല്ല അന്നു നടന്നത്. അതായത് രണ്ട് കാര്യങ്ങൾ വ്യക്തമാണ്: ഒന്ന്, റിപ്പോർട്ടോ പഠനമോ ഉണ്ടായിരുന്നില്ല; രണ്ട്, 2003ൽ ഇത് നടന്നുവെന്ന വാദം പൂർണ്ണമായും ശരിയല്ല.

മരിച്ചവരെയും മറ്റും പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനോട് നിങ്ങൾക്ക് എന്താണ് ഇത്ര തർക്കം എന്ന് പലരും ചോദിക്കുന്നു. തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിന് 'SADD' എന്നൊരു രസകരമായ ചുരുക്കപ്പേര് നൽകിയിട്ടുണ്ട്. എന്താണെന്ന് അറിയാമോ? Shifted (സ്ഥലം മാറിയവർ), Absentee (സ്ഥലത്തില്ലാത്തവർ), Deceased (മരിച്ചവർ), Duplicate (രണ്ടിടത്ത് പേരുള്ളവർ). എനിക്ക് പ്രശ്നമില്ല. പക്ഷേ ബീഹാറിൽ എന്താണ് സംഭവിച്ചതെന്ന് നോക്കാം. ഒരുപാട് പേർ ഇതിനെക്കുറിച്ച് പഠിച്ചു. മുഖ്യധാരാ മാധ്യമങ്ങളൊന്നും ഇതിന് വലിയ പ്രാധാന്യം നൽകിയതായി തോന്നുന്നില്ല. ഒന്നുരണ്ട് അപവാദങ്ങൾ ഒഴിച്ചുനിർത്തിയാൽ ആരും ഇത് പിന്തുടരുന്നില്ല. സർ

(ശേഷം 9–ാം പേജിൽ)




കോഴിക്കോട് നടന്ന പൗരാവകാശ സംരക്ഷണ പ്രതിജ്ഞാ സമ്മേളനം സാമ്പത്തിക വിദഗ്ധൻ ഡോ.പറകാല പ്രഭാകർ ഉദ്ഘാടനം ചെയ്യുന്നു.

## പൗരാവകാശ സംരക്ഷണ പ്രതിജ്ഞാ സമ്മേളനം

തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിനെതിരെ കോഴിക്കോട് കെ.പി.കേശവമേനോൻ ഹാളിൽ കേരളസംസ്ഥാന ജനകീയ പ്രതിരോധ സമിതിയും സെന്റർ ഫോർ പ്രൊട്ടക്ഷൻ ഓഫ് ഡമോക്രാറ്റിക് റൈറ്റ്സ് ആന്റ് സെക്യൂലറിസം (സിപിഡിആർഎസ്)ഉം സംയുക്തമായി സംഘടിപ്പിച്ച പൗരാവകാശ സംരക്ഷണ പ്രതിജ്ഞാ സമ്മേളനം ഡോ.പറകാല പ്രഭാകരൻ ഉദ്ഘാടനം ചെയ്തു.

ജനകീയ പ്രതിരോധ സമിതി സംസ്ഥാന പ്രസിഡണ്ട് പ്രൊഫ.എം.പി.മത്തായി അദ്ധ്യക്ഷത വഹിച്ചു. ഡോ.ആസാദ്, പ്രൊഫ.കെ. ശ്രീധർ (അഖിലേന്ത്യാ സെക്രട്ടറി, സിപിഡിആർഎസ്), ഡോ.ഖദീജാ മുംതാസ്, ഡോ.ഡി. സുരേന്ദ്രനാഥ്, എൻ. സുബ്രഹ്മണ്യൻ, എൻ.വി.ബാലകൃഷ്ണൻ, എസ്.രാജീവൻ, ഷൈല കെ.ജോൺ, ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി പി.കെ.തോമസ് എന്നിവർ സംസാരിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡണ്ട് ടി.ബാലകൃഷ്ണൻ പൗരാവകാശ സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ സ്വാഗതവും സിപിഡിആർഎസ് സംസ്ഥാന കൺവീനർ പ്രൊഫ.ഫ്രാൻസിസ് കളത്തിങ്കൽ നന്ദിയും പറഞ്ഞു. ■



സമ്മേളന സദസ്സ്.

(7–ാം പേജിൽ നിന്ന്)




പിടിച്ചുപറിക്കാർ തന്നെ പിടിച്ചെടുക്കലിന് വിധേയരാകുന്നു. പൂർണ്ണവളർച്ചയെത്തിയ കുത്തകമുതലാളിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും ഘട്ടംകാണാൻ മാർക്സ് ജീവിച്ചിരുന്നില്ല.

മാർക്സിന്റെ അർഹനായ പിൻഗാമിയായ മഹാനായ ലെനിനാണ് കുത്തക മൂലധനത്തിന്റെ ഈ ഘട്ടത്തിൽ ഉല്പാദനത്തിന്റെ ലക്ഷ്യം കേവലലാഭമല്ല, പരമാവധി ലാഭമുണ്ടാക്കുകയാണ് എന്ന് വിശദീകരിത്. അതായത് പരമാവധി ചൂഷണം. വിപണി പിടിച്ചെടുക്കാനും മുതലാളിത്ത പ്രതിസന്ധിയെ അതിജീവിക്കാനുമുള്ള തത്രപ്പാടിൽ മുതലാളിത്ത സമ്പദ്വ്യവസ്ഥ കൂടുതൽ സൈനികവൽക്കരിക്കപ്പെടുന്നത് യുദ്ധങ്ങൾക്ക് കാരണമാകുന്നതായും ലെനിൻ തുറന്നു കാണിച്ചു. സാമ്പത്തികശാസ്ത്രത്തിന്റെ നിഷേധിക്കാനാകാത്ത സത്യം ഇതാണ്. ഉല്പാദന ശക്തികളെ ഏതാനും സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കാതെ, സാമൂഹ്യമായി നിയന്ത്രിക്കുന്ന, ഉല്പാദനത്തിന്റെ ലക്ഷ്യം പരമാവധി ലാഭമാകാത്ത, സാമൂഹ്യനന്മയാകുന്ന സമ്പദ്വ്യവസ്ഥയാണ് സോഷ്യലിസം. സോഷ്യലിസം നിലനിന്നിരുന്ന കാലത്ത് അതിന്റെ അപ്രമാദിത്വം തെളിയിച്ചതാണ്. മുതലാളിത്ത സാമ്പത്തിക പ്രതിസന്ധിയെ വർണ്ണാഭമായ വാക്കുകൾകൊണ്ട് വിശദീകരിക്കാൻ ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞർ എത്രകണ്ട് ശ്രമിച്ചാലും ഒരു കാര്യം ഉറപ്പാണ്, പ്രതിസന്ധിയുടെ മൂലകാരണം മുതലാളിത്തം തന്നെയാണ്. ഉല്പാദനത്തിന്റെ ലക്ഷ്യം ഒരുപിടി വരുന്ന കുത്തകകൾക്ക് പരമാവധി ലാഭം എന്നതിനു പകരം പരമാവധി മനുഷ്യരുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുക എന്നതാവണം. അതല്ലാതെയുള്ള എല്ലാ പരിഹാരങ്ങളും കാപട്യമാണ്. ■

# ജനാധിപത്യത്തിന്റെ സംരക്ഷണം ജനങ്ങൾ ഏറ്റെടുക്കണം; ജനാധിപത്യവിരുദ്ധമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്ക് ജനാധിപത്യത്തെ സംരക്ഷിക്കാൻ കഴിയില്ല

(8–ാം പേജിൽ നിന്ന്)

ക്കാരിനെ ഭയമില്ലാത്ത സ്വതന്ത്ര ഡിജിറ്റൽ മാധ്യമങ്ങൾ എന്താണ് കണ്ടെത്തിയത്? ബീഹാറിലെ മൂന്ന് മണ്ഡലങ്ങൾ അവർ തീവ്രമായി പഠിച്ചു. ഈ മൂന്ന് മണ്ഡലങ്ങളിൽ മാത്രം 80,000 വോട്ടർമാർ വ്യാജമായോ തെറ്റായോ ഉള്ള വിലാസങ്ങളിൽ രജിസ്റ്റർ ചെയ്തതായി അവർ കണ്ടെത്തി. ബീഹാറിലെ പിപ്ര എന്ന മണ്ഡലത്തിലെ ഒരു വിലാസത്തിൽ മാത്രം 509 പേരാണ് വോട്ടർമാരായി ഉള്ളത്. മറ്റൊരു വിലാസത്തിൽ 409 പേർ. വിലാസം തെറ്റാണെന്ന് മാത്രമല്ല, അങ്ങനെയൊരു വീടുതന്നെ നിലവിലില്ല! ക്രമക്കേടുകൾ ഒഴിവാക്കാനാണ് ഈ തീവ്രമായ പരിഷ്കരണമെങ്കിൽ, വെറും മൂന്ന് മണ്ഡലങ്ങളിൽ എങ്ങനെ 80,000 വ്യാജ വോട്ടർമാർ വരും? ഈ പരിഷ്കരണത്തിന്റെ പവിത്രത എന്താണ്?

മറ്റൊരു മണ്ഡലത്തിൽ, ഒമ്പത് വീടുകളിൽ ഓരോന്നിലും നൂറിലധികം വോട്ടർമാരുണ്ട്. ഈ രാജ്യത്ത് എവിടെയെങ്കിലും നൂറിലധികം വോട്ടർമാരുള്ള വീട് കാണാൻ കഴിയുമോ? നമ്മുടെ രാജ്യം സാർവത്രിക പ്രായപൂർത്തി വോട്ടവകാശമുള്ള രാജ്യമാണ്. മറ്റുചില രാജ്യങ്ങളെപ്പോലെ നമ്മൾ പൗരത്വരേഖകൾ കൈവശം വെക്കാറില്ല. ആരാണ് നിങ്ങളോട് പൗരത്വരേഖ ചോദിക്കുന്നത്? വിദേശ രാജ്യങ്ങൾ ചോദിക്കും. ഇന്ത്യയുടെ ചരിത്രത്തിൽ ഒരിക്കലും നമ്മുടെ സർക്കാർ 'പ്രൊഫസർ മത്തായി, നിങ്ങൾ ആരാണ്? പറയൂ' എന്ന് ചോദിച്ചിട്ടില്ല. ഇന്ത്യയിൽ ആരെങ്കിലും നിങ്ങളോട് ചോദിച്ചിട്ടുണ്ടോ? നിങ്ങൾ വിദേശത്ത് പോകുമ്പോൾ ഗേറ്റിൽവെച്ച് അവർ ചോദിക്കും, 'നിങ്ങളുടെ ഐഡി കാണിക്കൂ, പാസ്പോർട്ട് കാണിക്കൂ, നിങ്ങൾ ഇന്ത്യയിലെ പൗരനാണെന്ന് തെളിയിക്കുന്ന രേഖ കാണിക്കൂ'. എന്നാൽ നമ്മുടെ തഹസിൽദാരോ കളക്ടറോ സെക്രട്ടറിമാരോ സർക്കാരോ നിങ്ങളോട് ചോദിച്ചിട്ടുണ്ടോ? നമ്മുടെ ആഭ്യന്തര മന്ത്രിപോലും ചോദിച്ചിട്ടില്ല.

യഥാർത്ഥത്തിൽ അതാണ് നമ്മുടെ റിപ്പബ്ലിക്കിന്റെ അടിസ്ഥാനം. ഞാൻ അതിലേക്കുവരാം. പക്ഷേ, തിരഞ്ഞെടുപ്പ് കമ്മീഷനെയും ഈ ആശങ്കകളെയും കുറിച്ച് ആദ്യം പറയാം. സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്നാൽ എന്താണ്? ഒരു ഗ്രാമത്തിൽ 18 വയസ്സിനു മുകളിൽ പ്രായമുള്ള പത്തുപേരുണ്ടെങ്കിൽ, വോട്ടർ പട്ടികയിൽ ആ പത്തുപേരും ഉണ്ടാകണം. എന്തെങ്കിലും ചെറിയ പിശക് സംഭവിച്ചാൽ അത് ഒമ്പത് പേരാകാം. പട്ടികയിൽ പതിനൊന്നു പേരുണ്ടെങ്കിൽ ഒരാളെ ഒഴിവാക്കാം. എന്നാൽ പത്തു മുതിർന്നവർ ഉള്ളിടത്ത് 6 വോട്ടർമാർ മാത്രം ഉണ്ടാകുന്ന സാഹചര്യം അംഗീകരിക്കാൻ കഴിയുമോ? ബീഹാറിൽ 18 വയസ്സിനു മുകളിലുള്ള ജനസംഖ്യ 8.22 കോടിയാണ്. തീവ്രമായ പരിഷ്കരണത്തിനു ശേഷം കമ്മീഷൻ പുറത്തുവിട്ട കണക്ക് 7.42 കോടിയാണ്. അതായത് ഏകദേശം 80 ലക്ഷം ആളുകൾ വോട്ടർ പട്ടികയ്ക്ക് പുറത്തായി. ഇതിനെ 'പ്രത്യേക തീവ്ര പരിഷ്കരണം' എന്ന് വിളിക്കുമ്പോൾ അതിന്റെ ഉദ്ദേശ്യത്തെ ഞാൻ സംശയിക്കുന്നത് തെറ്റാണോ? ഞാൻ സംശയിക്കുന്നത് തെറ്റാണെന്ന് തെളിയിച്ചാൽ ഞാൻ ഇപ്പോൾ തന്നെ നിർത്താം.

മുതിർന്നവരിലെ സ്ത്രീ–പുരുഷ അനുപാതം നോക്കൂ. തീവ്ര പരിഷ്കരണത്തിനുശേഷം ബീഹാറിലെ സ്ത്രീ വോട്ടർമാരുടെ എണ്ണത്തിൽ 16 ലക്ഷത്തിന്റെ കുറവുണ്ടായി. ഇത് നല്ല ഉദ്ദേശ്യത്തോടെയുള്ളതാണെന്ന് വിശ്വസിക്കാൻ എനിക്ക് കഴിയുന്നില്ല. സാധാരണ കണക്കുകൾ പ്രകാരം ബീഹാറിലെ മുസ്ലീം ജനസംഖ്യ 17% ആണ്. എന്നാൽ പരിഷ്കരണത്തിനുശേഷം മുസ്ലിം വോട്ടർമാരുടെ എണ്ണത്തിലുണ്ടായ കുറവ് 25% ആണ്. സ്ത്രീകളും ന്യൂനപക്ഷങ്ങളുമാണ് ലക്ഷ്യമെന്ന് സംശയിക്കാൻ ന്യായമായ കാരണങ്ങളുണ്ട്. ആദിവാസി, ദളിത് വോട്ടർമാരുടെ കാര്യത്തിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. പിന്നീട് നടന്ന ഒരു ചെറിയ ഘട്ടത്തിലെ പരിഷ്കരണത്തിൽ, ഒഴിവാക്കപ്പെട്ട മുസ്ലീം വോട്ടർമാരുടെ അനുപാതം 17 ശതമാനത്തിന് പകരം 33 ശതമാനമായി വർദ്ധിച്ചു. അപ്പോൾ ഇതിൽ ലക്ഷ്യം വെക്കലുകൾ (targeting) നടക്കുന്നു എന്ന് ഞാൻ സംശയിക്കുന്നതിൽ എന്താണ് തെറ്റ്? ഒരു പത്രം നടത്തിയ പഠനത്തിൽ മരിച്ചവർ എന്ന പേരിൽ ഒഴിവാക്കപ്പെട്ടവരെക്കുറിച്ച് അവർ അന്വേഷിച്ചു. അവരിൽ ഭൂരിഭാഗവും 30, 35, 40 വയസ്സുള്ളവരായിരുന്നു. 30 വയസ്സിൽ ആരും മരിക്കില്ല എന്നല്ല ഞാൻ പറയുന്നത്, പക്ഷേ പൊതുവിൽ ഈ പ്രായത്തിലുള്ളവർ ഇത്രയധികം മരിക്കാറില്ല. മരണത്തിന്റെ പേരിൽനടന്ന ഈ ഒഴിവാക്കൽ ജനസംഖ്യാ പ്രവണതകളുമായി ഒത്തുപോകുന്നില്ല. ഇതൊരു അപകട സൂചനയാണ്.

ഏറ്റവും പ്രധാനപ്പെട്ട കാര്യം, കമ്മീഷൻ ആശയവിനിമയം നടത്തുന്നില്ല എന്നതാണ്. മുമ്പ്, നിങ്ങളെയോ എന്നെയോ പോലെയുള്ളവർക്ക് ഇലക്ഷൻ കമ്മീഷന്റെ ഓഫീസിൽ പോയി ഉദ്യോഗസ്ഥരെ കാണാമായിരുന്നു. സംഘടനയാണെങ്കിൽ ചീഫ് ഇലക്ഷൻ കമ്മീഷണറെയോ വരെ കാണാമായിരുന്നു. എന്നെപ്പോലെ ആരുമല്ലാത്ത ഒരാൾക്ക് പരാതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥനെയെങ്കിലും കാണാമായിരുന്നു. എന്നാൽ ഇന്ന് നിങ്ങൾക്ക് തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഓഫീസിന്റെ ഗേറ്റുപോലും കടക്കാൻ അനുവാദമില്ല. ഗേറ്റിൽ ഒരു ചെറിയ ജനൽ പോലെയുള്ള സുഷിരമുണ്ട്. അതിലൂടെ പരാതി ഉള്ളിലേക്ക് നൽകാം, ഒരു കൈ വന്ന് അത് വാങ്ങും. അത് എന്ത് ചെയ്യുന്നു എന്ന് ആർക്കും അറിയില്ല.

അവർ സംസാരിക്കില്ല. എന്നാൽ 'സ്രോതസ്സുകൾ' വഴി കമ്മീഷൻ ചിന്തിക്കുന്നത് എന്താണെന്ന് നിങ്ങൾക്ക് അറിയാൻ കഴിയും. ആയിരക്കണക്കിന്, ലക്ഷക്കണക്കിന് നുഴഞ്ഞുകയറ്റക്കാരെയും വിദേശികളെയും വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കി എന്ന് ഈ സ്രോതസ്സുകൾ നമ്മോട് പറയും. ഇന്ത്യയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു വിദേശി നമ്മുടെ രാഷ്ട്രീയ പ്രക്രിയയിൽ ഇടപെടുന്നതിൽ എനിക്കും താല്പര്യമില്ല. അത് ന്യായമായ ആശങ്കയാണ്.

തുടർന്ന് ആളുകൾ കോടതിയിൽ പോയി. 'നിങ്ങൾ 65 ലക്ഷം പേരെ ഒഴിവാക്കുകയാണ്. എന്താണ് നിങ്ങൾ പിന്തുടരുന്ന നടപടിക്രമം?' കമ്മീഷന്റെ മാനുവൽ പ്രകാരം ഒരാളുടെ പേര് ഒഴിവാക്കുന്നതിനുമുമ്പ് അയാൾക്ക് നോട്ടീസ് നൽകണം. നിങ്ങൾ എത്ര നോട്ടീസുകൾ നൽകി? ഒഴിവാക്കിയവരുടെ പട്ടികയും കാരണവും എന്താണ്? പട്ടിക നൽകേണ്ടതില്ലെന്ന് സുപ്രീംകോടതിയിൽ കമ്മീഷൻ വാദിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ കോടതി നിർബന്ധിച്ചപ്പോൾ അവർ പട്ടിക നൽകി. പക്ഷേ അത് മനസ്സിലാക്കാൻ പ്രയാസമുള്ള രീതിയിലായിരുന്നു. വളരെ കഠിനാധ്വാനികളായ ചിലർ ആ വിവരങ്ങൾ ശേഖരിച്ചു. വിശ്വസിക്കൂ, വിദേശി എന്ന കാരണത്താൽ പേര് നീക്കം ചെയ്യപ്പെട്ട ഒരാൾ പോലും ആ പട്ടികയിൽ ഉണ്ടായിരുന്നില്ല. അപ്പോൾ പിന്നെ എവിടെയാണ് ഈ ലക്ഷക്കണക്കിന് 'നുഴഞ്ഞുകയറ്റക്കാർ'? നിങ്ങൾക്ക് കൂടുതൽ വിവരങ്ങൾ വേണമെങ്കിൽ ഞാൻ പറയാം. ആകെ 3.75 ലക്ഷം ആക്ഷേപങ്ങളാണ് ഉയർന്നത്. അതിൽ 'വിദേശി' എന്ന പേരിൽ ഉന്നയിക്കപ്പെട്ടത് വെറും 1087 എണ്ണമാണ്. അതിൽതന്നെ സ്വയം പ്രഖ്യാപനം ശരിയായത് 390 എണ്ണം. സിമാഞ്ചൽപോലെ ഒരുപാട് വിദേശികളുണ്ടാകാൻ സാധ്യതയുണ്ടെന്ന് കരുതുന്ന ഒരിടത്ത് ആകെ മുസ്ലീം വിദേശികൾ 76 ആയിരുന്നു. അതിൽ 10 പേർ സിമാഞ്ചലിൽ. അവരിൽ 5 പേർ മുസ്ലിംകൾ. അതിൽ രണ്ടുപേർ മരിച്ചുപോയി. അതായത് ജീവിച്ചിരിക്കുന്ന വിദേശികൾ വെറും 3 പേർ! ഇതാണ് ആ 'നുഴഞ്ഞുകയറ്റ' കഥ. വസ്ത്രംകൊണ്ട് തിരിച്ചറിയാൻ കഴിയുന്നവർ, നിങ്ങളുടെ 'മിട്ടി, റൊട്ടി, ബേട്ടി' (മണ്ണ്, ഭക്ഷണം, മകൾ) എന്നിവ തട്ടിയെടുക്കുന്നവർ. അവർ എത്രപേരായിരുന്നു? മൂന്നുപേർ! നിലവിലെ സർക്കാർ വിദേശികളെക്കുറിച്ച് ഇത്രയധികം ആശങ്കാകുലരാണെങ്കിൽ, ഇവർ എത്രപേരെ നാടുകടത്തി എന്ന് നോക്കാം. ദില്ലി പോലീസ് കഴിഞ്ഞവർഷം കണ്ടെത്തി നാടുകടത്തിയത് 120 പേരെയാണ്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ രാജ്യത്താകെ നാടുകടത്തിയത് 15,000 പേരെയാണ്. ഇതിൽ രസകരമായ കാര്യം ഏറ്റവും കൂടുതൽ നാടുകടത്തപ്പെട്ടവർ നൈജീരിയക്കാരാണ് എന്നതാണ്. രോഹിംഗ്യകളോ ബംഗ്ലാദേശികളോ മുസ്ലീംകളോ അല്ല. രണ്ടാമതാണ് ബംഗ്ലാദേശികൾ വരുന്നത്.

മരിച്ചവരെ ഒഴിവാക്കുന്നു, നുഴഞ്ഞുകയറ്റക്കാരെ ഒഴിവാക്കുന്നു എന്ന് നിങ്ങൾ എന്നെ വിശ്വസിപ്പിക്കാൻ നോക്കുന്നു. പക്ഷേ ഒരു വിലാസത്തിൽ 509 പേരുണ്ട്. വോട്ടർ പട്ടികയിൽ ബ്രസീലിയൻ മോഡലിന്റെ ചിത്രമുണ്ട്. ഇത് പട്ടിക ശുദ്ധീകരിക്കാനാണെന്ന് നിങ്ങൾ പറയുമ്പോൾ അതിൽ സംശയം തോന്നുന്നത് തെറ്റാണോ?

മരിച്ചവരെയോ ആവർത്തനങ്ങളെയോ ഒഴിവാക്കലല്ല ലക്ഷ്യം. കാരണം, 'ഡീ–ഡ്യൂപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ' (de-duplication software) ഉപയോഗിച്ചിട്ടില്ലെന്ന് കമ്മീഷൻ തന്നെ രേഖാമൂലം സമ്മതിച്ചിട്ടുണ്ട്. മരിച്ചവരുടെ കാര്യം നോക്കിയാൽ, ചില സന്നദ്ധ സംഘടനകൾ ആളുകളെ സുപ്രീം കോടതിയിൽ നേരിട്ട് ഹാജരാക്കി പറഞ്ഞു, "സർ, ഞങ്ങൾ ജീവിച്ചിരിപ്പുണ്ട്, പക്ഷേ ഇവർ ഞങ്ങളെ മരിച്ചവരുടെ പട്ടികയിൽപെടുത്തിയിരിക്കുകയാണ്". ഇതൊരു തമാശയാക്കാൻ എനിക്ക് താല്പര്യമില്ല. വോട്ടർമാരുടെ അച്ഛന്റെയും ഭർത്താവിന്റെയും പേരിന്റെ സ്ഥാനത്ത് 'ABCDEFGH' എന്നും 'XYZ' എന്നും രേഖപ്പെടുത്തിയിരിക്കുന്നു. അത് തീർന്നപ്പോൾ ചിലരുടെ അച്ഛന്റെ പേര് 'ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ' എന്നാണ്! ഇത് തമാശയല്ല, ഗൗരവകരമായ കാര്യമാണ്.

ബീഹാർ തിരഞ്ഞെടുപ്പിലേക്ക് വരാം. എന്തുകൊണ്ടാണ് ഞങ്ങൾ ഇതിൽ ആശങ്കപ്പെടുന്നത്? തീവ്ര പരിഷ്കരണം (SIR) വിജയകരമായി പൂർത്തിയാക്കി എന്നും ബീഹാറിലെ വോട്ടർമാരുടെ എണ്ണം 7.42 കോടിയാണെന്നും കമ്മീഷൻ അറിയിച്ചു. എന്നാൽ ആ കണക്കിന് മുന്നിൽ ഏകദേശം (around) എന്നതിനെ സൂചിപ്പിക്കുന്ന ~ എന്ന ചിഹ്നമുണ്ടായിരുന്നു. തീവ്ര പരിഷ്കരണം കഴിഞ്ഞാൽ കണക്ക് കൃത്യമായിരിക്കണ്ടേ? ആറ് ദിവസത്തിനു ശേഷം സർവീസ് വോട്ടർമാരെ ചേർത്തു എന്നുപറഞ്ഞ് അത് 7.43 കോടിയായി വർദ്ധിപ്പിച്ചു. പരിഷ്കരണവേളയിൽ ഈ സർവീസ് വോട്ടർമാർ എവിടെയായിരുന്നു?

തിരഞ്ഞെടുപ്പു കഴിഞ്ഞ് ഫലം പ്രഖ്യാപിച്ച് ആറ് ദിവസത്തിനുശേഷം കമ്മീഷൻ മറ്റൊരു രേഖ പുറത്തിറക്കി. അതിൽ വോട്ടർമാരുടെ എണ്ണം 7.46 കോടിയാണ്. 7.42ൽ തുടങ്ങി 7.46ൽ എത്തി. *ദി ക്വിന്റ്* (The Quint) നടത്തിയ പഠനപ്രകാരം, ഈ പരിഷ്കരണം കാരണം ബീഹാറിൽ 75 സീറ്റുകളിൽ ഫലം മാറിമറിഞ്ഞു. ഇതിൽ എനിക്ക് ആശങ്ക തോന്നരുത് എന്ന് പറയുന്നതെങ്ങനെ?

ഇപ്പോൾ രണ്ടാംഘട്ട പരിഷ്കരണം 12 സംസ്ഥാനങ്ങളിൽ നടക്കുന്നു. ഇത് ബീഹാറിനേക്കാൾ ഭീകരമാണെന്നാണ് വിവരങ്ങൾ. ഉത്തർപ്രദേശിൽ ഏകദേശം 3 കോടി (2.93 കോടി) പേരെ ഒഴിവാക്കാൻ ലക്ഷ്യമിടുന്നു. തമിഴ്നാട്ടിൽ 80 ലക്ഷം, ഗുജറാത്തിൽ 72 ലക്ഷം, പശ്ചിമ ബംഗാളിൽ 58 ലക്ഷം, കേരളത്തിൽ 21 ലക്ഷം! ഇവർ ആരാണ്? ഉത്തർപ്രദേശിൽ വോട്ടു ചെയ്യാൻ അർഹതയില്ലാത്ത 3 കോടി ആളുകൾ ഉണ്ടോ? കഴിഞ്ഞ തവണ വോട്ടു ചെയ്തവരിൽ 18 ശതമാനത്തെയാണ് യുപിയിൽ ഒഴിവാക്കാൻ ലക്ഷ്യമിടുന്നത്. നമ്മൾ സമരം ചെയ്താൽ അത് 18ൽ നിന്ന് 15 ശതമാനമായി കുറച്ചേക്കാം. അത് വലിയൊരു ഔദാര്യമായി അവർ അവതരിപ്പിക്കും. 18% ജിഎസ്ടി ഏർപ്പെടുത്തിയിട്ട് അത് 12% ആക്കുമ്പോൾ നമ്മൾ സന്തോഷിക്കുന്നതും ഇതുപോലെയാണ്.

സുഹൃത്തുക്കളേ, ഇതൊരു വെറും തിരഞ്ഞെടുപ്പ് പ്രശ്നമായി കാണരുത്. ഏത് പാർട്ടി ജയിക്കുന്നു തോൽക്കുന്നു എന്നതല്ല കാര്യം. ഇത് ഇന്ത്യൻ രാഷ്ട്രത്തിന്റെ സ്വഭാവം മാറ്റാനുള്ള ശ്രമമാണ്. 1648ലെ വെസ്റ്റ്ഫാലിയ ഉടമ്പടി മുതൽ യൂറോപ്പിൽ രാഷ്ട്രങ്ങളുടെ (nation-states) രൂപീകരണം തുടങ്ങി. 'ആരാണ് നമ്മുടെ രാഷ്ട്രത്തിന്റെ ഭാഗമാകേണ്ടത്' എന്നതായിരുന്നു അവരുടെ പ്രധാന ചോദ്യം. ഒരേ വംശം, ഒരേ സംസ്കാരം, ഒരേ ഭാഷ, ഒരേ നിറം – ഇവർ മാത്രമാണ് രാഷ്ട്രം. ന്യൂനപക്ഷങ്ങൾ ഉണ്ടെങ്കിൽ അവർക്ക് താഴെക്കിടയിലുള്ള പൗരന്മാരായി അവിടെ ജീവിക്കാം. എന്നാൽ ഇന്ത്യ അത് ചെയ്തില്ല. നമ്മൾ മൂന്ന് വർഷം ഭരണഘടന ചർച്ച ചെയ്തു. നമ്മൾ ആരെയും ഒഴിവാക്കിയില്ല. വിദ്യാഭ്യാസം, നികുതി, സ്വത്ത്, ജാതി, മതം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ ആർക്കും വോട്ടവകാശം നിഷേധിച്ചില്ല. ഈ മണ്ണിലുള്ള

(ശേഷം 10–ാം പേജിൽ)

# ജനാധിപത്യത്തെ കുരുതികഴിച്ച ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പ്

**ബീ**ഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ ബിജെപി നയിക്കുന്ന എൻഡിഎയുടെ കൊട്ടിഘോഷിക്കപ്പെട്ട വിജയം പലരെയും അത്ഭുതപ്പെടുത്തിയിരിക്കുകയാണ്. കാരണം, ബിജെപി-ജെഡി(യു) സർക്കാരിന്റെ ദുർഭരണത്തിനെതിരെയുള്ള പരാതികൾ അത്രത്തോളം കുമിഞ്ഞു കൂടിയിട്ടുണ്ടെന്നും അത് വോട്ടെടുപ്പിൽ ഭരണവിരുദ്ധ വികാരമായി പ്രതിഫലിക്കുമെന്നും റിപ്പോർട്ടുകളുണ്ടായിരുന്നു.

എന്നാൽ, രാജ്യത്തെ തിരഞ്ഞെടുപ്പുകൾ ഇപ്പോൾ ജനാധിപത്യ രീതിയിലല്ല നടക്കുന്നതെന്നും, മറിച്ച് പണം, പേശീബലം, മാധ്യമങ്ങൾ, ഭരണകൂട അധികാരം എന്നിവ ഉപയോഗിച്ച് സമർത്ഥമായി കൃത്രിമം കാണിക്കുകയാണെന്നും അറിയുന്നവർക്ക് പ്രതിപക്ഷത്തിന്റെ ഈ തകർച്ച വലിയ അത്ഭുതമുണ്ടാക്കിയിട്ടില്ല. ഭരണവർഗത്തിലെ കുത്തക മുതലാളിമാർ ബിജെപിക്ക് പിന്നിൽ ഉറച്ചുനിൽക്കുകയാണ്; കാരണം ബിജെപി അവരുടെ താല്പര്യങ്ങൾ കൃത്യമായി സംരക്ഷിക്കുന്നു. അതുകൊണ്ടുതന്നെ ബിജെപിയുടെ അധികാരാരോഹണം സുഗമമാക്കുന്നതിന് ആവശ്യമായ എല്ലാ ചതിക്കുഴികളും തന്ത്രങ്ങളും കുതന്ത്രങ്ങളും അവർ സ്വീകരിക്കുന്നു.

### ജനകീയ പ്രശ്നങ്ങൾ സ്പർശിക്കാത്ത, കൃത്രിമങ്ങളുടെ കഥയായി ബീഹാർ തിരഞ്ഞെടുപ്പ് മാറി

കുതിച്ചുയരുന്ന വിലക്കയറ്റം, തൊഴിലില്ലായ്മ, മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള ദരിദ്രരുടെ കുടിയേറ്റം, അധ്വാനിക്കുന്ന ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതനിലവാരത്തിലുണ്ടായ വൻ ഇടിവ്, 36% ദാരിദ്ര്യം, ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് മൂലം തകർന്ന ആരോഗ്യ പരിരക്ഷാ സംവിധാനം, ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും അഭാവം, മരുന്നുകളുടെ ദൗർലഭ്യത, സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തുടങ്ങിയ ജനകീയ പ്രശ്നങ്ങളൊന്നും തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ ചർച്ചയായില്ല. പകരം, ഭരണകക്ഷിയായ ബിജെപി-ജെഡി(യു)കൂട്ടുകെട്ട് മാത്രമല്ല, പ്രതിപക്ഷ സഖ്യമായ മഹാസഖ്യവും ജാതി സമവാക്യങ്ങളെ അടിസ്ഥാനമാക്കിയാണ് തങ്ങളുടെ തിരഞ്ഞെടുപ്പ് കണക്കുകൂട്ടലുകൾ നടത്തിയത്. ഇത് ജന്മിത്ത വ്യവസ്ഥയുടെ ശാപമായി നാടിനു ലഭിച്ച ജാതി വിഭജനത്തിന് കൂടുതൽ കരുത്തുപകർന്നു. ഭരണഘടനാപരമായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ഒരു കേന്ദ്രമന്ത്രി, ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിന് ആഴ്ചകൾക്ക് മുമ്പ് ഒരു പൊതുവേദിയിൽ നടത്തിയ വിവാദ പ്രസംഗത്തിൽ തനിക്ക് "നമക്ഹറാം" (നന്ദികെട്ടവർ) ങ്ങളുടെ വോട്ട് വേണ്ടെന്ന് പ്രഖ്യാപിച്ചു. ഇത് മുസ്ലീം സമുദായത്തെ ലക്ഷ്യം വെച്ചുള്ള പരാമർശമാണെന്ന് കരുതപ്പെടുന്നു.

### ബീഹാർ തിരഞ്ഞെടുപ്പിലെ കഴുകൻ കണ്ണുകൾ

കഴിഞ്ഞ കേന്ദ്ര ബജറ്റിൽ ബീഹാറിനായി ഒട്ടേറെ പാക്കേജുകൾ പ്രഖ്യാപിച്ചിരുന്നത് ഇവിടെ ഓർക്കേണ്ടതാണ്. ബജറ്റ് പ്രസംഗത്തിൽ ബീഹാർ എന്ന പേര് പലതവണ ആവർത്തിച്ചിരുന്നു. ജനങ്ങളെ മുൻകൂട്ടി വശത്താക്കാതെ അധികാരം നിലനിർത്തുക എളുപ്പമാകില്ലെന്ന് ബിജെപിക്ക് അറിയാമായിരുന്നു എന്നാണ് ഇതിനർത്ഥം. രണ്ടാമതായി, ബിജെപി അതിന്റെ വർഗീയ ഹിന്ദുത്വ അജണ്ടയും പൂർണ്ണമായി നടപ്പിലാക്കുന്നുണ്ട്. മുസ്ലീം ന്യൂനപക്ഷങ്ങൾക്കെതിരെ വിദ്വേഷ പ്രസംഗങ്ങൾ നടത്തുക, ബംഗാളി സംസാരിക്കുന്ന മുസ്ലീം പൗരന്മാരെ അയൽ രാജ്യമായ ബംഗ്ലാദേശിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാരായി മുദ്രകുത്തി പീഡിപ്പിക്കുക, അതുവഴി വോട്ടർമാരെ മതപരമായി ധ്രുവീകരിക്കുകയും ഹിന്ദു വോട്ട് ബാങ്ക് ഏകീകരിക്കുകയും ചെയ്യുക എന്നതാണ് ഈ അജണ്ടയുടെ പ്രധാന ലക്ഷ്യം. ബീഹാർ തിരഞ്ഞെടുപ്പിലും ഈ പദ്ധതി സജീവമായിരുന്നു. അതോടൊപ്പം, ബംഗ്ലാദേശിൽ നിന്നുള്ള മുസ്ലീങ്ങളുടെ അനധികൃത നുഴഞ്ഞുകയറ്റം എന്ന വിഷയം അവർ ഒരു തന്ത്രമായി ഉന്നയിച്ചു. രാജ്യത്ത് നിയമവിരുദ്ധമായി കഴിയുന്ന "ലക്ഷക്കണക്കിന്" നുഴഞ്ഞുകയറ്റക്കാരെ കണ്ടെത്തി പുറത്താക്കുക എന്നതാണ് പ്രധാന പ്രശ്നം എന്ന തരത്തിൽ ബിജെപി നേതാക്കളും സഖ്യകക്ഷികളും പ്രചാരണം നടത്തി. എന്നാൽ, മുസ്ലീങ്ങൾ "നുഴഞ്ഞുകയറ്റക്കാർ" ആണെന്ന അവകാശവാദങ്ങൾക്ക് വസ്തുതാപരമായ അടിസ്ഥാനമില്ലെന്നും, മറ്റ് സമുദായങ്ങളേക്കാൾ വേഗത്തിൽ മുസ്ലീങ്ങൾക്കിടയിലെ പ്രജനന നിരക്ക് കുറഞ്ഞുവരികയാണെന്നും വസ്തുതാന്വേഷകർ ചൂണ്ടിക്കാട്ടുന്നു.

### എസ്ഐആർ – ഒരു ചതിക്കുഴി

തിരഞ്ഞെടുപ്പ് പട്ടിക "ശുദ്ധീകരിക്കുന്നതിനായി" അസാധാരണമായ ധൃതിയോടെ 'സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ' (SIR) എന്ന പേരിൽ ഒരു നടപടി ആരംഭിച്ചു. സാധാരണഗതിയിൽ മാസങ്ങളോളം എടുക്കുന്ന ഈ പ്രക്രിയ വെറും 30 ദിവസത്തിനുള്ളിൽ പൂർത്തിയാക്കി. 2025 നവംബർ 15-ലെ 'പ്രൊലിറ്റേറിയൻ ഇറ'യിൽ ഞങ്ങൾ ചർച്ച ചെയ്തതുപോലെ, ഭരണകൂടത്തിന്റെ ഒരു അനുബന്ധമായി മാറിയിരിക്കുന്ന ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ കല്പനകൾ പാലിച്ചില്ലെങ്കിൽ വോട്ടവകാശം നഷ്ടപ്പെടുമെന്ന ഭീതി പരത്തുകയായിരുന്നു ഇതിന്റെ യഥാർത്ഥ ലക്ഷ്യം. കൂടാതെ, അനധികൃത കുടിയേറ്റക്കാരെ കണ്ടെത്തുക എന്ന വ്യാജേന മുസ്ലീം ന്യൂനപക്ഷങ്ങളെ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കാനും ലക്ഷ്യമിട്ടിരുന്നു. ഭരണസഖ്യത്തെ എതിർക്കുമെന്ന് കരുതുന്ന വോട്ടർമാരെ നീക്കം ചെയ്യുകയായിരുന്നു ഇതിന്റെ പിന്നിലെ പ്രധാന ഉദ്ദേശ്യം.

എന്തായിരുന്നു SIR-ന്റെ ഫലം? 2025 ജൂണിൽ 7.89 കോടിയായിരുന്ന വോട്ടർമാരുടെ എണ്ണം 2025 സെപ്റ്റംബറിൽ 7.42 കോടിയായി കുറഞ്ഞു – ഏകദേശം 47 ലക്ഷം വോട്ടർമാരുടെ കുറവ്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ തന്നെ ബുള്ളറ്റിൻ പ്രകാരം കരട് പട്ടികയിൽ നിന്ന് 65 ലക്ഷം പേരുകൾ നീക്കം ചെയ്തു, അന്തിമ പട്ടികയിൽ നിന്ന് 3.66 ലക്ഷം പേരെ കൂടി ഒഴിവാക്കി. വെറും 21.5 ലക്ഷം പേരെ മാത്രമാണ് പുതുതായി ചേർത്തത്. വോട്ടർമാരെ പരിശോധിക്കുന്നതിനായി തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രധാനമായും ആശ്രയിച്ചത് പേര് ഒത്തുനോക്കലും താമസസ്ഥലം തെളിയിക്കലുമാണ്.

### ക്രമക്കേടുകളുടെ പെരുമഴ

വോട്ടർ പട്ടിക ശുദ്ധീകരിച്ചുവെന്ന അവകാശവാദങ്ങൾക്കിടയിലും SIR-ന് ശേഷം പ്രസിദ്ധീകരിച്ച പട്ടികയിൽ നിരവധി ക്രമക്കേടുകൾ ഉണ്ടായിരുന്നു. അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ട 'റിപ്പോർട്ടേഴ്സ് കളക്റ്റീവ്' കണ്ടെത്തിയത് ഒരേ മണ്ഡലത്തിൽ തന്നെ രണ്ടുതവണ വോട്ട് ചെയ്യാൻ ഒരാൾക്ക് രണ്ട് തിരിച്ചറിയൽ രേഖകൾ നൽകിയ 34,392 കേസുകളാണ്. ഈ കേസുകളിലെല്ലാം വോട്ടറുടെ പേരും ബന്ധുവിന്റെ പേരും ഒന്നുതന്നെയായിരുന്നു, വയസ്സിലാകട്ടെ 1 മുതൽ 5 വയസ്സ് വരെയുള്ള വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറ്റ് 13,898 കേസുകളിൽ ഒരേ പേരും ബന്ധുവിന്റെ പേരും ഉള്ള വ്യക്തികൾക്ക് രണ്ട് വോട്ടർ ഐഡികൾ നൽകിയിട്ടുണ്ട്, ഇവിടെ പ്രായത്തിൽ 5-10 വർഷത്തെ വ്യത്യാസമുണ്ട്. അത്യാധുനിക കമ്പ്യൂട്ടർ പ്രോഗ്രാമുകളും നേരിട്ടുള്ള പരിശോധനകളും ഉപയോഗിച്ച് ഇത്തരം ഇരട്ട വോട്ടർമാരെ കണ്ടെത്തേണ്ടതായിരുന്നു. എന്നാൽ അത് ചെയ്യാതെ, 7 ലക്ഷം ഇരട്ട വോട്ടർമാരെ നീക്കം ചെയ്തതായും ഇനി ശുദ്ധീകരിക്കാനൊന്നുമില്ലെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അവകാശപ്പെട്ടു. ഉദാഹരണത്തിന്, ലൗകാഹ മണ്ഡലത്തിൽ 19 കാരനായ അങ്കിത് കുമാർ എന്ന യുവാവിന് രണ്ട് വോട്ടർ ഐഡികളുണ്ട് (ZQQ3191681, ZQQ3217643). പിതാവിന്റെ പേരും ബൂത്ത് നമ്പറും (371) രണ്ടിലും ഒന്നുതന്നെയാണ്.

ബീഹാറിലെ 39 നിയമസഭാ മണ്ഡലങ്ങളിൽ ഒരേ പേരും ബന്ധുവിന്റെ പേരും ഉള്ള വ്യക്തികൾ ഒരേ മണ്ഡലത്തിൽ തന്നെ രണ്ടുതവണ രജിസ്റ്റർ ചെയ്ത 1,87,643 കേസുകളുണ്ട്. ഇതിൽ 1.02 ലക്ഷം കേസുകളിൽ പേര് ഒന്നാവുകയും പ്രായത്തിൽ 5 വർഷത്തിൽ താഴെ മാത്രം വ്യത്യാസം വരികയും ചെയ്യുന്നു. 25,862 കേസുകളിൽ പേര്, ബന്ധുവിന്റെ പേര്, പ്രായം എന്നിവയെല്ലാം പൂർണ്ണമായും ഒത്തുപോകുന്നവയാണ്. ഈ 39 മണ്ഡലങ്ങളിലെ മാത്രം സംശയാസ്പദമായ വോട്ടുകളുടെ എണ്ണം 3.76 ലക്ഷമാണ്.

അയൽ സംസ്ഥാനമായ ഉത്തർപ്രദേശിലെയും ബീഹാറിലെ അതിർത്തി മണ്ഡലമായ വാൽമീകി നഗറിലെയും വോട്ടർ

(ശേഷം 11-ാം പേജിൽ)

---

(9-ാം പേജിൽ നിന്ന്)

എല്ലാവരും തുല്യരായ പൗരന്മാരാണ്. അതായിരുന്നു 'പ്രൊജക്റ്റ് ഇന്ത്യ'.

ഇന്ന് നടക്കുന്നത് ആ മഹത്തായ ആശയത്തിന് നേർവിപരീതമായ കാര്യമാണ്. നീതി, സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം, മതേതരത്വം-ഈ മൂല്യങ്ങളാണ് നമ്മൾ ചർച്ചചെയ്തത്. എല്ലാ മതങ്ങളും പ്രതിനിധീകരിക്കപ്പെടുന്ന ലോകത്തിലെ ഏക രാജ്യം ഇന്ത്യയാണ്. ഇത്രയധികം വൈവിധ്യങ്ങളുള്ള ജനങ്ങളെ എങ്ങനെ തുല്യരായി കാണാം, എങ്ങനെ സാഹോദര്യം വളർത്താം എന്നതായിരുന്നു ഭരണഘടനാ ശില്പികളുടെ ചിന്ത. ഇന്ന്, ബ്രിട്ടീഷ് കൊളോണിയലിസത്തിനെതിരായ പോരാട്ടത്തിൽ യാതൊരു പങ്കുമില്ലാത്തവർ തങ്ങൾ വലിയ ദേശസ്നേഹികളാണെന്ന് അവകാശപ്പെടുന്നു. അവർ ഈ ഭരണഘടനയെയും അതിന്റെ മൂല്യങ്ങളെയും തകർക്കാൻ ശ്രമിക്കുന്നു. പൗരത്വത്തിന് പുതിയ മാനദണ്ഡങ്ങൾ കൊണ്ടുവരാനുള്ള ശ്രമമാണ് ഈ പരിഷ്കരണം. 2019ൽ പൗരത്വ ഭേദഗതി നിയമം (CAA) വഴി അവർ ഇതിന് ശ്രമിച്ചു. ജനരോഷം കാരണം അത് മാറ്റിവെച്ചു. ഇപ്പോൾ പിൻവാതിലിലൂടെ നടപ്പിലാക്കുകയാണ്. അതുകൊണ്ടാണ് ഈ പരിഷ്കരണത്തെ 'രക്തരഹിതമായ രാഷ്ട്രീയ വംശഹത്യ' (bloodless political genocide) എന്ന് ഞാൻ വിളിക്കുന്നത്. എന്താണ് വംശഹത്യ? ഒരാളെ ശാരീരികമായി ഇല്ലാതാക്കുകയോ ആട്ടിയോടിക്കുകയോ ചെയ്യുക. ഇവിടെ നിങ്ങൾ ഒരു പൗരനെ കൊല്ലുന്നത് കത്തികൊണ്ട് കുത്തിയോ വെടിവെച്ചോ അല്ല, പകരം അയാളുടെ വോട്ടവകാശം കവർന്നെടുത്തുകൊണ്ടാണ്. വോട്ടവകാശം പോയാൽ നിങ്ങളുടെ പൗരത്വം പോയി. രാഷ്ട്രീയ സമൂഹത്തിന്റെ ഭാഗമല്ലാതായാൽ നിങ്ങൾ കൊല്ലപ്പെട്ടു എന്നാണർത്ഥം. ഇത് മതപരമായ, വംശപരമായ,രാഷ്ട്രീയമായ ഉന്മൂലനമാണ്(political cleansing). വോട്ടർമാരെ വെട്ടിച്ചുരുക്കുമ്പോൾ ഭരണാധികാരികൾക്ക് ആ ബാക്കിയുള്ള കുറച്ചുപേരെമാത്രം തൃപ്തിപ്പെടുത്തിയാൽ മതിയാകും. വോട്ടവകാശമില്ലാത്ത ആദിവാസിയെയോ സ്ത്രീയെയോ ന്യൂനപക്ഷത്തെയോ ആരെങ്കിലും പരിഗണിക്കുമോ?

അവസാനിപ്പിക്കുന്നതിനുമുമ്പ്, നമുക്ക് എന്തു ചെയ്യാൻ കഴിയും എന്ന് ഞാൻ പറയാം. ഒന്നാമതായി, 'കാഴ്ചക്കാരന്റെ മനോഭാവം' (spectator syndrome) ഉപേക്ഷിക്കുക. നമ്മൾ വെറും കാഴ്ചക്കാരല്ല. ക്രിക്കറ്റ് മത്സരം കാണുന്നത് പോലെ രാഷ്ട്രീയത്തെ കാണരുത്. ഇത് നമ്മുടെയും നമ്മുടെ മക്കളുടെയും ജീവിതമാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളെയും ബഹുമാനിച്ചുകൊണ്ട് തന്നെ പറയട്ടെ, ജനാധിപത്യത്തിന്റെ സംരക്ഷണം രാഷ്ട്രീയ പാർട്ടികളെ മാത്രം ഏൽപ്പിക്കരുത്. ജനാധിപത്യവിരുദ്ധമായ രീതിയിൽ പ്രവർത്തിക്കുന്ന പാർട്ടികൾക്ക് ജനാധിപത്യത്തെ സംരക്ഷിക്കാൻ കഴിയില്ല. നമ്മൾതന്നെ അത് ഏറ്റെടുക്കണം. ഗ്രാമസഭകളിലും വാർഡ് സഭകളിലും ഈ പരിഷ്കരണപ്രക്രിയ സുതാര്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുക. കമ്മീഷനോട് പറയുക, 'നിങ്ങൾക്ക് വോട്ടർ പട്ടിക ശുദ്ധീകരിക്കണമെങ്കിൽ ഞങ്ങളുടെ മുന്നിലിരുന്ന് ചെയ്യൂ'. 'ഇന്നയാൾ മരിച്ചു എന്ന് നിങ്ങൾ പറയുന്നു, അയാൾ ഇവിടെയുണ്ടല്ലോ' എന്ന് നമുക്ക് അവിടെവെച്ച് പറയാൻ കഴിയണം. സുതാര്യതക്കുവേണ്ടി നിർബന്ധം പിടിക്കുക. കേരളത്തിൽനിന്ന് ഈ സന്ദേശം രാജ്യം മുഴുവൻ പടരട്ടെ. ഭരണഘടനയുടെ മൂല്യങ്ങളെ തകർക്കാൻ പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്ന ഒരു സൈന്യമുണ്ട്. ആ മൂല്യങ്ങളെ സംരക്ഷിക്കാൻ നമുക്കൊരു സൈന്യമുണ്ടോ? ആ മൂല്യങ്ങളെ സംരക്ഷിക്കാൻ കേരളത്തിൽനിന്ന് ഒരു സൈന്യം രൂപപ്പെടുന്നു എന്ന് അറിഞ്ഞാൽ എനിക്ക് വലിയ അഭിമാനമായിരിക്കും. ആ സമ്മാനമാണ് നിങ്ങൾ എനിക്ക് നൽകേണ്ടത്. നന്ദി. ■

# ബിഹാർ വോട്ടർ പട്ടികയിലെ അന്തമില്ലാത്ത ക്രമക്കേടുകൾ തീവ്ര പരിഷ്കരണത്തിന്റെ യഥാർത്ഥ ലക്ഷ്യം തുറന്നുകാട്ടി

*(10–ാം പേജിൽ നിന്ന്)*

പട്ടികയിൽ ഒരേസമയം പേരുള്ള 5,000 വോട്ടർമാരെ കണ്ടെത്തി. സ്വന്തം മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട്, അന്തിമ പട്ടികയിലെ ക്രമക്കേടുകൾ കണ്ടെത്താനുള്ള സോഫ്റ്റ്‌വെയറുകൾ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിച്ചില്ല എന്നത് ശ്രദ്ധേയമാണ്. അങ്ങനെ ബീഹാറിലെ 243 മണ്ഡലങ്ങളിലായി 14.35 ലക്ഷം സംശയാസ്പദമായ ഇരട്ട വോട്ടുകൾ നിലനിന്നു. ഇതിൽ 3.4 ലക്ഷം എണ്ണം പേര്, ബന്ധുവിന്റെ പേര്, പ്രായം എന്നിവയിൽ പൂർണ്ണമായും ഒത്തുപോകുന്നവയാണ്. ഇത്തരം വ്യാജ വോട്ടുകൾക്ക് തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കാൻ സാധിക്കും. ബീഹാർ തിരഞ്ഞെടുപ്പ് പട്ടികയിൽ 'വിദേശികൾ' ഉണ്ടെന്ന് ജൂൺ 24-ന് കമ്മീഷൻ പറഞ്ഞിരുന്നെങ്കിലും എത്ര പേരെ കണ്ടെത്തിയെന്ന കൃത്യമായ കണക്ക് നൽകിയിട്ടില്ല. ബീഹാറിൽ ആകെ കണ്ടെത്തിയ 313 നുഴഞ്ഞുകയറ്റക്കാരിൽ 78 പേർ മാത്രമാണ് മുസ്ലീങ്ങൾ. ഇത് 'ലക്ഷക്കണക്കിന് ബംഗ്ലാദേശി മുസ്ലീം കുടിയേറ്റക്കാർ' ഉണ്ടെന്ന ബിജെപിയുടെ പ്രചാരണം വെറും വ്യാജമാണെന്ന് തെളിയിക്കുന്നു.

കൂടാതെ, അന്തിമ പട്ടികയിൽ 1.32 കോടി വോട്ടർമാരെ സംശയാസ്പദമായതോ വ്യാജമായതോ ആയ വിലാസങ്ങളിൽ കൂട്ടമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 20 വീടുകളിലായി 650-ലധികം ആളുകളെ വീതം തെറ്റായി ചേർത്തിട്ടുണ്ട്. 39 മണ്ഡലങ്ങളിലെ കരട് പട്ടികയിൽ 16,375 കേസുകളിൽ ഒരേ വോട്ടർ ഐഡി വിവരങ്ങളുള്ള വ്യക്തികളെ ഒരേ വിലാസത്തിലോ അടുത്തുള്ള ബൂത്തുകളിലോ രണ്ടുതവണ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഒന്നാം ഘട്ട വോട്ടെടുപ്പിന് ശേഷം, ബിജെപിയുമായി ബന്ധപ്പെട്ട വോട്ടർമാർ ബീഹാറിലും മറ്റ് സംസ്ഥാനങ്ങളിലും വോട്ട് ചെയ്തതായി മാധ്യമങ്ങൾ കണ്ടെത്തി. രണ്ടാമത്തെ ഘട്ടത്തിന് ശേഷം, ഒന്നിലധികം സംസ്ഥാനങ്ങളിൽ പേരുള്ള വോട്ടർമാർ രണ്ട് സംസ്ഥാനങ്ങളിൽ വോട്ട് ചെയ്ത നാല് കേസുകൾ കൂടി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഒരാൾ ബീഹാർ, ഡൽഹി, ഹരിയാന എന്നീ മൂന്ന് സംസ്ഥാനങ്ങളിൽ വോട്ട് ചെയ്തു.

വലതുപക്ഷ പ്രചാരണ സ്ഥാപനമായ 'ഒപി ഇന്ത്യ'യുടെ എഡിറ്റർ അജിത് ഝാ, 2025 നവംബർ 11-ന് ബീഹാറിലെ ബെനിപ്പട്ടി മണ്ഡലത്തിൽ വോട്ട് ചെയ്ത ശേഷം ഒരു ചിത്രം പങ്കുവെച്ചു. ഇദ്ദേഹം നേരത്തെ 2024 ഒക്ടോബറിൽ ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിലും 2022 ഡിസംബറിൽ ഡൽഹി മുനിസിപ്പൽ തിരഞ്ഞെടുപ്പിലും വോട്ട് ചെയ്തതിന്റെ ചിത്രങ്ങളും പങ്കുവെച്ചിരുന്നു. ബിജെപി ഡൽഹി ഹോക്കർ സെൽ കോ-കൺവീനറായ സഞ്ജയ് ഝാ ദർഭംഗ റൂറൽ മണ്ഡലത്തിൽ വോട്ട് ചെയ്തതായി നവംബർ 6-ന് അറിയിച്ചു. ഇദ്ദേഹം 2025 ഫെബ്രുവരിയിൽ ഡൽഹി നിയമസഭയിലേക്കും 2024 മെയ് മാസത്തിൽ ലോക്സഭയിലേക്കും വോട്ട് ചെയ്തതായി മുൻപ് പോസ്റ്റുകൾ പങ്കുവെച്ചിരുന്നു. ബീഹാറിലും കർണാടകയിലും വോട്ടവകാശമുള്ള ഉദയ് കുമാർ എന്ന വ്യക്തിയും ഇത്തരത്തിൽ വോട്ട് ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ഇയാൾക്ക് രണ്ട് തിരിച്ചറിയൽ നമ്പറുകൾ (UAO0928291 – ബീഹാർ, SOH4526935 – കർണാടക) ഉള്ളതായും നിരവധി ബിജെപി നേതാക്കളുമായി ബന്ധമുള്ളതായും ആൾട്ട് ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു.

## 'നിയമവിധേയമായി മാറിയ' കൈക്കൂലി

2022 ജൂലൈ 16ന്, ഉത്തർപ്രദേശിലെ ജലൗനിൽ ബുന്ദേൽഖണ്ഡ് എക്സ്പ്രസ് വേയുടെ ഉദ്ഘാടന വേളയിൽ സംസാരിക്കവേ, വോട്ടിനായി സൗജന്യങ്ങൾ വിതരണം ചെയ്യുന്ന "റെവ്ഡി സംസ്കാരം" നവഭാരതത്തെ ഇരുട്ടിലേക്ക് നയിക്കുമെന്ന് മോദി പറഞ്ഞിരുന്നു. പ്രതിപക്ഷത്തെ ലക്ഷ്യം വെച്ചുകൊണ്ട്, "അത്തരം ധനസഹായങ്ങൾ നൽകി ജനങ്ങളെ വിലയ്ക്കെടുക്കാമെന്ന് റെവ്ഡി സംസ്കാരമുള്ളവർ കരുതുന്നു. നമ്മൾ ഒന്നിച്ചുനിന്ന് ഈ ചിന്താഗതിയെ പരാജയപ്പെടുത്തേണ്ടതുണ്ട്. രാജ്യത്തെ രാഷ്ട്രീയത്തിൽ നിന്ന് റെവ്ഡി സംസ്കാരം നീക്കം ചെയ്യപ്പെടണം" എന്നും പ്രസ്താവിച്ചു. എന്നാൽ ഇതേ പ്രധാനമന്ത്രി മോദി തന്നെയാണ് 2025 സെപ്റ്റംബർ 26ന് ബീഹാറിലെ 'മുഖ്യമന്ത്രി മഹിളാ റോസ്ഗർ യോജന' ഉദ്ഘാടനം ചെയ്തത്. ഇതിലൂടെ ബീഹാറിലെ 1.25 കോടി സ്ത്രീകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 10,000 രൂപ വീതം ക്രെഡിറ്റ് ചെയ്യുമെന്ന് വാഗ്ദാനം ചെയ്തു. ഏകദേശം 7,500 കോടി രൂപയാണ് ഇതിനായി കണക്കാക്കിയ ചെലവ്. കൂടാതെ, ആറ് മാസത്തിന് ശേഷം ചെറുകിട ബിസിനസ്സ് ആരംഭിക്കുന്നതിനായി ഓരോരുത്തർക്കും 2 ലക്ഷം രൂപ കൂടി നൽകുമെന്നും പ്രഖ്യാപിച്ചു.

1951ലെ ജനപ്രാതിനിധ്യ നിയമത്തിലെ (RPA) സെക്ഷൻ 123(1) പ്രകാരം, വോട്ടറെ സ്വാധീനിക്കാൻ പണമോ മറ്റ് പാരിതോഷികങ്ങളോ നൽകുന്നത് അഴിമതിയായി കണക്കാക്കുന്നു. 2025 ഒക്ടോബർ 6ന്, ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഷെഡ്യൂൾ പ്രഖ്യാപിച്ച ദിവസം തന്നെ അവിടെ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. തിരഞ്ഞെടുപ്പ് ഫലം വരുന്നത് വരെ ഈ ചട്ടം നിലനിൽക്കുകയും ബീഹാറുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങളിൽ കേന്ദ്ര സർക്കാരിനും ഇത് ബാധകമായി. 'പുതിയ പദ്ധതികളോ പരിപാടികളോ ആനുകൂല്യങ്ങളോ സാമ്പത്തിക ഗ്രാന്റുകളോ പ്രഖ്യാപിക്കുന്നതോ, വോട്ടർമാരെ ഭരണകക്ഷിക്ക് അനുകൂലമായി സ്വാധീനിക്കാൻ ഇടയുള്ള വാഗ്ദാനങ്ങൾ നൽകുന്നതോ തറക്കല്ലിടൽ നടത്തുന്നതോ നിരോധിച്ചിരിക്കുന്നു' എന്ന് പെരുമാറ്റച്ചട്ടം വ്യക്തമാക്കുന്നു. 1951ലെ ജനപ്രാതിനിധ്യ നിയമത്തിലും ഇത് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

2011-ലെ നിയമസഭാ തിരഞ്ഞെടുപ്പ് കാലത്ത്, പെരുമാറ്റച്ചട്ടം നിലവിലിരുന്നതിനാൽ തമിഴ്നാട്ടിലെ ഡിഎംകെ സർക്കാരിനോട് സൗജന്യ കളർ ടിവി വിതരണം നിർത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടത് ഇവിടെ ഓർക്കേണ്ടതാണ്. 2024 മെയ് മാസത്തിലെ വോട്ടെടുപ്പിന് തൊട്ടുമുമ്പ് കർഷകർക്കുള്ള സഹായം ഉൾപ്പെടെയുള്ള ആറ് ക്ഷേമപദ്ധതികൾക്കായി ഏകദേശം 14,000 കോടി രൂപ വിതരണം ചെയ്യുന്നതിൽ നിന്ന് കമ്മീഷൻ സംസ്ഥാന സർക്കാരിനെ വിലക്കിയിരുന്നു. എന്നാൽ ബീഹാർ തിരഞ്ഞെടുപ്പിൽ ബിജെപി-ജെഡി(യു) സഖ്യം ഈ ചട്ടങ്ങൾ പരസ്യമായി ലംഘിക്കുകയും വോട്ടെടുപ്പിന് യഥാക്രമം 6 ദിവസവും 4 ദിവസവും മാത്രം ബാക്കിനിൽക്കെ സ്ത്രീ വോട്ടർമാരുടെ അക്കൗണ്ടുകളിലേക്ക് 10,000 രൂപ വീതം കൈമാറുകയും ചെയ്തു. അത് മാത്രമല്ല, 10,000 രൂപ വീതം ലഭിച്ച 1.80 ലക്ഷം സ്ത്രീകളെ 'ജീവിക ദേവി' എന്ന പേരിൽ തിരഞ്ഞെടുപ്പ് ജോലിക്ക് വൊളന്റിയർമാരായി നിയമിച്ചു. ഭരണസഖ്യത്തിന് അനുകൂലമായി വോട്ടർമാരെ സ്വാധീനിക്കാൻ വേണ്ടിയായിരുന്നു ഇത്. കൂടാതെ ആറ് മാസത്തിന് ശേഷം ഓരോ സ്ത്രീക്കും 2 ലക്ഷം രൂപ കൂടി നൽകുമെന്ന വാഗ്ദാനം നൽകി സ്ത്രീ വോട്ടർമാരെ ഭരണസഖ്യത്തിന് വോട്ട് ചെയ്യാൻ പ്രേരിപ്പിച്ചു.

ഇതുകൊണ്ടും തീർന്നില്ല. ഹരിയാനയിൽ നിന്ന് ബീഹാറിലേക്ക് വോട്ട് ചെയ്യാൻ ആളുകളെ എത്തിക്കാൻ നാല് പ്രത്യേക ട്രെയിനുകൾ ഏർപ്പെടുത്തി. യാത്രയുടെയും ഭക്ഷണത്തിന്റെയും താമസത്തിന്റെയും മുഴുവൻ ചെലവും ബിജെപിയാണ് വഹിച്ചത്. എബിപി ന്യൂസ് പ്രതിനിധികളോട് വോട്ടർമാർ തന്നെ ക്യാമറയ്ക്ക് മുന്നിൽ ഇക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്. വോട്ടർമാരെ വോട്ട് ചെയ്യുന്നതിനായി വാഹനത്തിലോ മറ്റോ എത്തിക്കുന്നത് അഴിമതിയായി കണക്കാക്കപ്പെടുമെന്ന് ജനപ്രാതിനിധ്യ നിയമം (1961) വ്യക്തമായി പറയുന്നുണ്ട്.

## പോളിംഗ് ബൂത്തുകളിലെ സിസിടിവി ദൃശ്യങ്ങളുടെ ലഭ്യതയില്ലായ്മ

തിരഞ്ഞെടുപ്പ് ചട്ടം (1961) 93(2)(a) പ്രകാരം ചില തിരഞ്ഞെടുപ്പ് രേഖകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാൻ അനുവാദമുണ്ട്. ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിലെ സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ പങ്കുവെക്കാൻ പഞ്ചാബ്-ഹരിയാന ഹൈക്കോടതി തിരഞ്ഞെടുപ്പ് കമ്മീഷനോട് ഉത്തരവിട്ടിരുന്നു. ഇത് തടയാനായി ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാർ ചട്ടം 93 ഭേദഗതി ചെയ്യുകയും സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ പരിശോധിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. ഈ ഭേദഗതി തിരഞ്ഞെടുപ്പ് പ്രക്രിയയിലെ സുതാര്യതയെയും ഉത്തരവാദിത്തത്തെയും ബാധിച്ചു എന്നതിൽ സംശയമില്ല. കൂടാതെ, ഇവിഎമ്മുകളിലെ മൈക്രോ കൺട്രോളർ ചിപ്പുകൾ പരിശോധിക്കണമെന്ന സുപ്രീം കോടതിയുടെ 2024 ഏപ്രിലിലെ നിർദ്ദേശം തിരഞ്ഞെടുപ്പ് കമ്മീഷൻ അവഗണിച്ചു. വോട്ടിംഗ് വിവരങ്ങൾ അടങ്ങുന്ന ഫോം 17C പരസ്യപ്പെടുത്തണമെന്നോ ഇവിഎം ചിപ്പുകൾ ഓഡിറ്റ് ചെയ്യണമെന്നോ ഉള്ള ആവശ്യങ്ങളൊന്നും ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. എന്തെങ്കിലും ഒളിച്ചുവെക്കാനില്ലെങ്കിൽ സർക്കാർ എന്തിനാണ് ഇതിനെ ഭയപ്പെടുന്നത്?

## കേന്ദ്രത്തിനു വിധേയമായ തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരഞ്ഞെടുപ്പ് കമ്മീഷൻ ഭരണകക്ഷിയായ ബിജെപിക്ക് വിധേയമാണെന്ന് തെളിയിക്കാൻ മൂന്ന് കാരണങ്ങളുണ്ട്. ഒന്നാമതായി, കമ്മീഷണറെ തിരഞ്ഞെടുക്കുന്ന രീതിയിൽ മാറ്റം വരുത്തി. ചീഫ് ജസ്റ്റിസിനെ ഒഴിവാക്കി പകരം പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും പ്രധാനമന്ത്രി നിർദ്ദേശിക്കുന്ന ഒരു ക്യാബിനറ്റ് മന്ത്രിയും അടങ്ങുന്ന സമിതിയെ നിയമിച്ചു. ഇതുവഴി തങ്ങൾക്ക് വിധേയരായവരെ നിയമിക്കാൻ സർക്കാരിന് സാധിക്കുന്നു. രണ്ടാമതായി, തിരഞ്ഞെടുപ്പ് കമ്മീഷണർമാർക്കെതിരെ സിവിൽ-ക്രിമിനൽ നടപടികൾ പാടില്ലെന്ന നിയമവും 2023-ൽ പാസാക്കി. മൂന്നാമതായി, തിരഞ്ഞെടുപ്പ് സമയത്തെ ഉദ്യോഗസ്ഥരുടെ നിയമനങ്ങളിൽ ഭരണകക്ഷിക്ക് അനുകൂലമായ നടപടികളുടെ സാധ്യത വർദ്ധിച്ചു.

## തിരഞ്ഞെടുപ്പിനെ ബാധിച്ച മറ്റ് ഘടകങ്ങൾ

ഇന്ത്യയിലെ തിരഞ്ഞെടുപ്പുകൾ ഇപ്പോൾ അഴിമതി രഹിതമല്ല. വോട്ടർമാരെ സൗജന്യങ്ങൾ നൽകി സ്വാധീനിക്കുന്നതും പണം വിതരണം ചെയ്യുന്നതും മദ്യവും ഭക്ഷണവും നൽകുന്നതും മാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്നതും ഇതിൽ ഉൾപ്പെടുന്നു. ബിജെപിയുടെ മുസ്ലീം വിരുദ്ധ പ്രചാരണം അതിന്റെ ഉച്ചസ്ഥായിയിലായിരുന്നു. വിദ്വേഷ പ്രസംഗങ്ങൾ നടത്തിയ പ്രജ്ഞാ സിംഗ് താക്കൂർ ഉൾപ്പെടെയുള്ള നേതാക്കൾക്കെതിരെ കമ്മീഷൻ ഒരു നടപടിയും എടുത്തില്ല. "ഗവൺമെന്റ് ആനുകൂല്യങ്ങൾ വാങ്ങുന്നവർക്ക് ഭരണകക്ഷിക്ക് വോട്ട് ചെയ്യാൻ ധാർമ്മിക ഉത്തരവാദിത്തമുണ്ട്" എന്ന് ഗിരിരാജ് സിംഗ് പ്രസംഗിച്ചു. പ്രധാനമന്ത്രി മോദി "നുഴഞ്ഞുകയറ്റക്കാർ" (Ghuspaithiya) എന്ന പ്രയോഗം തിരഞ്ഞെടുപ്പിന് മുന്നോടിയായി ഉപയോഗിച്ചു.

ബീഹാറിലെ തിരഞ്ഞെടുപ്പ് ബിജെപി-ജെഡി(യു) സഖ്യവും മഹാസഖ്യവും തമ്മിലുള്ള പോരാട്ടമായാണ് മാധ്യമങ്ങൾ ചിത്രീകരിച്ചത്. ബീഹാറിൽ ജാതി രാഷ്ട്രീയത്തിനാണ് മുൻഗണന. ജനങ്ങളെ ജാതീയ ചിന്താഗതിയിൽ നിന്ന് മോചിപ്പിക്കേണ്ടതിന് പകരം എല്ലാ പാർട്ടികളും ജാതി സമവാക്യങ്ങളെയാണ് ആശ്രയിക്കുന്നത്. മഹാസഖ്യത്തിന് ഐക്യത്തോടെ പോരാടാൻ കഴിഞ്ഞില്ല. രാഹുൽ ഗാന്ധി തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് വിദേശത്തേക്ക് പോയതും വോട്ടർമാരെ ബാധിച്ചു. ഈ ഘടകങ്ങളെല്ലാം ബിജെപി സഖ്യത്തിന്റെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ചു.

## ഇന്നത്തെ ആവശ്യകത

ഇടതുപക്ഷ കക്ഷികളുടെ നേതൃത്വത്തിൽ ഒരു വലിയ ജനകീയ സമരപ്രസ്ഥാനം കെട്ടിപ്പടുക്കേണ്ട സമയമായിരുന്നു ഇത്. എന്നാൽ സിപിഐ(എംഎൽ), സിപിഐ(എം), സിപിഐ തുടങ്ങിയ പാർട്ടികൾ ഞങ്ങളുടെ ആവർത്തിച്ചുള്ള അഭ്യർത്ഥനകൾ മാനിച്ചില്ല. പകരം അവർ ജാതി രാഷ്ട്രീയത്തിന്റെ ഭാഗമായി കോൺഗ്രസിനൊപ്പവും ആർജെഡിക്കൊപ്പവും ചേരാനാണ് താല്പര്യപ്പെട്ടത്. ഇത് പല ഇടതുപക്ഷ അനുഭാവികൾക്കും ഇഷ്ടപ്പെട്ടില്ല. ഒരു യഥാർത്ഥ ഇടതുപക്ഷ ബദൽ ഉണ്ടായിരുന്നെങ്കിൽ ജനങ്ങൾക്ക് ഈ മുതലാളിത്ത വോട്ട് വ്യാപാരികൾക്ക് പകരം മറ്റൊരു വഴിയുണ്ടാകുമായിരുന്നു. നമ്മുടെ പാർട്ടി 39 മണ്ഡലങ്ങളിൽ ഒറ്റയ്ക്ക് മത്സരിക്കുകയും വിപ്ലവകരമായ ഇടതുപക്ഷ ലൈൻ ഉയർത്തിക്കാട്ടുകയും ചെയ്തു. കോൺഗ്രസിനെയും മറ്റ് ജാതി-വർഗീയ പാർട്ടികളെയും ഉപേക്ഷിച്ച് ജനകീയ പ്രശ്നങ്ങളിൽ ഊന്നിയുള്ള പോരാട്ടത്തിന് തയ്യാറാകാൻ ഞങ്ങൾ മറ്റ് ഇടതുപക്ഷ പാർട്ടികളോട് അഭ്യർത്ഥിക്കുന്നു. എങ്കിൽ മാത്രമേ ഈ പിന്തിരിപ്പൻ വോട്ട് വ്യാപാരികളുടെ വിനാശകരമായ നീക്കം തടയാൻ സാധിക്കൂ. ■

REGISTERED.
R.N. 24773/1992
UNITY Malayalam Monthly
2026 January
Price: ₹ 10.00

സൈദ്ധാന്തിക പാഠം

# നിഷേധത്തിന്റെ നിഷേധം

## സ്വയം നിഷേധിക്കപ്പെട്ട് മറ്റൊന്നായി മാറുന്ന ഏതൊരു പ്രതിഭാസവും വീണ്ടും നിഷേധിക്കപ്പെടുന്നു

**ഫ്രെഡറിക് ഏംഗൽസിന്റെ പ്രസിദ്ധമായ "ആന്റി ഡ്യൂറിംഗ്" എന്ന കൃതിയിലെ നിഷേധത്തിന്റെ നിഷേധം(Negation of the Negation) എന്ന അദ്ധ്യായത്തിൽ നിന്നുള്ള ചില ഭാഗങ്ങൾ**

“...എന്താണ് ഹെർ ഡ്യൂറിംഗിന്റെ ജീവിതത്തെ ഇത്രമാത്രം കയ്പ്പുള്ളതാക്കി മാറ്റുന്ന, ക്രിസ്തുമതത്തിലെ പരിശുദ്ധാത്മാവിനെതിരെയുള്ള പാപംപോലെ അദ്ദേഹത്തിന് അക്ഷന്തവ്യമായ കുറ്റമായി തോന്നുന്ന ഈ ഭയാനകമായ ‘നിഷേധത്തിന്റെ നിഷേധം’?”

പഴയ ഐഡിയലിസ്റ്റ് (ആശയവാദ) തത്വചിന്ത നിഗൂഢതയുടെ മൂടുപടത്തിനുള്ളിൽ ഒളിപ്പിച്ചുവെച്ചിരുന്നതും, ഹെർ ഡ്യൂറിംഗിന്റെ നിലവാരത്തിലുള്ള നിസ്സഹായരായ അതിഭൗതികവാദികൾക്ക് ഒളിപ്പിച്ചുവെക്കാൻ താല്പര്യമുള്ളതുമായ ആ നിഗൂഢത നീക്കംചെയ്താൽ ഏതൊരു കുട്ടിക്കും മനസ്സിലാക്കാവുന്ന ലളിതമായ ഒരു പ്രക്രിയയാണിത്. നമുക്കൊരു ബാർലി ധാന്യമണി ഉദാഹരണമായി എടുക്കാം. ശതകോടിക്കണക്കിന് ബാർലിമണികൾ പൊടിക്കപ്പെടുകയോ, തിളപ്പിക്കപ്പെടുകയോ, മദ്യമുണ്ടാക്കാൻ ഉപയോഗിക്കുകയോ, ഉപഭോഗം ചെയ്യപ്പെടുകയോ ചെയ്യുന്നു. എന്നാൽ അത്തരമൊരു ബാർലിമണിക്ക് അനുയോജ്യമായ സാഹചര്യങ്ങൾ ലഭിച്ചാൽ, അതായത് പാകമായ മണ്ണിൽ വീഴുകയും ചൂടിന്റെയും ഈർപ്പത്തിന്റെയും സ്വാധീനം ലഭിക്കുകയും ചെയ്താൽ, അതിൽ ഒരു പ്രത്യേക മാറ്റം സംഭവിക്കുന്നു; അത് മുളയ്ക്കുന്നു. അവിടെ ധാന്യമണി എന്ന നിലയിലുള്ള അതിന്റെ നിലനിൽപ്പ് അവസാനിക്കുന്നു, അത് നിഷേധിക്കപ്പെടുന്നു. അതിന് പകരമായി അതിൽനിന്ന് ഉത്ഭവിച്ച സസ്യം പ്രത്യക്ഷപ്പെടുന്നു—ഇത് ധാന്യമണിയുടെ നിഷേധമാണ്. എന്നാൽ ഈ സസ്യത്തിന്റെ സാധാരണ ജീവിത പ്രക്രിയ എന്താണ്? അത് വളരുന്നു, പൂക്കുന്നു, പരാഗണം നടക്കുന്നു, ഒടുവിൽ വീണ്ടും ബാർലിമണികൾ ഉല്പാദിപ്പിക്കുന്നു; ഇവ വിളഞ്ഞാലുടൻ ചെടി നശിക്കുന്നു, അത് വീണ്ടും നിഷേധിക്കപ്പെടുന്നു. ഈ നിഷേധത്തിന്റെ നിഷേധത്തിന്റെ ഫലമായി നമുക്ക് വീണ്ടും പഴയ ബാർലി ധാന്യമണിതന്നെ ലഭിക്കുന്നു, പക്ഷേ, അത് ഒന്നായല്ല, മറിച്ച് പത്തോ ഇരുപതോ മുപ്പതോ ഇരട്ടിയായിട്ടാണ്. ധാന്യവർഗ്ഗങ്ങൾ വളരെ സാവധാനത്തിലാണ് മാറുന്നത്, അതിനാൽ ഇന്നത്തെ ബാർലി ഒരു നൂറ്റാണ്ട് മുമ്പത്തെപ്പോലെതന്നെയാണ്. എന്നാൽ നമ്മൾ ഒരു ഡാലിയയോ ഓർക്കിഡോപോലുള്ള ഒരു സസ്യത്തെ കൃഷിശാസ്ത്രപരമായ വൈദഗ്ധ്യത്തോടെ പരിപാലിക്കുകയാണെങ്കിൽ, ഈ നിഷേധത്തിന്റെ നിഷേധത്തിന്റെ ഫലമായി നമുക്ക് കൂടുതൽ വിത്തുകൾ മാത്രമല്ല, ഗുണപരമായി വികസിച്ച വിത്തുകൾകൂടി ലഭിക്കുന്നു; അവ കൂടുതൽ മനോഹരമായ പൂക്കൾ നൽകുന്നു. ഈ പ്രക്രിയയുടെ ഓരോ ആവർത്തനവും, ഓരോ പുതിയ നിഷേധത്തിന്റെ നിഷേധവും ഈ ഗുണപരമായ വികാസത്തെ വർദ്ധിപ്പിക്കുന്നു.

ഭൂരിഭാഗം പ്രാണികളിലും, ബാർലി ധാന്യത്തിന്റെ കാര്യത്തിലെന്നപോലെ ഈ പ്രക്രിയ ഒരേ രീതിയിൽ തുടരുന്നു. ഉദാഹരണത്തിന്, ചിത്രശലഭങ്ങൾ മുട്ടയുടെ നിഷേധത്തിലൂടെ മുട്ടയിൽനിന്ന് രൂപംകൊള്ളുന്നു, ലൈംഗികപക്വത പ്രാപിക്കുന്നതുവരെ മാറ്റങ്ങളിലൂടെ കടന്നുപോകുന്നു, ഇണചേരുന്നു, വീണ്ടും നിഷേധിക്കപ്പെടുന്നു; ഇണചേരൽ പൂർത്തിയാക്കി പെൺശലഭം മുട്ട ഇട്ടു കഴിഞ്ഞാലുടൻ അവ ചത്തുപോകുന്നു. സസ്യ-ജന്തു ലോകങ്ങളിൽ നിഷേധത്തിന്റെ നിഷേധം യഥാർത്ഥത്തിൽ സംഭവിക്കുന്നുണ്ടെന്ന് കാണിക്കുക മാത്രമാണ് ഇവിടെ ലക്ഷ്യം.

മാത്രമല്ല, ഭൗമശാസ്ത്രം(Geology) തന്നെ നിഷേധിക്കപ്പെട്ട നിഷേധങ്ങളുടെ ഒരു പരമ്പരയാണ്; പഴയ ശിലാപടലങ്ങൾ തകരുകയും പുതിയവ രൂപപ്പെടുകയും ചെയ്യുന്ന ഒരു പരമ്പര. ദ്രാവകാവസ്ഥയിൽനിന്ന് തണുത്തുറഞ്ഞപ്പോൾ ഉണ്ടായ ഭൂമിയുടെ പ്രാഥമിക ഉപരിതലം സമുദ്രങ്ങളുടെയും അന്തരീക്ഷത്തിന്റെയും പ്രവർത്തനഫലമായി തകർക്കപ്പെടുകയും സമുദ്രതട്ടിൽ പുതിയ പാളികളായി അടിഞ്ഞുകൂടുകയും ചെയ്തു. സമുദ്രതട്ടിലെ ഉയർച്ചകൾ ഈ പാളികളെ വീണ്ടും മഴയുടെയും താപനിലയുടെയും വായുവിന്റെയും സ്വാധീനത്തിന് വിധേയമാക്കി. ഇത്തരത്തിൽ ദശലക്ഷക്കണക്കിന് നൂറ്റാണ്ടുകളിലൂടെ പുതിയ പാളികൾ രൂപപ്പെടുകയും അവ നശിപ്പിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ ഈ പ്രക്രിയയുടെ ഫലം വളരെ ഗുണപരമായിരുന്നു: വിവിധ രാസഘടകങ്ങളുടെ മിശ്രിതമായ മണ്ണ് രൂപപ്പെടുകയും അത് വൈവിധ്യമാർന്ന സസ്യലതാദികൾക്ക് സാദ്ധ്യതയൊരുക്കുകയും ചെയ്തു...

ചരിത്രത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. എല്ലാ പരിഷ്കൃത സമൂഹങ്ങളും ഭൂമിയുടെ പൊതു ഉടമസ്ഥതയിൽനിന്നാണ് തുടങ്ങുന്നത്. കൃഷിയുടെ വികാസത്തോടെ ഈ പൊതു ഉടമസ്ഥത ഉല്പാദനത്തിന് ഒരു തടസ്സമായി മാറുകയും അത് നിഷേധിക്കപ്പെട്ട് സ്വകാര്യ സ്വത്തായി മാറുകയും ചെയ്യുന്നു. എന്നാൽ കൃഷി കൂടുതൽ വികസിക്കുമ്പോൾ ഈ സ്വകാര്യ സ്വത്തുടമസ്ഥത ഉല്പാദനത്തിന് വിഘാതമായി മാറുന്നു. അതിനാൽ അത് വീണ്ടും നിഷേധിക്കപ്പെടേണ്ടി വരുന്നു; അത് വീണ്ടും പൊതു ഉടമസ്ഥതയിലേക്ക് മാറ്റപ്പെടണം. എന്നാൽ ഇത് പ്രാകൃത പൊതുഉടമസ്ഥതയിലേക്കുള്ള മടങ്ങിപ്പോക്കല്ല, മറിച്ച് ആധുനിക കണ്ടുപിടുത്തങ്ങളെ പ്രയോജനപ്പെടുത്താൻ കഴിയുന്ന, ഉല്പാദനത്തെ സകല തടസ്സങ്ങളിൽനിന്നും മോചിപ്പിക്കുന്ന ഉന്നതമായ മറ്റൊരു രൂപത്തിലുള്ള പൊതുഉടമസ്ഥതയിലേക്കുള്ള മാറ്റമാണ്. ■

# സഖാവ് ബീണാപാണി ദാസിന് ലാൽസലാം



സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) ഒഡീഷ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ബീണാപാണി ദാസ് 2025 ഡിസംബർ 22ന് ഭുവനേശ്വറിൽ അന്തരിച്ചു. 79 വയസ്സായിരുന്നു. അഞ്ചര പതിറ്റാണ്ടിലേറെ നീണ്ടുനിന്ന സമുജ്ജ്വലമായ ഒരു വിപ്ലവ ജീവിതത്തിനാണ് ഇതോടെ തിരശ്ശീല വീണത്. വിദ്യാർത്ഥിയായിരിക്കെ സഖാവ് ശിബ്‌ദാസ് ഘോഷിന്റെ ചിന്തകളിൽ ആകൃഷ്ടയായ സഖാവ് ദാസ്, അന്തരിച്ച മുൻ സംസ്ഥാന സെക്രട്ടറി സഖാവ് തപസ് ദത്തയോടൊപ്പം ഒഡീഷയിൽ പാർട്ടിയുടെ അടിത്തറ പാകുന്നതിനായി തന്റെ ജീവിതം സമർപ്പിച്ചു.

ജനകീയ സമര വേദികളിൽ സഖാവിന്റെ നേതൃത്വം നിസ്തുലമായിരുന്നു. ആൾ ഇന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ (AIMSS) ഒഡീഷ സംസ്ഥാന പ്രസിഡന്റായും അഖിലേന്ത്യാ വൈസ് പ്രസിഡന്റായും ദീർഘകാലം പ്രവർത്തിച്ചു. വിദ്യാർത്ഥി പ്രസ്ഥാനമായ എഐഡിഎസ്ഒയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ്. 1974ൽ നടന്ന സംഘടനയുടെ ആദ്യ അഖിലേന്ത്യാ സമ്മേളനത്തിൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഭദ്രക്, ജാജ്പൂർ മേഖലകളിലെ കർഷക പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിലും ജെ.പി. പ്രസ്ഥാനം ഉൾപ്പെടെയുള്ള ജനാധിപത്യ പോരാട്ടങ്ങളുടെ മുൻനിരയിലും സഖാവ് സജീവമായിരുന്നു.

സഖാവിനോടുള്ള ആദരസൂചകമായി ഡിസംബർ 23ന് ഒഡീഷയിൽ സംസ്ഥാന വ്യാപകമായി ദുഃഖാചരണം നടത്തി. ■

# നോർത്ത് ബംഗളുരുവിലെ കിരാതമായ കുടിയൊഴിപ്പിക്കൽ അപലപനീയം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കർണാടക സംസ്ഥാന കമ്മിറ്റിയുടെ പ്രസ്താവന



നോർത്ത് ബാംഗ്ലൂർ കോർപ്പറേഷൻ പരിധിയിലെ യെലഹങ്ക ഹോബ്ലിയിലുള്ള കോഗിലു ബണ്ടെയിൽ, പാവപ്പെട്ട തൊഴിലാളികൾ താമസിച്ചിരുന്ന ഷെഡ്ഡുകൾ തകർക്കുകയും 3,000ത്തോളംപേർ അടങ്ങുന്ന 500ലധികം കുടുംബങ്ങളെ തെരുവിലേക്ക് തള്ളുകയും ചെയ്ത ബംഗളൂരു സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ലിമിറ്റഡ്, ഗ്രേറ്റർ ബംഗളൂരു അതോറിറ്റി (ജിബിഎ) എന്നിവരുടെ അങ്ങേയറ്റം ക്രൂരമായ നടപടിയെ സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) ശക്തമായി അപലപിക്കുന്നു.

ബാംഗ്ലൂരിലെ കഠിനമായ തണുപ്പിനെതിരെയും പടരുന്ന വൈറൽ പനികൾക്കെതിരെയും ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശം നൽകുന്ന സർക്കാർ നൂറുകണക്കിന് പാവപ്പെട്ട തൊഴിലാളികളുടെ സുരക്ഷിതമായ വീടുകൾ തകർത്തെറിഞ്ഞ്, കൊച്ചുകുട്ടികളും ഗർഭിണികളും അടക്കം നൂറുകണക്കിന് പാവപ്പെട്ട മനുഷ്യരെ കഠിനമായ തണുപ്പിലേക്ക് ഇറക്കിവിട്ടത് അങ്ങേയറ്റം ഹൃദയശൂന്യമായ പ്രവൃത്തി യാണ്. കഴിഞ്ഞ 15-20 വർഷങ്ങളായി കോഗിലു ബണ്ടെ പ്രദേശത്ത് ചെറിയ വീടുകൾ നിർമ്മിച്ച് താമസിച്ചുവരികയായിരുന്നു ഈ പാവപ്പെട്ട ജനങ്ങൾ. യാതൊരുവിധ മുൻകൂർ നോട്ടീസും നൽകാതെ, 2025 ഡിസംബർ 20ന് പുലർച്ചെ 4 മണിയോടെ ജെസിബികളുമായെത്തിയ ഉദ്യോഗസ്ഥർ പോലീസ് സംരക്ഷണത്തിൽ വീടുകൾ നിലംപരിശാക്കി. നൂറുകണക്കിന് ഏക്കർ പൊതുഭൂമി കൈയേറി കോടിക്കണക്കിന് രൂപ വിലമതിക്കുന്ന വമ്പൻ കെട്ടിടങ്ങളും സമുച്ചയങ്ങളും അപ്പാർട്ടുമെന്റുകളും നിർമ്മിച്ച വമ്പന്മാരെ കണ്ടില്ലെന്ന് നടിക്കുമ്പോൾ, നിത്യജീവിതത്തിനായി കഷ്ടപ്പെടുന്ന പാവപ്പെട്ട തൊഴിലാളികളുടെ കുടിലുകൾ നശിപ്പിക്കാൻ സർക്കാർ കാണിക്കുന്ന ആവേശം അപലപനീയമാണ്.

മാപ്പർഹിക്കാത്ത ഈ നടപടിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും തകർന്ന വീടുകളിൽ കഴിയുന്ന ജനങ്ങൾക്ക് അടിയന്തരമായി പാർപ്പിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കണമെന്നും ഒരു നഷ്ടപരിഹാര നിധി പ്രഖ്യാപിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥിരമായ ഭവന പദ്ധതി നടപ്പിലാക്കണമെന്നും എസ്‌യുസിഐ(സി) ആവശ്യപ്പെടുന്നു. ■

# എഐഡിഎസ്ഒ 72-ാം സ്ഥാപനദിനാചരണം

ചരിത്രവീഥിയിൽ 72 ആണ്ടുകൾ പിന്നിട്ട ആൾ ഇന്ത്യാ ഡമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) പത്തനംതിട്ട ടൗൺഹാളിൽ സംഘടിപ്പിച്ച സ്ഥാപക ദിനാചരണ സമ്മേളനം കേന്ദ്ര വൈസ് പ്രസിഡന്റ് ഡോ.ശുഭാങ്കർ ചാറ്റർജി ഉദ്ഘാടനം ചെയ്തു. നവ സമൂഹത്തെ സൃഷ്ടിക്കുകയെന്ന മഹത്തായ കർത്തവ്യമാണ് എഐഡിഎസ്ഒക്കുള്ളതെന്നും അത് വിദ്യാർത്ഥികൾ ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

എഐഡിഎസ്ഒ മുൻ സംസ്ഥാന സെക്രട്ടറിയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗവുമായ ജ്യോതികൃഷ്ണൻ മുഖ്യപ്രസംഗം നടത്തി. സംസ്ഥാന പ്രസിഡന്റ് ഡോ.എസ്. അലീന അധ്യക്ഷത വഹിച്ചു. കേന്ദ്ര വൈസ്‌പ്രസിഡന്റ് കെ.എസ്. അശ്വിനി, മുൻ സംസ്ഥാന പ്രസിഡന്റുമാരായ ബി.കെ.രാജഗോപാൽ, ഇ.എൻ.ശാന്തിരാജ്, ബിനു ബേബി, പത്തനംതിട്ട ജില്ലാ പ്രസിഡന്റ് ആർ.അജിത്ത് എന്നിവർ പ്രസംഗിച്ചു.

ഹയർ എജ്യുക്കേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ബിൽ, അരാവലി കുന്നുകൾ ഇടിച്ചുനിരത്തുവാനുള്ള നീക്കം, സ്ത്രീകൾക്കും പെൺകുട്ടികൾക്കുംനേരെ വർധിച്ചുവരുന്ന അതിക്രമങ്ങൾ എന്നീ വിഷയങ്ങളിലുള്ള പ്രമേയങ്ങൾ യഥാക്രമം പി.പ്രവിത, വി.മേഘനാഥ്, അമൽ പീറ്റർ എന്നിവർ അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ആർ.അപർണ കർമ്മ പദ്ധതി അവതരിപ്പിച്ചു. തുടർന്ന് മുൻകാല പ്രവർത്തകരുടെ സംഗമവും സാംസ്കാരിക പരിപാടികളും നടന്നു. ■

Volume: 52 No:10 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Web : kerala.sucicommunist.org Phone: 0471-3557684. Editor: Jaison Joseph.